**2008 ജനുവരി - ഫെബ്രുവരി**
ഫത്ഹ് - തബ്‌ലീഗ് 1386
1428-29 ദുൽഹജ്ജ്/1429 മുഹറം-സഫർ
പുസ്തകം 80 ലക്കം 1
വരിസംഖ്യ - 150 ക.
ഒറ്റപ്രതി - 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

**വാഗ്ദത്ത മസീഹിന്റെ ലിഖിതത്തിൽ നിന്ന്**

**6** ദൈവത്തെ അറിയുക
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ഖുത്വ്ബ**

**7** അല്ലാഹുവിന്റെ സ്നേഹത്തിൽ സായൂജ്യമടയുക
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**ലേഖനം**

**9** ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ
ഡോ. ഇഫ്തികാർ അഹ്മദ് അയാസ്

**13** വികസിക്കുകയും ചുരുങ്ങുകയും ചെയ്യുന്ന പ്രപഞ്ചം
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**16** അറബി : ഭാഷകളുടെ മാതാവ്
എ.എം. മുഹമ്മദ് സലിം

**19** ഇസ്‌ലാമും ശാസ്ത്രവും : സംഘട്ടനമോ സമന്വയമോ?
പ്രൊഫ. അബ്ദുസ്സലാം

**23** സാമ്പത്തിക മൂല്യങ്ങൾ
മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്

**26** നിയമത്തിന്റെ കുരുക്കുകൾ
ഡോ. ജോനതൻ എൻസർ

**28** ഒരു പ്രാർത്ഥന പുലരുന്നു
ഏ.ക്യു. മഹ്ദി

**30** ആർക്കാണ് ദൈവത്തിന്റെ പ്രവൃത്തിയെ തടയാൻ കഴിയുക
അബൂ അയ്മൻ, കുവൈത്ത്

**36** ഖിലാഫത്ത് ഒരു മഹാനുഗ്രഹം
ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ്, എച്ച്. എ.

**40** തൗഹീദിന്റെ സ്ഥാപനം - കാലത്തിന്റെ ആവശ്യകത
അൻവർ പാലക്കാട്

**42** 'പ്രബോധനം' സൃഷ്ടിക്കുന്ന കൺഫ്യൂഷൻ
അബ്ദുറഹ്മാൻ, കൊടിയത്തൂർ

**കുറിപ്പുകൾ**

**46** കമ്യൂണിസത്തിന്റെ പ്രതിസന്ധികൾ

**49** അനുസ്മരണം, വാർത്തകൾ

**ചീഫ് എഡിറ്റർ** : മുഹമ്മദ് അയ്യൂബ്
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം
**മാനേജർ** : അഹ്മദ് ഹസ്സൻ

**അസി. മാനേജർ**
കെ.എം. അഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

*വിലാസം*
**സത്യദൂതൻ, ജി.എച്ച്.റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

**നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ച യായും അവരേയും ഭൂമിയിൽ ഖലീഫ മാരാക്കുകയും അവർക്കായി അവർ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബല പ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാ നവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന്..... അല്ലാഹു വാഗ്ദാനം ചെയ്യുന്നു.**


*(വി. ഖു. 24:56)*

## നബിവചനം

'അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും; പിന്നെ അവൻ അതിനെ ഉയർത്തും അനന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം നുബൂവ്വ ത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നില നിൽക്കും പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇച്ഛിക്കുന്നതുവരെ സേഛാധിപത്യം നിലനിൽക്കും. പിന്നെ അവൻ അതിനെ എടുത്തുകളയുകയും അന ന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം ബലാൽക്കാരപൂർവ്വമായ ഭരണം നില നിൽക്കും. പിന്നെ അവൻ അതിനെയും എടു ത്തുകളയും പിന്നീടു നുബുവ്വത്തിന്റെ മാർഗ്ഗ ത്തിലുള്ള ഖിലാഫത്തുണ്ടായിവരും'

***(മിശ്ക്കാത്ത്)***

**യുഗശബ്ദം**



# നുബുവ്വത്തിനുശേഷം ദ്വിതീയ പ്രഭാവമായി ഖിലാഫത്ത്

**വാഗ്ദത്ത മസീഹ് (അ)**

'ആകയാൽ അല്ലയോ പ്രിയന്മാരേ, പണ്ടുപണ്ടേ ദൈവത്തിന്റെ സുന്നത്ത് ഇതാണ്: അവൻ രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കു ന്നു. ഞാനിപ്പോൾ നിങ്ങൾക്ക് വിവരിച്ചു പറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവേണ്ടതില്ല. നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ട. എന്തെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾക്ക് കാണേണ്ടത് ആവ ശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. എന്തുകൊണ്ടെന്നാൽ അത് ശാശ്വതമാവുന്നു. അതിന്റെ പരമ്പര ഖിയാ മത്ത് നാൾവരെ മുറിഞ്ഞുപോകുന്നതല്ല.

***(അൽ വസിയ്യത്ത്).***

**മുഖക്കുറിപ്പ്**

# ഖിലാഫത്ത്: ജീവനുള്ള സാമൂഹിക വ്യവസ്ഥ

ക്രമമില്ലായ്മയിലെ ക്രമാനുഗതമായ പ്രവർത്തനത്തിന്നാണ് ജീവൻ എന്നു പറയുന്നത്. പ്രകൃതിയിലെ അജീവ ഘടനകൾ ക്രമരഹിതവും അവ്യവസ്ഥിതവുമാണ്. എന്നാൽ ജൈവവസ്തുക്കളുടെ ഘടനയിൽ ക്രമവും വ്യവസ്ഥയും നാം കാണുന്നു. ജീവനുള്ള അസ്തിത്വങ്ങൾക്കാണ് വികാസവും, വളർച്ചയും ലക്ഷ്യബോധത്തോടെയുള്ള പരിണാമവുമുണ്ടാവുന്നത്. ജീവൻ എന്ന പ്രതിഭാസം പ്രാവർത്തികമാവണമെങ്കിൽ ഘടനയും വ്യവസ്ഥയും വേണമെന്നർത്ഥം.

സമൂഹം എന്നത് ജീവനുള്ള അസ്തിത്വമാണ്. ഓരോ സമൂഹത്തിനും സമയവും നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. അതിന് കർമ്മങ്ങളും കർമ്മഫലവും വിധിക്കപ്പെട്ടിട്ടുമുണ്ട്. ഖുർആൻ പറയുന്നു. *'ഓരോ സമുദായത്തിനും നിശ്ചിത അവധിയുണ്ട്. അവരുടെ അവധി എത്തിക്കഴിഞ്ഞാൽ അൽപസമയംപോലും അവർക്ക് പിന്നോക്കം മാറിനിൽക്കുവാനോ മുന്നോട്ടുപോകുവാനോ സാധിക്കുന്നതല്ല' (10:50) 'അവർ കഴിഞ്ഞുപോയൊരു സമുദായമാണ്. അവർ സമ്പാദിച്ചത് അവർക്കുണ്ട്. നിങ്ങൾ സമ്പാദിച്ചത് നിങ്ങൾക്കുമുണ്ട്. അവർ പ്രവർത്തിച്ചത് നിങ്ങളോടു ചോദിക്കില്ല' (2:185).*

സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന സമൂഹത്തിന് തങ്ങളുടെ ഘടനയും വ്യവസ്ഥയും ലക്ഷ്യവും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. സ്രഷ്ടാവായ അല്ലാഹു സമൂഹങ്ങൾക്ക് നിർദ്ദേശിച്ച ഘടനയാണ് ഖിലാഫത്ത്. രക്തം ചിന്തി, കുഴപ്പവും ക്രമരാഹിത്യവും നിലനിന്ന മനുഷ്യന്റെ പ്രാക്തന സമൂഹത്തിൽ ആദം നബി(അ)യെ 'ഖലീഫ'യാക്കി നിശ്ചയിച്ചുകൊണ്ട് ഒരു ഖിലാഫത്ത് വ്യവസ്ഥ അല്ലാഹു രൂപം നൽകിയതായി ഖുർആൻ സൂചിപ്പിക്കുന്നു. ദൈവം മനുഷ്യന് സമ്മാനിച്ച ആത്മീയ-സാമൂഹ്യവ്യവസ്ഥയും ഉത്ഥാനപതനങ്ങൾക്ക് വിധേയമാണെന്ന് കാണാം. ഈ വ്യവസ്ഥയുടെ പ്രോദ്ഘാടകരും പോഷകരും അല്ലാഹു അയക്കുന്ന പ്രവാചകന്മാരാണ്.

മനുഷ്യകുലത്തിന് ശാശ്വതമായൊരു മാതൃകാസമൂഹം നിലവിൽ വന്നത് റസൂൽ തിരുമേനി(സ)യുടെ നുബുവ്വത്തിന്റെ പ്രഭാവത്തിലാണ്. ഖിലാഫത്ത് വ്യവസ്ഥ സോപാധികമായ ഒന്നാണെന്നും അത് സംജാതമാക്കുന്ന ഫലങ്ങളെക്കുറിച്ചും വിശുദ്ധ ഖുർആൻ വിവരിക്കുന്നു.

*"നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിന്ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു." (24:56).*

റസൂൽ തിരുമേനി(സ)യുടെ ദിവ്യവിയോഗത്തിന് ശേഷം അവിടുത്തെ തുടർച്ചയെന്നോണം ഖിലാഫത്ത് നിലവിൽ വരികയുണ്ടായി. ഭാവിയിൽ ആ ഖിലാഫത്തിന്നുണ്ടാകുന്ന ഗതിവിഗതികളെപറ്റി ഒരു കൊച്ചു ഹദീസിൽ റസൂൽ തിരുമേനി(സ) ഇങ്ങിനെ സംക്ഷേപിച്ചിരിക്കുന്നു.

*'അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും; പിന്നെ അവൻ അതിനെ ഉയർത്തും അനന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനിൽക്കും പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇച്ഛിക്കുന്നതുവരെ സേഛാധിപത്യം നിലനിൽക്കും. പിന്നെ അവൻ അതിനെ എടുത്തുകളയുകയും അനന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം ബലാൽക്കാരപൂർവ്വമായ ഭരണം നിലനിൽക്കും. പിന്നെ അവൻ അതിനെയും എടുത്തുകളയും പിന്നീടു നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തുണ്ടായിവരും' (മിശ്ക്കാത്ത്)*

ഖുലഫാഉറാശിദഃക്ക് ശേഷം ഖിലാഫത്ത് അമവിയ്യാ, അബ്ബാസിയ്യാ ഉസ്മാനിയ്യാ ഖിലാഫത്തിലൂടെ ഇരുപതാം നൂറ്റാണ്ട് വരെ കടന്നു വന്നു. ഹദീസിൽ പറഞ്ഞ പ്രകാരം സേഛാധിപത്യത്തിന്റേയും, ബലാൽക്കാരത്തിന്റേയും വർണ്ണഭേദങ്ങൾ ഖിലാഫത്തിന് സംഭവിച്ചുവെങ്കിലും ഇരുണ്ട നൂറ്റാണ്ടുകളെ പ്രഭാപൂരിതമാക്കിയ ഇസ്ലാമിക ഖിലാഫത്ത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഹദീസിൽ പറഞ്ഞ പ്രകാരം പടുതിരികത്തി അസ്മതിച്ചു. നൂറ്റാണ്ടുകളിലൂടെ പ്രത്യക്ഷരം പുലർന്ന ഈ ഹദീസിൽ ഖിലാഫത്ത് എടുത്തുകളയപ്പെട്ടശേഷം പുലരേണ്ട നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തെവിടെ? റസൂൽ തിരുമേനി(സ) വാഗ്ദാനം ചെയ്യുകയും നുബുവ്വത്ത് കൊണ്ടനുഗ്രഹീതനുമായ മഹ്ദീമസീഹ് (അ) സ്ഥാപിച്ച ഖിലാഫത്തിലൂടെ ഇത് പുലർന്നിരിക്കുന്നു. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലാണ് ആ പ്രവചനം സാക്ഷാത്കൃതമായത്. മുസ്ലിം സമൂഹത്തിന് ക്രമവും വ്യവസ്ഥയും സമ്മാനിച്ച അഹ്മദിയ്യാ ഖിലാഫത്ത് അതിനെ ജീവനുള്ള സമൂഹമാക്കി മാറ്റി, വാഗ്ദാനം ചെയ്യപ്പെട്ട ഇസ്ലാമിന്റെ ആഗോളവിജയത്തിലേക്ക് കുതിക്കുകയാണ്. ■

# ദൈവത്തെ അറിയുക

ഹദ്റത്ത് അഹ്മദ് (അ)

യഥാർത്ഥത്തിലുള്ള ഏക ദൈവവിശ്വാസം, ആന്തരീകവും ബാഹ്യവുമായ ആരാധ്യവസ്തുക്കളെ പാടെ തുടച്ചുനീക്കിയതിനു ശേഷം, ഹൃദയത്തിൽ ഉൽഭൂതമാവുകയും, മനുഷ്യന്റെ ഓരോ കണികയിലും പ്രവഹിക്കുന്നതുമായ പ്രകാശമാകുന്നു. അല്ലാഹുവും, അവന്റെ റസൂലും മുഖേനയല്ലാതെ അത് സ്വന്തം ശക്തികൊണ്ട് നേടിയെടുക്കുക സാധ്യമല്ല. തന്റെ ഉള്ളിൽ കുടികൊള്ളുന്ന അഹം എന്ന ബോധത്തിൻമേൽ ഒരു മരണം വരിക്കുകയും താൻ വിജ്ഞാനത്തിൽ പുരോഗതി പ്രാപിച്ചവനാണെന്ന പൈശാചികമായ പൊങ്ങച്ചത്തെ നിഷ്കാസനം ചെയ്യുകയും ചെയ്തുകൊണ്ട് ഒരു അജ്ഞനെപ്പോലെ സ്വയം സങ്കൽപ്പിച്ച് പ്രാർത്ഥനയിൽ നിരതനാവുക എന്നതു മാത്രമാണ് മനുഷ്യന്റെ കർത്തവ്യം. അപ്പോൾ അല്ലാഹുവിൽ നിന്ന് തൗഹീദിന്റെ പ്രകാശം അവനിൽ ഇറങ്ങുകയും അങ്ങനെ ഒരുനവജീവിതം അവൻ കൈവരികയും ചെയ്യുന്നു. ("ഹഖീഖത്തുൽ വഹ്യ്‌ - 144)

ലോകാരംഭം മുതൽക്കെ അല്ലാഹുവിനെ തിരിച്ചറിയുക എന്നത് പ്രവാചകനെ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട് കിടക്കുന്ന കാര്യമാണ്. അതുകൊണ്ട് പ്രവാചകനെ കൂടാതെ തൗഹീദ് കരസ്ഥമാക്കുക എന്നത് അസാധ്യമാകുന്നു. പ്രവാചകൻ അല്ലാഹുവിനെ കാണുന്നതിനുള്ള ഒരു ദർപ്പണമാണ്. ഈ ദർപ്പണം മുഖേന അല്ലാഹുവിന്റെ വദനത്തെ ദർശിക്കാവുന്നതാണ്. അല്ലാഹു ലോകത്ത് സ്വയം വെളിപ്പെടാൻ ആഗ്രഹിക്കുമ്പോൾ അവന്റെ ദിവ്യശക്തികളുടെ സാക്ഷാൽകാരമാകുന്ന പ്രവാചകനെ ലോകത്തേക്ക് അയക്കുകയും അവന്റെ വെളിപാടുകൾ അവനിൽ ഇറക്കുകയും, പരിപാലനത്തിന്റെ ശക്തിപ്രഭാവങ്ങൾ ആ പ്രവാചനകനിലൂടെ പ്രകടമാക്കുകയും അങ്ങനെ ഒരു ദൈവം ഉണ്ടെന്ന് ലോകത്തിന് തിരിച്ചറിയാൻ കഴിയുകയും ചെയ്യുന്നു. ദൈവത്തെ തിരിച്ചറിയുന്നതിനു വേണ്ടി അവന്റെ സനാതന നിയമമനുസരിച്ച് ഏതൊരു ജനത്തെയാണോ അനിവാര്യമായ മാർഗ്ഗമായി നിശ്ചയിച്ചിട്ടുള്ളത്, അവരെ വിശ്വസിക്കേണ്ടത് തൗഹീദിന്റെ ഒരു ഭാഗമാകുന്നു. ഈ വിശ്വാസം കൂടാതെ ഏക ദൈവ വിശ്വാസം പരിപൂർണ്ണമാകുകയില്ല. കാരണം പ്രവാചകൻ വെളിപ്പെടുത്തുന്നതും, ദിവ്യജ്ഞാനം വരെ എത്തിക്കുന്നതുമായ അത്ഭുതദൃഷ്ടാന്തങ്ങളുടെയും, ദൈവിക അടയാളങ്ങളുടെയും അഭാവത്തിൽ, സമ്പൂർണ്ണമായ ദൃഢജ്ഞാനത്തിന്റെ ഉറവയിൽ നിന്ന് ഉത്ഭൂതമാകുന്ന സംശുദ്ധമായ ഏക ദൈവ വിശ്വാസം കരഗതമാവുകയില്ല. ദൈവദത്തമായ ഈ സമൂഹം മുഖേന അതിഗോപ്യവും, അതിസൂക്ഷ്മവും, അദൃശ്യനുമായ ദൈവത്തിന്റെ അസ്തിത്വം പ്രകടമാകുന്നു. ദൈവമെന്ന് പറയുന്ന ഗോപ്യമായ ആ സമ്പത്ത് എന്നെന്നും തിരിച്ചറിയപ്പെട്ടിരുന്നത് പ്രവാചകൻ മുഖേനയാണ്. അല്ലാതെ അല്ലാഹുവിന്റെ സന്നിദ്ധിയിൽ ആദരിക്കപ്പെടുന്ന യഥാർത്ഥ തൗഹീദ് പ്രവാചകൻ മുഖേനയല്ലാതെ കരസ്ഥമാവുക എന്നത് ബുദ്ധിക്ക് നിരക്കാത്തതുപോലെ ദൈവത്തെ അന്വേഷിക്കുന്നവരുടെ അനുഭവജ്ഞാനത്തിനും എതിരാകുന്നു.

ഹഖീഖത്തുൽ വഹ്യ്‌ 112-113)

അവർ (ക്രിസ്ത്യാനികൾ) ഏതൊരു കാര്യത്തിലേക്കാണോ വിളിക്കുന്നത് അത് അത്യധികം നികൃഷ്ടമായ ചിന്താഗതിയും, ലജ്ജാകരമായ വിശ്വാസവുമാകുന്നു. മനുഷ്യന്റെ സകല ഗുണങ്ങളും ഉൾക്കൊള്ളുന്ന ബലഹീനനായ ഒരു സൃഷ്ടിയെ ദൈവമെന്ന് വിളിക്കൽ ബുദ്ധിക്ക് സ്വീകാര്യമായ കാര്യമാണോ? സൃഷ്ടികൾ സ്രഷ്ടാവിനെ ചമ്മട്ടിക്കൊണ്ട് പ്രഹരിക്കുക എന്നതും, ദൈവത്തിന്റെ ദാസന്മാർ തങ്ങളുടെ ശക്തിമാനായ ദൈവത്തിന്റെ മുഖത്ത് തുപ്പുക എന്ന തും ആ ദൈവത്തെ പിടിച്ചുകൊണ്ട് ക്രൂശിക്കുക എന്നതും അങ്ങനെ ദൈവം അവരുടെ മുന്നിൽ നിസ്സഹായനായി തീരുക എന്നതും ബുദ്ധിയ്ക്ക് അംഗീകരിക്കാൻ കഴിയുന്ന കാര്യങ്ങളാണോ? ദൈവമെന്ന് വിളിക്കപ്പെടുന്ന ഒരു വ്യക്തി രാത്രി മുഴുവനും പ്രാർത്ഥിക്കുകയും, പിന്നെ ആ പ്രാർത്ഥനകൾ ഒന്നും സ്വീകരിക്കപ്പെടുന്നി

*(ശേഷം 15-ൽ)*

ഖുത്വ്ബ

# അല്ലാഹുവിന്റെ സ്നേഹത്തിൽ സായൂജ്യമടയുക

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

***17-8-2007ൽ ബയ്ത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവ്വഹിച്ചത്***

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "തങ്ങളുടെ കർമ്മങ്ങൾ സ്വന്തം ഈമാന് സാക്ഷ്യം വഹിക്കുന്നവരാണ് മുഅ്മിനീംകൾ. അവരുടെ ഹൃദയങ്ങളിൽ ഈമാൻ എഴുതപ്പെടുന്നു. അവർ എല്ലാ വസ്തുക്കളേക്കാളും അല്ലാഹുവിനേയും അവന്റെ തൃപ്തിയേയും മുന്തിക്കുന്നു. തഖ്‌വയുടെ നേർത്തതും ഇടുങ്ങിയതുമായ വഴികളെ അവനുവേണ്ടി സ്വീകരിക്കുകയും അവന്റെ സ്നേഹത്തിൽ ലയിക്കുകയും ചെയ്യുന്നു. വിഗ്രഹങ്ങളെ പോലെ അല്ലാഹുവിൽനിന്ന് തടയുന്ന ഓരോ വസ്തുവിനേയും, അത് സ്വഭാവപരമാവട്ടെ ധിക്കാരപരമായ കർമങ്ങളാവട്ടെ, അല്ലെങ്കിൽ അശ്രദ്ധയോ മടിയോ ആവട്ടെ അവരിൽ നിന്ന് എല്ലാത്തിനേയും സ്വയം അകറ്റിക്കളയുന്നു."

വിശുദ്ധ ഖുർആന്റെ അധ്യാപനത്തിന്റെ വെളിച്ചത്തിൽ മുമ്പേയും ഞാൻ പറഞ്ഞിട്ടുള്ളതാണ്, അല്ലാഹുവിന്റെ തൃപ്തിയിൽ നിന്ന് അകറ്റിക്കളയുന്ന ഏതു കർമ്മവും, ഈമാനിൽ നിന്നും അകറ്റിക്കൊണ്ടുപോകുന്നതായിരിക്കും. വിശുദ്ധ ഖുർആനിൽ സത്യവിശ്വാസികൾക്കായി അല്ലാഹു പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളും കല്പനകളും ഹദ്റത്ത് മസീഹ് മൗഊദ് (അ) സുവ്യക്തമായനിലയിൽ നമ്മുടെ മുമ്പിൽ സമർപ്പിക്കുകയുണ്ടായി.

ആ മഹാത്മാവ് ഈമാനിന്റെ ഉന്നതമായ നില തന്റെ ജമാഅത്തിലെ അംഗങ്ങളിൽ കാണുന്നതിനായി ആവർത്തിച്ചാവർത്തിച്ചു ഉപദേശം നൽകി. നമ്മളിൽ ഓരോരുത്തരും പരിശുദ്ധപരിവർത്തനം ഉണ്ടാക്കിക്കൊണ്ട് മുഅ്മിനോടുള്ള അല്ലാഹുവിന്റെ പെരുമാറ്റത്തിൽ ഭാഗഭാക്കാകാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ ആ പെരുമാറ്റത്തിന് വിധേയരാവാൻ തഖ്‌വയുടെ മാർഗ്ഗങ്ങൾ നാം അന്വേഷിക്കേണ്ടിവരും.

തഖ്‌വയുടെ നേർത്തതും ഇടുങ്ങിയതുമായ വഴികളെ അല്ലാഹുവിനുവേണ്ടി സ്വീകരിക്കുകയും അവന്റെ സ്നേഹത്തിൽ ലയിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികൾ എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. തഖ്‌വയുടെ നേർത്തവഴികൾ എന്താണെന്ന് വിശദീകരിച്ചുകൊണ്ട്, അദ്ദേഹം പറയുന്നു:

"മനുഷ്യന്റെ സകല ആത്മീയ സൗന്ദര്യവും തഖ്‌വയുടെ നേർത്ത വഴികളിൽ പദമൂന്നുന്നതിലാണ് നിലകൊള്ളുന്നത്. തഖ്‌വയുടെ നേർത്ത വഴികൾ, ആത്മീയസൗന്ദര്യത്തിന്റെ അതിസൂക്ഷ്മമായ ചിഹ്നങ്ങളും മനോഹരമായ രേഖകളുമാണ്. അല്ലാഹുവിന്റെ അമാനത്തുകളേയും അവനോടു ചെയ്തിട്ടുള്ള വിശ്വാസപരമായ ഉടമ്പടികളേയും കഴിവിന്റെ പരമാവധി പരിഗണിക്കണമെന്നുള്ളത് വ്യക്തമാണ്. ബാഹ്യമായ കണ്ണുകളും ചെവികളും കൈകളും കാലുകളും മറ്റു അവയവങ്ങളും ആന്തരികമായ ഹൃദയവും മറ്റു ശക്തികളും സ്വഭാവങ്ങളും തുടങ്ങി തലമുതൽ കാലുവരെ എത്രയെത്ര കഴിവുകളും അവയവങ്ങളുമുണ്ടോ, അവയെ കഴിവിന്റെ പരമാവധി സന്ദർഭോചിതം ഉപയോഗിക്കുകയും നിയമവിരുദ്ധമായ സ്ഥലങ്ങളിൽ നിന്ന് അവയെ തടയുകയും അവയുടെ രഹസ്യമായ പ്രവൃത്തികളിൽ നിന്ന് ജാഗ്രത പാലിക്കുകയും ചെയ്യേണ്ടതാണ്. സമസൃഷ്ടികളോടുള്ള കടമകൾ ശ്രദ്ധിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണം. മനുഷ്യന്റെ സകല ആത്മീയസൗന്ദര്യങ്ങളും ബന്ധപ്പെട്ടുകിടക്കുന്ന വഴികളാണിത്. അല്ലാഹു തഖ്‌വയെ വിശുദ്ധ ഖുർആനിൽ വസ്ത്രം എന്ന് നാമകരണം ചെയ്തിരിക്കുന്നു.

തഖ്‌വയുടെ നേർത്ത വഴികൾ ആത്മീയസൗന്ദര്യത്തിന്റെ അതിസൂക്ഷ്മമായ ചിഹ്നങ്ങളും മനോഹരമായ രേഖകളുമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഇത് വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു. വണക്കം എന്ന അവസ്ഥ ഈമാന് വിത്തുപോലെയാണ്. അതായത്, അല്ലാഹുവിനോ

ടുള്ള ഭയം. ഓരോ കർമ്മത്തിന്റേയും മുമ്പേ അവന്റെ സാന്നിധ്യത്തെക്കുറിച്ച് ബോധം വരണം. ആദ്യം ഈ വിത്താണ് നിങ്ങളുടെ മനസ്സിൽ സൃഷ്ടിക്കപ്പെടേണ്ടത്. ഏതെങ്കിലും പ്രവൃത്തി ചെയ്യുമ്പോൾ അല്ലാഹു തആല എല്ലായിടത്തുമുണ്ടെന്നുള്ള ദൃഢമായ വിശ്വാസം എപ്പോഴും മനസ്സിലുണ്ടായയിരിക്കണം. അങ്ങേയറ്റം വിനയത്തോടെ പേടിച്ചുപേടിച്ച് ജീവിക്കുക. ഈ അവസ്ഥയെ വിത്തിനോടു മാത്രമേ ഉപമിക്കാൻ പറ്റുകയുള്ളൂ. ഈ ഭയം ജന്മം കൊള്ളുകയും നിരർത്ഥകമായ എല്ലാ കാര്യങ്ങളേയും മനുഷ്യൻ ഉപേക്ഷിക്കുകയും ചെയ്തുകഴിഞ്ഞാൽ മനുഷ്യമനസ്സിന്റെ മണ്ണിൽ ഈമാന്റെ പതമുള്ള ചെടി കിളിർക്കുന്നു. ആ വിത്ത് മുളയ്ക്കുന്നു. ആ വയലിൽ പച്ചപ്പ് കാണാൻ തുടങ്ങുന്നു. ഈ പതമുള്ള ചെടി, വളരെ ബലഹീനമായിരിക്കും. ഒരു കുട്ടിയുടെ കാലിന്നടിയിൽപെട്ടാൽ പോലും അത് ഞെരിഞ്ഞുപോകും."

അതുകൊണ്ട് തന്റെ ഉള്ളിൽ ഒരുപാട് ഭക്തിയുണ്ടായിട്ടുണ്ടെന്ന് കരുതി സമാധാനിക്കരുത്. നിരർത്ഥകമായ കാര്യങ്ങൾ ഉപേക്ഷിച്ചുവെന്നും അല്ലെങ്കിൽ അത് ഉപേക്ഷിക്കുന്നതിൽ കുറേ മെച്ചപ്പെട്ടിട്ടുണ്ടെന്നും കരുതുകയും അരുത്. മറിച്ച്, ആ പതമുള്ള ചെടിയെ സംരക്ഷിച്ചു വളർത്തുന്നതിന് ഒരുപാട് ഘട്ടങ്ങൾ ഇനിയും തരണം ചെയ്യേണ്ടതുണ്ട്. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശദീകരിച്ചുകൊണ്ട് പറയുന്നു: "ഈമാന്റെ കരുത്തിനായി നിങ്ങളുടെ പ്രിയപ്പെട്ട ധനത്തിൽ നിന്ന് ത്യാഗം ചെയ്യേണ്ട ആവശ്യവുമുണ്ട്. ധനപരമായ ത്യാ ഗമുണ്ടാകുമ്പോൾ ഈമാന്റെ വൃക്ഷത്തിൽ ചെറിയ കൊമ്പുകൾ മുള പൊട്ടാൻ തുടങ്ങുന്നു. അതിന് ശാഖകൾ കിളിർക്കുന്നു. അത് അതിൽ അല്പം ബലമുണ്ടാക്കുകയും ചെയ്യുന്നു. പിന്നീട് ആ കൊമ്പുകളെ കൂടുതൽ ശക്തിയുള്ളതാക്കാനായി ഇന്ദ്രിയാശകളോട് പോരാടേണ്ട ആവശ്യവുമുണ്ട്. ഓരോ ചുവടിലും ശയ്ത്വാൻ അവന്റെ ഒളിത്താവളമുണ്ടാക്കിവെച്ചിരിക്കുകയാണ്. അവൻ ആത്മാക്കളെ വഞ്ചിച്ച് വിവിധരീതിയിൽ തിന്മയിലേക്ക് ചായ്ക്കുന്നു. ഓരോയിടത്തും നന്മയിൽ നിന്ന് അവരെ തടയാൻ ശ്രമിക്കുന്നു. അതിൽ നിന്ന് രക്ഷപ്പെടുക എന്നത് ഒരു മുഅ്മിന്റെ പ്രവൃത്തിയാണ്. തിന്മയെ വർജ്ജിക്കുക. നന്മയെ സ്വീകരിക്കുക. ശയ്ത്വാന്റെ വലയിൽ കുടുങ്ങാതിരിക്കുക. ഈ അവസ്ഥ ഉണ്ടായിത്തീർന്നാൽ ആ കൊമ്പുകൾക്കും നല്ല ഉറപ്പും ബലവുമുണ്ടാകാൻ തുടങ്ങുന്നു. പിന്നീട് ബലമുള്ള ആ കൊമ്പുകൾക്ക് ചെടിയുടെ തായ്ത്തടിയിൽ ഉറപ്പോടുകൂടി നിലകൊള്ളേണ്ടതുണ്ട്. ബലമുള്ള തായ്ത്തടിയിൽ അതിനെ പിടിച്ചുനിറുത്തുന്നതിന്നായി, അല്ലാഹുവിനോട് അവനുവേണ്ടി ചെയ്ത ആ എല്ലാ ഉടമ്പടികളും കാത്തുസൂക്ഷിക്കേണ്ടതാണ്. എല്ലാ അമാനത്തുകളും കാത്തുസൂക്ഷിക്കണം. അല്ലാഹുവിന്റെ എല്ലാ കല്പനകളും നിങ്ങളുടെ പക്കൽ അമാനത്ത് അഥവാ സൂക്ഷിപ്പുമുതലാണ്. അവയെ കാത്തുസൂക്ഷിക്കേണ്ടതും കാലത്തിനും സ്ഥലത്തിനുമൊത്ത് ഉപയോഗിക്കേണ്ടതും നിർബന്ധമാണ്. ഈ അമാനത്തുകളാണ് ഈമാന്റെ ശാഖകൾ. ഈ കാര്യങ്ങളെല്ലാം ചേർന്ന് പിന്നീട് ഈമാന്റെ വൃക്ഷത്തെ ഉറപ്പുള്ള തായ്ത്തടിയിൽ നിലനിറുത്തുന്നതാണ്. തായ്ത്തടി ആ ശാഖകൾക്ക് ഭക്ഷണമൊരുക്കിക്കൊടുക്കുന്നു." വിശ്വാസപരമായ ഉടമ്പടിയെ കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മോട് പറഞ്ഞു: "വിശ്വാസപരമായ ഉടമ്പടികൊണ്ടുള്ള ഉദ്ദേശ്യം ബയ്അത്ത് ചെയ്യുന്ന നേരത്തും വിശ്വസിക്കുന്ന സമയത്തും ഏറ്റു പറയുന്ന ആ എല്ലാ പ്രതിജ്ഞകളുമാണ്."

അതിനാൽ, ഏതേതെല്ലാം നിബന്ധനകളനുസരിച്ച് ജീവിക്കുമെന്ന് പറഞ്ഞുകൊണ്ട് നാം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ബയ്അത്ത് ചെയ്തുവോ അവയെല്ലാം എപ്പോഴും നമ്മുടെ മുമ്പിൽ ഉണ്ടായിരിക്കേണ്ടതാണ്. അതിന്റെ സംഗ്രഹം എന്നു പറയുന്നത് കഴിഞ്ഞ ഖുത്ബയിൽ ഞാൻ വിവരിച്ച അല്ലാഹുവിന്റെ തൗഹീദിന്റെ സംസ്ഥാപനവും നബി(സ) തിരുമേനിയെ പൂർണ്ണമായും അനുസരിക്കലും ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ എല്ലാ തീരുമാനങ്ങളിലും നീതിമാനായ വിധികർത്താവായി അംഗീകരിക്കലും കടമകൾ നിറവേറ്റലും അഹ്മദിയ്യാ ഖിലാഫത്തിനെ അനുസരിക്കലുമാണ്. അപ്പോഴായിരിക്കും ഈ ഈമാന്റെ വൃക്ഷം ഉറപ്പുള്ള തായ്ത്തടിയിൽ നിലകൊള്ളുന്നത്. അതിന്റെ വേരുകൾ ശക്തമായിരിക്കും. ഈയവസ്ഥയുണ്ടാകുമ്പോൾ ഒരു മുഅ്മിന്റെ ഓരോ പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടിയായിരിക്കും. അല്ലാഹു അവനെ എപ്പോഴും ശയ്ത്വാനിൽ നിന്ന് രക്ഷിക്കാനും അന്ധകാരത്തിൽ നിന്ന് അവനെ പ്രകാശത്തിലേക്ക് കൊണ്ടുവരാനും വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുന്നതാണ്. കാരണം ഈ ലോകത്തെ ഒരു സുഹൃത്ത് തന്റെ സുഹൃത്തിന്റെ ഗുണത്തിനുവേണ്ടി എല്ലാ സാഹചര്യങ്ങളുമൊരുക്കിക്കൊടുക്കുന്നത് നാം കാണുന്നു. അങ്ങനെ വരുമ്പോൾ എല്ലാ സുഹൃത്തുക്കളേക്കാളും കൂടുതൽ ആത്മാർത്ഥതയുള്ള അല്ലാഹു, ഈമാനിൽ ഉറപ്പിച്ചുനിറുത്തണമെന്നും ശയ്ത്വാനിൽ നിന്നും അവന്റെ ആക്രമണത്തിൽ നിന്നും രക്ഷിച്ചുനിറുത്തണമെന്നും ആഗ്രഹിക്കുന്ന തന്റെ വിശ്വാസിയായ സുഹൃത്തിനെ അന്ധകാരത്തിൽ ഉപേക്ഷിച്ചുകളയുന്നതെങ്ങനെ? അതൊരിക്കലും സംഭവിക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. ■

**വിവ: മൗലവി ഇസ്മായിൽ**

ലേഖനം

ഡോ. ഇഫ്തികാർ അഹ്മദ് അയാസ്

# ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ

**അല്ലാഹുവിന്റെ അനുഗ്രഹീതമായ സ്ഥാപനമാണ് ഖിലാഫത്ത്. അതുമായി ചേർന്നുനിൽക്കുക എന്നത് മുസ്‌ലിം സമൂഹത്തിന്റെയും വ്യക്തിയുടെയും പുരോഗതിക്ക് അനുപേക്ഷണീയമാണ്.**

*നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവർ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ് എന്നോട് മറ്റൊന്നിനേയും അവർ പങ്ക് ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ (വി. ഖുർആൻ 24:56)*

മനുഷ്യസമുദായത്തിന്റെ ചരിത്രാരംഭം മുതൽ ദൈവം ഖിലാഫത്ത് എന്ന സ്ഥാപനത്തിന്റെ അനുഗ്രഹം നൽകിവന്നിട്ടുണ്ട്. ഖിലാഫത്ത് വ്യവസ്ഥ വിശ്വാസിസമൂഹത്തിന്ന്, അവരുടെ ആത്മീയവുമായ അഭിവൃദ്ധിക്ക് സർവ്വശക്തനായ ദൈവം നൽകുന്ന സ്വർഗ്ഗീയമായ നേതൃത്വമാണ്. ഖിലാഫത്തിന്ന് ദൈവത്തിന്റെ ഏകത്വത്തിന് കീഴിൽ വംശ, വർണ്ണ, ഭാഷാ പരമായ വകതിരിവുകളില്ലാതെ മനുഷ്യസമൂഹത്തെ ഒന്നിപ്പിച്ചുനിർത്താനുള്ള ഒരു സംസക്തിബലമുണ്ട്. ഇത് വിശ്വാസികളുടെ വിശ്വാസത്തിന്റേയും കർമ്മത്തിന്റെ ഫലമായി ദൈവം നൽകുന്ന ഒരനുഗ്രഹമാണ്. ഈ സ്വർഗ്ഗീയമായ ജീവിതരേഖയാണ് വാസ്തവത്തിൽ ദൈവത്തിന്റെ പാശം. അല്ലാഹുവിന്റെ ഈ ആത്മീയ പാശമാണ് വിശ്വാസി സമൂഹത്തിന്റെ മാറ്റുരക്കുന്നത്. അവരുടെ സമാധാനത്തിനും, പരിശുദ്ധതക്കും ആത്മീയമായ ഐശ്വര്യങ്ങൾക്കും നിദാനമായിത്തീരുന്നതും ഈ പാശത്തെ മുറുകെ പിടിക്കുമ്പോഴാണ്. ഇസ്‌ലാമിന്റെ മഹത്വവും അഭിവൃദ്ധിയും ഖിലാഫത്തുമായിട്ടാണ് ബന്ധപ്പെട്ടുനിൽക്കുന്നത് എന്നതാണ് യാഥാർത്ഥ്യം.

സൂറ നൂറിൽ നിന്നും ഉദ്ധരിച്ച മേൽ ഖുർആൻ വചനം. തുടർച്ചയായ ഒരു ദൈവിക സ്ഥാപനത്തെപറ്റിയാണ് പരാമർശിക്കുന്നത്. ഖുർആൻ ഭാഷ്യകാരന്മാരുടെ ഏകകണ്ഠമായ അഭിപ്രായം ഈ വചനം ഇസ്‌ലാമിക ഖിലാഫത്തിനെ സംബന്ധിച്ചുള്ളതാണെന്നാണ്. അല്ലാഹു ഒരു ഖലീഫയെ നിശ്ചയിച്ചുകൊണ്ട് ഭയത്തിന്റെ അവസ്ഥയിൽ നിന്നും സമാധാനത്തിന്റെ അവസ്ഥയിലേക്ക് വിശ്വാസിസമൂഹത്തെ മാറ്റിതീർക്കുമെന്ന് ഈ വചനത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ വിശ്വാസികളിൽ നിന്നും അല്ലാഹു ഒരു കാര്യം പ്രതീക്ഷിക്കുന്നു. അതായത് ഭൂമിയിൽ ദൈവത്തിന്റെ ഏകത്വത്തെ പ്രബോധിക്കുകയും ദൈവത്തിന് പങ്കാളികളെ നിയമിക്കുന്ന ഏതൊരു വിശ്വാസത്തിന്നെതിരായും ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യണം. അതുകൊണ്ട് ഇതൊരു സോപാധിക വാഗ്ദാനമാണ്. മുസ്‌ലിംകൾ അല്ലാഹു നിർദ്ദേശിച്ച ഈ ഉപാധികൾ പൂർത്തികരിക്കുകയാണെങ്കിൽ ഖിലാഫത്ത് അവരിൽ നിലനിൽക്കുന്നതാണ്. ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം മുസ്‌ലിംകളുടെ ഐക്യത്തെ ഊട്ടിയുറപ്പിക്കുന്നു. മുസ്‌ലിം സമൂഹം ആകമാനം ഒരു ഇമാമിന്റെ നേതൃത്വത്തിൽ അണിനിരന്നാൽ മാത്രമേ ഈ ഐക്യം നിലനിർത്താൻ സാധിക്കുകയുള്ളൂ. അതായത് ഒരു ഉമ്മത്തിന് ഒരു ഇമാം എന്ന വ്യവസ്ഥയാണ് ഖിലാഫത്ത് നൽകുന്നത്. മേലുദ്ധരിച്ച ആയത്തിലെ ഉള്ളടങ്ങിയിരിക്കുന്ന സന്ദേശം


9

എപ്പോൾ മുസ്ലിംകളിൽ ഒരു ഇമാമിന്റെ കീഴിലുള്ള അവസ്ഥ ഇല്ലാതാവുന്നുവോ അപ്പോൾ ഖിലാഫത്തിന്റെ അനുഗ്രഹം അവരിൽ നിന്നും അല്ലാഹു എടുത്തുകളയും എന്നതാണ്. ഇതോടനുബന്ധിച്ച് റസൂൽ തിരുമേനി (സ) പറഞ്ഞു:

*അല്ലയോ മുസ്ലിംകളെ, അല്ലാ ഹു ഇച്ഛിക്കുന്നേടത്തോളംകാലം നിങ്ങളിൽ നുബുവ്വത്ത് നിലനില്ക്കും; പിന്നെ അവൻ അതിനെ ഉയർത്തും അനന്തരം അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനിൽക്കും. പിന്നെ അവൻ അതിനെ ഉയർത്തും. അല്ലാഹു ഇച്ഛിക്കുന്നത് വരെ സ്വേഛാധിപത്യം നിലനില്ക്കും. പിന്നെ അവൻ അതിനെ എടുത്തുകളയുകയും അനന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം ബലാൽക്കാരപൂർണ്ണമായ ഭരണം നിലനിൽക്കും'; പിന്നെ അവൻ അതിനേയും എടുത്തുകളയുകയും പിന്നീടു നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് ഉണ്ടാകുന്നതാണ്. (മുസ്നദ് അഹ്മദ് 15)*

ഈ വചനം മൊഴിഞ്ഞതിനുശേഷം പ്രവാചകൻ ഒന്നും ഉരിയാടിയില്ല. ഇതിൽ നിന്നും മനസ്സിലാവുന്നത് നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ വീണ്ടും സംജാതമാവുന്ന ഖിലാഫത്ത് അവസാനകാലം വരെ നിലനില്ക്കുമെന്നാണ്.

പ്രവാചകന്റെ തിരുവിയോഗത്തിൽ പ്രവാചകന്റെ അനുചരന്മാർക്കുണ്ടായ ദുഃഖവും സങ്കടവും അവർണ്ണനീയമാണ്. പക്ഷേ അല്ലാഹു അവരെ ഖിലാഫത്ത് എന്ന അനുഗ്രഹീത സ്ഥാനം മുഖേന അനുഗ്രഹിക്കുകയാണുണ്ടായത്. ഖിലാഫത്തിന്റെ ഈ സുവർണ്ണകാലഘട്ടത്തിലാണ് ഇസ്ലാം വിപുലമായ രീതിയിൽ ദൂരദേശങ്ങളിൽ പോലും വളർന്നു വികസിച്ചത്. റസൂൽ തിരുമേനി ഇത് കൂടി പറഞ്ഞു.

*എന്റെ സുന്നത്തിനെ പിന്തുടരുക എന്നത് ഏറ്റവും പ്രധാനമാണ്. പിന്നെ എന്റെ ഖലീഫമാരുടേത്, കാരണം അവർ അല്ലാഹുവിൽ നിന്നും മാർഗ്ഗദർശനം ലഭിച്ചവരാണ്.*

സച്ചരിതരായ (ഖുലഫാ ഉർറാശ്ശിദീൻ), നാല് ഖലീഫമാർക്കു കീഴിൽ ഏകദേശം 30 വർഷത്തിന്നുള്ളിൽ ഇസ്ലാം അറേബ്യയിൽ മാത്രമല്ല അഫ്ഗാനിസ്ഥാന്റെയും ചൈനയുടേയും അതിർത്തി വരെയും സൈപ്രസ് വടക്കൻ ആഫ്രിക്ക വരെയും ഇസ്ലാം അതിന്റെ വെന്നികൊടി പറപ്പിക്കുകയുണ്ടായി. അത് ഖിലാഫത്തിനുകീഴിലായിരുന്നു സംഭവിച്ചത്. സന്മാർഗ്ഗം സിദ്ധിച്ച നാല് ഖലീഫമാരായിരുന്നു അതിന് നേതൃത്വം നൽകിയത്. അതിനുശേഷം ദുരന്തങ്ങളുടെ വേലിയേറ്റങ്ങൾ ഖിലാഫത്ത് സംവിധാനത്തിൽ സംഭവിച്ചു. പിന്നീട് ദീർഘകാലത്തിനുശേഷം കരുണാമയനായ അല്ലാഹു അവന്റെ വാഗ്ദാനപ്രകാരം ഒരു പരിഷ്കർത്താവിനെ എഴുന്നേൽപ്പിച്ചിരിക്കയാണ്. ഈ വാഗ്ദാനത്തിലൂടെ അല്ലാഹു ഇസ്ലാമിനെ വീണ്ടും ഉയിർത്തെഴുന്നേൽപ്പിക്കുന്നതാണ്. ആ അവസാനകാലത്തെ ഇമാം, നായകൻ, മാർഗ്ഗദർശകൻ എന്നീ അപധാനങ്ങൾക്കൊണ്ടനുഗ്രഹീതനായ ഇമാം മഹ്ദി ആഗതനായിരിക്കുന്നു. വരവിന്റെ ഉദ്ദേശ്യം വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കാനും ന്യായപ്രമാണത്തെ പുനസ്ഥാപിക്കാനുമാണ്.

അതായത് ഇസ്ലാമിന്റെ പുനരുജ്ജീവനവും അതിന്റെ അദ്ധ്യാപനങ്ങളുടെയും നിയമത്തിന്റേയും ചട്ടങ്ങളുടേയും നടത്തിപ്പിലൂടെ മുസ്ലിംകളുടെ ആത്മീയവും ധാർമ്മികവുമായ പുരോഗതി ഉറപ്പുവരുത്തുകയാണ് ഇതിന്റെ ഉദ്ദേശം. താഴെ കാണുന്ന ഖുർആൻ വചനത്തിന്റെ വ്യാഖ്യാനത്തിൽ എല്ലാ ഖുർആൻ ഭാഷ്യകാരന്മാരും യോജിക്കുന്നു.

*'തന്റെ ദൂതനെ നേർമാർഗ്ഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയും മേൽ വിജയിപ്പിക്കുന്നതിന് വേണ്ടി" (61:10)*

ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ മറ്റു മതാദ്ധ്യാപനങ്ങളുടെ മേൽ ഇസ്ലാമിക ആശയങ്ങൾക്കുണ്ടാകുന്ന വിജയം ഇമാം മഹ്ദിയുടെ കാലത്താണ് സംഭവിക്കുക എന്ന് എല്ലാ ഭാഷ്യകാരന്മാരും അഭിപ്രായപ്പെടുന്നു.

ഹദ്റത്ത് മുഹമ്മദ് ഇസ്മായീൽ ശഹീദ് അദ്ദേഹത്തിന്റെ 'ഇസ്ലാമിന്റെ സ്ഥാനം' എന്ന പുസ്തകത്തിൽ എഴുതുന്നു.

*റസൂൽ തിരുമേനി(സ)യിൽ ആരംഭം കുറിച്ച ഇസ്ലാം മതവിശ്വാസത്തിന്റെ വിജയം ഇമാം മഹ്ദിയുടെ കാലത്താണ് പൂർത്തിയാക്കുക. (മൻസബെ ഇമാമത്ത് പേ. 76).*

ഹദ്റത്ത് അഹ്മദ് (അ) അല്ലാതെ ഇമാം മഹ്ദിയും മസീഹുമായി മറ്റാരും തന്നെ ഇല്ലെന്ന് ഇന്നു നാം സാക്ഷ്യം വഹിക്കുന്നു. അദ്ദേഹമാണ് മുഹമ്മദ് നബി(സ)യിൽ ഹൃദയാത്മനാ സമർപ്പിതനായ ഏറ്റവും വലിയ അനുയായി. മുഹമ്മദ് നബി(സ)യോടുള്ള അത്യഗാധമായ അനുരക്തിയിൽ അദ്ദേഹം ലയിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ നിശ്വാസവും അനക്കവും അടക്കവുമെല്ലാം മുഹമ്മദ് നബി(സ)യുടെ ദൗത്യത്തിന്റെ പുനരുജ്ജീവനത്തിനുവേണ്ടി അവിടുന്നുമായി ലയിച്ചുചേരുന്ന ഒരാത്മാവെന്നവണ്ണം യത്നിക്കുന്നു. ഇന്ത്യയിലെ വിദൂരസ്ഥമായ ഒരു കുഗ്രാമത്തിൽ നിന്നാണ് ആ ശബ്ദമുയർന്നത്. അദ്ദേഹത്തിന്റെ ശബ്ദം അല്ലാഹുവിനാൽ അനുഗ്രഹിക്കപ്പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ സച്ച

രിതരായവരുടെ ജമാഅത്ത് അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ അംഗങ്ങൾ ആയിരക്കണക്കായി പെരുകി.

വാഗ്ദത്ത മസീഹ് (അ) പറയുന്നു.

*'ദൈവത്തിന്റെ ഏകത്വത്തിലേക്ക് സത്യാത്മാക്കളെ ക്ഷണിക്കാനാണ് അല്ലാഹു എന്നെ എഴുന്നേൽപ്പിച്ചിരിക്കുന്നത്. യാതൊരാൾക്കും തന്നെ അനശ്വരജീവിതം മനുഷ്യന് നൽകാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് അല്ലാഹു ഖിലാഫത്ത് എന്ന ഈ സ്ഥാപനം മുഖേന നമ്മെ അനുഗ്രഹിച്ചിരിക്കുന്നത്. മനുഷ്യവംശം ഈ ദൈവാനുഗ്രഹത്തിൽ നിന്നും ഒരു നിമിഷം പോലും ഒഴിഞ്ഞുനിൽക്കുന്നില്ല.'*

നുബുവ്വത്ത് അഥവാ പ്രവാചകത്വം അത് ഖിലാഫത്തിൽ നിന്നും വിഭിന്നമാണ്. നുബുവ്വത്ത് പരിപൂർണമായ ആത്മീയ അന്ധകാരത്തിൽ നിന്നാണ് ഉദ്ഭൂതമാകുന്നത്. എന്നാൽ തുടക്കത്തിലുള്ള പരിപൂർണ്ണ അന്ധകാരം വിപാടനം ചെയ്തതിനുശേഷം പ്രവാചകൻ സത്യവിശ്വാസികളുടെ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു. ആ സമൂഹം അല്ലാഹുവിന്റെ മാർഗ്ഗദർശനത്താൽ ഒരു നേതാവിനെ തിരഞ്ഞെടുക്കണം. മറ്റെന്തിനെക്കാളും അല്ലാഹുവാണ് ഈ കാര്യത്തിൽ മാർഗ്ഗദർശനം നൽകുന്നതെന്ന് വളരെ വ്യക്തമാണ്. ഖുർആന്റെ ശക്തമായ വചനം ഇങ്ങിനെയാണ്.

*'നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുന്നതാണ്'* ഈ വചനത്തിൽ വ്യക്തമാവുന്ന കാര്യം അല്ലാഹുവാണ് ഖലീഫമാരെ തിരഞ്ഞെടുക്കുന്നത് എന്നതാണ്. ഒരു വ്യക്തിക്ക് സ്വന്തത്തിൽ ഖലീഫാപദത്തിലേക്ക് സ്ഥാനാർത്ഥിയായി നിന്നുകൊണ്ട് മത്സരിക്കാനോ അതിനായി ആളുകൾക്കിടയിൽ പ്രചാരണം നടത്തി ആ സ്ഥാനം പ്രാപിക്കാനോ സാധ്യമല്ല. ഭൂരിപക്ഷം ആളുകളാണ് ഖലീഫയെ തിരഞ്ഞെടുക്കുക എന്ന് വന്നാൽ പോലും അല്ലാഹുവിന്റെ കരങ്ങളാണ് അതിന് പിന്നിൽ പ്രവർത്തിക്കുക എന്ന് വ്യക്തമാണ്.

'അൽവസിയ്യത്ത്' എന്ന ഗ്രന്ഥത്തിൽ വാഗ്ദത്ത മസീഹ് (അ) തന്റെ ആസന്നമായ വിയോഗത്തെ അറിയിച്ചുകൊണ്ട് എഴുതുന്നു.

'ആകയാൽ അല്ലയോ പ്രിയന്മാരെ, പണ്ടുപണ്ടേ ദൈവത്തിന്റെ സുന്നത്ത് ഇതാണ്: അവൻ രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു. ഞാനിപ്പോൾ നിങ്ങൾക്ക് വിവരിച്ചു പറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവേണ്ടതില്ല. നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ട. എന്തെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾക്ക് കാണേണ്ടത് ആവശ്യമാകുന്നു. അതുവരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. എന്തുകൊണ്ടെന്നാൽ അത് ശാശ്വതമാവുന്നു. അതിന്റെ പരമ്പര ഖിയാമത്ത് നാൾവരെ മുറിഞ്ഞുപോകുന്നതല്ല. (അൽ വസിയ്യത്ത്).

അല്ലാഹുവിന്റെ വിധി പൂർണമാവുക തന്നെ ചെയ്തു. വാഗ്ദത്ത മസീഹിന്റെ വിയോഗത്തിനുശേഷം അല്ലാഹു തന്റെ രണ്ടാം ശക്തിപ്രഭാവത്തിന്റെ പ്രകടനം കാഴ്ചവെച്ചു. അവൻ വിശ്വാസികളെ സമാശ്വസിപ്പിച്ചു. ഒരിക്കൽ കരിമേഘപാളികൾ ആവരണം ചെയ്ത ഇസ്‌ലാമിന്റെ മാനപ്പരപ്പിൽ അഹ്മദിയ്യത്തിന്റെ ഉജ്ജ്വല സൂര്യൻ ഉദിച്ചുയർന്നു. 1908 മെയ് 27ന് വിശ്വാസികളുടെ ഹൃദയത്തിൽ സമാധാനത്തിന്റെയും ശാന്തിയുടെയും കുളിരു പ്രകാശിപ്പിച്ചുകൊണ്ട് ഹദ്റത്ത് മൗലാനാ ഹക്കിം നൂറുദ്ദീൻ (റ) സാഹിബ് ഖലീഫയായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. അദ്ദേഹം ഖലീഫസ്ഥാനലബ്ധിക്കുശേഷം ചെയ്ത ആദ്യപ്രസംഗത്തിൽ പറഞ്ഞു.

'1300 വർഷങ്ങൾക്കുശേഷം ഈ അനുഗ്രഹം വീണ്ടും ലബ്ധമായിരിക്കുന്നു. നാം അതിന് നന്ദിയുള്ളവരാണ്. ഇതിനെതിരെ ആർക്കും തന്നെ ഖിയാമത്ത് നാൾ വരെ ഈ അനുഗ്രഹം നൽകപ്പെടുന്നതല്ല. അതുകൊണ്ട് ഇതിൽ നന്ദിയുള്ളവരായിരിക്കുക. അതുകൊണ്ട് നന്ദിയുള്ളവരിൽ അല്ലാഹു തന്റെ അനുഗ്രഹം വർദ്ധിപ്പിച്ചുകൊണ്ടിരിക്കും.

ഖിലാഫത്തിന്റെ അനുഗ്രഹീതമായ കരവലയത്തിലൊതുങ്ങിക്കഴിയുന്ന നമുക്ക് ദിനേനെയെന്നോണം അതിന്റെ ഓരോ അനുഗ്രഹങ്ങളും നോക്കിക്കാണാൻ കഴിയുന്നു. ഖിലാഫത്തിനെ സംബന്ധിച്ച പ്രവചനത്തിന്റെ രണ്ടാമത്തെ ഭാഗത്തിന്നും അതായത് ലോകാവസാനം വരെ ഖിലാഫത്ത് നിലനിൽക്കുന്ന പ്രവചനത്തിൽ നാം പരിപൂർണ്ണമായും വിശ്വാസം കൊള്ളുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഇത് വളരെ മനോഹരമായ രീതിയിൽ പ്രതിപാദിക്കുകയുണ്ടായി.

*'ഖിലാഫത്തിന്റെ രണ്ടാമത്തെ പ്രകടനം സർവ്വശക്തനായ അല്ലാഹുവിൻ നിന്നുള്ള അപാരമായ ഒരനുഗ്രഹമാണ് അതിന് നാം സാക്ഷ്യം വഹിക്കുകയുണ്ടായി. അതിന്റെ ലക്ഷ്യം മനുഷ്യവംശത്തെ രക്ഷിക്കാനും അല്ലാഹുവിന്റെ ക്രോധത്തിൽ നിന്നും രക്ഷിക്കാനുമാണ്. മുത്തുകൾ കോർത്ത നൂൽപോലെയാണ് ഈ ജമാഅത്ത്. മുത്തുകൾ ചിതറി നിൽക്കുകയാണെങ്കിൽ അതിന് യാതൊരു സൗന്ദര്യവുമുണ്ടാകുകയില്ല. തീർച്ചയായും മുത്ത് ഒരു ചരടിൽ കോർത്തിണക്കിയാൽ മാത്രമേ അതിന് സുരക്ഷിതത്വവും ഭംഗിയും ലഭിക്കുകയുള്ളൂ. യഥാർത്ഥവിശ്വാസം ഈ രണ്ടാം പ്രകടനം കൂടാതെ സാധ്യമാവില്ല. അതിനാൽ*

*സ്നേഹത്തിന്റെ ഈ ചരടിൽ ആത്മാർത്ഥയോടും സമർപ്പണത്തോടുംകൂടി വന്നണയുക. ഖിലാഫത്തിനെ അനുസരിക്കാനുള്ള നിങ്ങളുടെ അഭിനിവേശം ശാശ്വതമാകുക. മറ്റെന്തിനോടുമുള്ള സ്നേഹത്തെ നിസ്സാരമാക്കുമാറ് ഖിലാഫത്തിനോടുള്ള സ്നേഹം നിങ്ങളിൽ ഉണ്ടാവട്ടെ. ഖിലാഫത്തിനെ അനുസരിക്കുന്നതിലാണ് എല്ലാ അനുഗ്രഹങ്ങളും അത് മാത്രമാണ് എല്ലാ ആപത്തുകളേയും തടുത്തുനിർത്തുന്നത്.*

അപ്രകാരം ഖലീഫത്തുൽ മസീഹ് രണ്ടാമൻ പറഞ്ഞു:

*എപ്രകാരമെന്നാൽ മരത്തിന്റെ ഭാഗമായിരിക്കുമ്പോൾ മാത്രമേ ശാഖയിൽ ഫലങ്ങളുണ്ടാവൂന്നു മുറിച്ചുമാറ്റപ്പെട്ട ശാഖയിൽ ഒരിക്കലും ഫലങ്ങളുണ്ടാവില്ല. ജമാഅത്തിനോട് ഒട്ടിനിൽക്കുന്ന വ്യക്തിക്ക് മാത്രമേ ഖിലാഫത്തിന് സേവനമർപ്പിക്കാൻ സാധ്യമാവൂ. ഒരാൾ സത്യവിശ്വാസികളുടെ നേതാവായ ഖലീഫയുമായി ചേർന്ന് നില്ക്കുന്നില്ലെങ്കിൽ അയാൾക്ക് എത്ര തന്നെ ലോകവിജ്ഞാനമുള്ളയാളായാലും ശരി ഇസ്ലാമിന് വേണ്ടി യാതൊരു പ്രവർത്തനവും ചെയ്യാൻ സാധ്യമല്ല. അയാൾക്ക് ജീവിതത്തിൽ യാതൊരു നേട്ടവും കൊയ്യാനും സാധ്യമല്ല.* (അൽഫസൽ - റബ്വ പുനപ്രസിദ്ധീകരണം - മേയ് 2003)

ഖലീഫത്തുൽ മസീഹ് രണ്ടാമൻ വീണ്ടും തുടരുന്നു:

*നല്ലത് പോലെ ഓർക്കുക, ശ്രദ്ധിക്കുക - ഖിലാഫത്ത് അല്ലാഹുവിന്റെ കയറാണ്. ഈ കയറിൽ പിടിച്ചാൽ മാത്രമേ നിങ്ങൾക്ക് അഭിവൃദ്ധിപ്പെടാൻ സാധ്യമാവൂ. ഈ കയറിൽ പിടിക്കാത്തവൻ നശിച്ചുപോകുന്നതാണ്*

*(ദർസുൻ ഖുർആൻ മാർച്ച് 1921).*

*'ഖിലാഫത്തിനോടുള്ള സമർപ്പണം എന്നത് അല്ലാഹുവിനോടും അവന്റെ പ്രവാചകനോടുമുള്ള അനുസരണം എന്നത് മാത്രമല്ല. അത് ലോകസമാധാനത്തിനും സുരക്ഷക്കും പുരോഗതിക്കും അനുപേക്ഷണീയമായ ഒന്നാണ്. ഖലീഫ എന്നത് അല്ലാഹുവിനോടുള്ള സാമീപ്യത്തിന്നായുള്ള ഏണിയാണ്' (അൽഫസൽ സെപ്തംബർ 1947)*

ഒരു കാര്യം നാം നല്ലത് പോലെ മനസ്സിലാക്കേണ്ടതുണ്ട്. മേലുദ്ധരിച്ച വചനത്തിൽ *'ലയസ്തഖലിഫന്നഹും'* എന്നു പറഞ്ഞതിന്റെ അർത്ഥം തിരഞ്ഞെടുക്കുന്ന ഖലീഫ അല്ലാഹുവിന്റെ പ്രവാചകന്റെ ഖലീഫയായിരിക്കും. മുൻഖലീഫയുടെ പ്രതിനിധിയായിക്കൊണ്ടുള്ള ഖലീഫയല്ല. അതുകൊണ്ടാണ് ഓരോ അഹ്മദിയ്യാ ഖലീഫമാരെയും ഖലീഫത്തുൽ മസീഹ്' എന്നു പറയുന്നത്. പ്രപഞ്ചത്തിന്റെ യജമാനനായ അല്ലാഹുവിന്റെ പ്രതിനിധി എന്ന നിലക്ക് അദ്ദേഹം അല്ലാഹുവിന്റെ ഭൂമിയിലെ ഏറ്റവും ഇഷ്ടപ്പെട്ട വ്യക്തിയാണ്. വിജയങ്ങളും നേട്ടങ്ങളും അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിക്കപ്പെടുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം എപ്പോഴും വിജയങ്ങളിൽ അനുഗ്രഹീതനായിരിക്കും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ പറയുന്നു:

'അല്ലാഹു ഖലീഫയായി നിയമിച്ച ഒരാൾക്കു മുന്നിൽ യാതൊരാൾക്കും ഒരുവിധത്തിലുമുള്ള നാട്യങ്ങളും ഉണ്ടാക്കാൻ സാധ്യമല്ല. ആത്മീയശക്തിയും, സ്ഥാനവും, വിജയവും - അദ്ദേഹത്തിന്റെ പ്രകൃതിയിൽ എഴുതപ്പെട്ടതാണ് (അൽഫസൽ ഖാദിയാൻ 1941)

വിശ്വാസികൾക്ക് നൽകപ്പെട്ട ഈ ഖിലാഫത്ത് വ്യവസ്ഥിതി നേതൃത്വത്തിന്റെ അതിമഹത്തായ ഒരു സംവിധാനമാണ് ഖിലാഫത്ത് എന്നത്. അല്ലാഹു സ്വയം തന്നെ സത്യവിശ്വാസികളുടെ സമൂഹത്തിന് നൽകുന്ന ഒരനുഗ്രഹമാണ്. സൽക്കർമ്മങ്ങളുടെ പൊൻനൂലുകൾ കൊണ്ട് അവർ ഖിലാഫത്തിനെ അണിയിച്ചൊരുക്കുന്നു. ഖലീഫ എന്നത് പ്രവാചകത്വത്തി ന്റെ തുടർച്ചയാണ്. പ്രവാചകത്വമാകുന്ന വെളിച്ചത്തിന്റെ പൂർണമായ ഛായയുമാണ്. പ്രവാചകത്വത്തിന്റെ പ്രകാശിക്കുന്ന ചന്ദ്രനാണ് ഖിലാഫത്ത്. പ്രവാചകത്വത്തിന്റെ ഉജ്വലപ്രകാശത്തെ ഖിലാഫത്ത് പ്രതിഫലിപ്പിക്കുന്നു.

വിശ്വാസികളുടെ ഓരോ ഭീതിയേയും സമാധാനവും ശാന്തിയുമാക്കിമാറ്റുന്ന ഒരു ദൈവികസ്ഥാപനമാണ് ഖിലാഫത്ത്. അത് ഏകദൈവത്വത്തെയാണ് പ്രബോധിക്കുന്നത്. ശക്തമായ ഏകദൈവ ആരാധനക്ക് മുമ്പിൽ മറ്റെല്ലാ വ്യാജ ദൈവസങ്കല്പങ്ങളേയും അത് നിഷ്പ്രഭമാക്കുന്നു. ഖിലാഫത്താണ് വിശ്വാസത്തെയും സൽക്കർമ്മങ്ങളേയും കൂട്ടിയിണക്കി ലോകത്തിലെ സർവ്വജനസമൂഹങ്ങളേയും ഒരു ചരടിൽ കോർത്ത മുത്തുമണികളെപോലെ ചേർക്കുന്നതും അവരെ പരസ്പരം ബന്ധപ്പെടുത്തുന്നതും സംരക്ഷിക്കുന്നതും.

ഖലീഫത്തുൽ മസീഹ് നാലാമൻ നമ്മോട് ശക്തമായി ആവശ്യപ്പെടുന്നു.

*വിധിനാൾവരെ നിങ്ങൾ ഖിലാഫത്തുമായുള്ള ബന്ധം മുറുകെ പിടിക്കേണ്ടതാണ്. നിങ്ങൾ ഖിലാഫത്തുമായി ചേർന്നുനിൽക്കുകയാണെങ്കിൽ തീർച്ചയായും ഖിലാഫത്തും നിങ്ങളുടെയൊപ്പം നിൽക്കും. അതാണ് രണ്ടും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം. അതായത് ദൈവത്തിന്റെ ഏകത്വം നിലനിർത്തുക.* ■



12

Revelation Rationality Knowledge and Truth

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

# വികസിക്കുകയും ചുരുങ്ങുകയും ചെയ്യുന്ന പ്രപഞ്ചം

**പ്രപഞ്ചം വികസിക്കുകയും ഒരുഘട്ടം കഴിഞ്ഞാൽ സങ്കോചിക്കാനാരംഭിക്കുകയും ചെയ്യുന്നു. അങ്ങിനെ സങ്കോചിച്ച് ഒരു സൂപ്പർ ബ്ളാക്ക് ഹോളിൽ പതിച്ച് അനന്തവൈചിത്ര്യബിന്ദുവിൽ അഥവാ സിംഗുലാരിറ്റി പോയിന്റിൽ തിരോഭവിക്കുന്ന പ്രപഞ്ചം, വൈറ്റ് ഹോളിലൂടെ വീണ്ടും പുനർജനിക്കുന്നു. ഈ തത്വമാണ് ഖുർആൻ പറയുന്നത്.**

വിശുദ്ധ ഖുർആൻ അവതരിക്കുന്ന കാലത്ത് പ്രപഞ്ചത്തിന്റെ സ്വഭാവത്തെകുറിച്ചും ആകാശഗോളങ്ങളുടെ ചലനങ്ങളെക്കുറിച്ചും അല്ലെങ്കിൽ അവയുടെ നിശ്ചലതയെക്കുറിച്ചോ ഉള്ള മനുഷ്യന്റെ ധാരണകൾ അത്യന്തം പ്രാക്തനവും ഇരുൾമുറ്റിയതുമായിരുന്നു. അടുത്തകാലത്ത് പ്രപഞ്ചത്തെ പറ്റിയുള്ള നമ്മുടെ വിജ്ഞാനം ഗണ്യമായി പുരോഗമിക്കുകയും വികസിക്കുകയും ചെയ്തു. ഇപ്പോഴും അത് തുടരുന്നു.

പ്രപഞ്ച സൃഷ്ടിപ്പിനെ സംബന്ധിച്ച ചില സിദ്ധാന്തങ്ങൾ സത്യമാണെന്ന് സ്ഥാപിതമായതാണ്. ചിലതിനെ പറ്റി ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വികസിക്കുന്ന പ്രപഞ്ചം (Expanding Universe) എന്ന സങ്കല്പം ആദ്യം പറഞ്ഞ ഗണത്തിൽപെട്ടതാണ്. അത് ശാസ്ത്രസമൂഹം ഒരു സത്യമാണെന്ന നിലക്ക് സാർവ്വത്രികമായി അംഗീകരിച്ചതാണ്. 1920ൽ എഡ്വിൻ ഹബിൾ എന്ന ശാസ്ത്രജ്ഞനാണ് ഈ കണ്ടുപിടുത്തം നടത്തിയത്. എന്നാൽ പതിമൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് അത് വ്യക്തമായും വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

***'ആകാശത്തെ നമ്മുടെ ശക്തികൊണ്ട് (അയ്ദിൻ) നാം നിർമ്മിച്ചിരിക്കുന്നു. തീർച്ചയായും നാമതിനെ വികസിപ്പിച്ചുകൊണ്ടിരിക്കും (മുഅ്സിയൂൻ).*** (വി. ഖുർആൻ 51:48).

നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചം എന്ന സങ്കല്പം ഖുർആനിൽ മാത്രമുള്ളതാണെന്ന കാര്യം നാം ഓർക്കണം. ഇതിനെ സംബന്ധിച്ച് മറ്റൊരു ദൈവിക ഗ്രന്ഥവും വിദൂരമായ ഒരു സൂചന പോലും നൽകിയിട്ടില്ല. പ്രപഞ്ചം നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്നു എന്ന കണ്ടുപിടിത്തം ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചേടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്. കാരണം പ്രപഞ്ചം തുടക്കത്തിൽ എങ്ങിനെ സൃഷ്ടിക്കപ്പെട്ടു എന്നതിനെ സംബന്ധിച്ച് ശരിയായ ധാരണയുണ്ടാക്കാൻ അത് സഹായകമാവും. ബിഗ്ബാങ്ങ് സിദ്ധാന്തത്തിലേക്ക് കൃത്യമായി ആനയിക്കുന്ന രീതിയിൽ പ്രപഞ്ചസൃഷ്ടിയുടെ ഘട്ടംഘട്ടമായുള്ള പ്രക്രിയയെ പറ്റി അത് വ്യക്തമായും വിവരിക്കുന്നു. ഖുർആൻ അവിടെ നിന്നും മുന്നോട്ടുപോയി പ്രപഞ്ചത്തിന്റെ തുടക്കത്തെ സംബന്ധിച്ചും ഒടുക്കത്തെ സംബന്ധിച്ചും വീണ്ടും അതുപോലെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ചും വിവരിക്കുന്നു. പ്രപഞ്ചസൃഷ്ടിപ്പിന്റെ തുടക്കമായ ബിഗ്ബാങ്ങ് പ്രതിഭാസത്തിന്റെ സൂക്ഷ്മ വിവരണം ഖുർആൻ നൽകുന്നത് ഇപ്രകാരമാണ്.

*'അവിശ്വാസികൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും സംഘനിതമായ ഒരു പിണ്ഡ (രത്കൻ)മായിരുന്നു. പിന്നീട് നാം അതിനെ പിളർത്തുകയും (ഫത്കൻ) ചെയ്തു. ജീവനുള്ള എല്ലാറ്റിനേയും നാം ജലത്തിൽ നിന്നും ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ (വി. ഖുർആൻ 21:31)*



13

ഈ വചനം അവിശ്വാസികളേയാണ് അഭിസംബോധനം ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. ഖുർആൻ വചനത്തിലടങ്ങിയ ഈ രഹസ്യം അവിശ്വാസികൾ ആയിരിക്കും വെളിപ്പെടുത്തുക എന്നതുകൊണ്ടായിരിക്കാം അവരോടുള്ള ഈ അഭിസംബോധന.

ഈ വചനത്തിലെ 'രതകൻ' (സംഘനിത പിണ്ഡം) **ഫതകൻ** (പിളർത്തൽ) എന്നീ പദങ്ങൾ ഈ വചനത്തിലെ മുഴുവൻ സന്ദേശങ്ങളും ഉൾക്കൊള്ളുന്നു. ആധികാരിക അറബിപദകോശങ്ങൾ 'റതകൻ' എന്ന പദത്തിന് രണ്ട് വിഭിന്ന അർത്ഥങ്ങൾ നൽകുന്നു. അത് ഈ വിഷയത്തിലെ ചർച്ചക്ക് വമ്പിച്ച പ്രസക്തി നൽകുന്നുണ്ട്. ഒന്നാമത്തെ അർത്ഥം ഏതെങ്കിലും വസ്തുക്കൾ കൂടിചേർന്നു സംയോജിച്ച് (Fusion) തുടർന്ന് ഒന്നായിത്തീരുന്നതിനെ കുറിക്കുന്നു. രണ്ടാമത്തെ അർത്ഥം സമ്പൂർണ്ണമായ ഇരുട്ട് (Total darkness) ഈ രണ്ട് അർത്ഥകല്പനകളും ഇവിടെ കൃത്യമായും ശരിയായി വരുന്നു. ഈ രണ്ട് അർത്ഥങ്ങളും കൂടി ഒന്നിച്ചെടുക്കുമ്പോൾ ബ്ളാക് ഹോൾ അഥവാ തമോദ്വാരത്തേ (Black Hole)യും വൈചിത്ര്യ (Singularity*) ത്തേയും പറ്റിയുള്ള ശരിയായ വിവരണമാണ് ഇവിടെ നൽകപ്പെട്ടതെന്ന് കാണാം.

ഗുരുത്വാകർഷണത്തിൽ തകർന്നടിയുന്ന വമ്പിച്ച ദ്രവ്യപിണ്ഡത്തെയാണ് ബ്ളാക് ഹോൾ എന്ന് പറയുന്നത്. സൂര്യനേക്കാൾ പതിനഞ്ചോ അതിലധികമോ ഇരട്ടി വലിപ്പമുള്ള നക്ഷത്രങ്ങളുടെ, തകർച്ചയിൽ നിന്നും അത് ആരംഭിക്കുന്നു. അതിഭീമമായ ഗുരുത്വബലത്തിന്റെ ഉള്ളിലേക്കുള്ള വലിവിന്റെ ഫലമായി നക്ഷത്രങ്ങൾ കൂടുതൽ ചെറിയ ആകൃതിയിലേക്ക് ചുരുങ്ങാനാരംഭിക്കുന്നു. ഗുരുത്വബലം വീണ്ടും കേന്ദ്രീകരിക്കപ്പെടുകയും നക്ഷത്രത്തിന്റെ മുഴുവൻ ദ്രവ്യവും ഒരു സൂപ്പർ നോവ (Super Nova)യിലേക്ക് പതിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ തന്മാത്ര, ആറ്റം മുതലായ ദ്രവ്യത്തിന്റെ അടിസ്ഥാനപദാർത്ഥങ്ങൾ തകർന്ന് വിവരണാതീതമായ ഊർജ്ജമായിമാറുകയും ചെയ്യും. ആ സന്ദർഭത്തിൽ സ്ഥലകാലത്തിൽ സൃഷ്ടിക്കപ്പെടുന്ന പ്രതിഭാസമാണ് സംഭവചക്രവാളം (Event Horizon). ബ്ളാക് ഹോളിന്റെ അതിഭീമമായ ഉള്ളിലേക്കുള്ള വലിവ് കാരണം നക്ഷത്രത്തിൽ നിന്നുള്ള എല്ലാ വികിരണങ്ങളും പിന്നോട്ട് വലിക്കപ്പെടുകയും പ്രകാശത്തിന് പോലും അതിൽ നിന്ന് രക്ഷപ്പെടാൻ സാധ്യമല്ലാതെ വരികയും ചെയ്യുന്നു. ഇതിന്റെ ഫലമായുണ്ടാകുന്ന സമ്പൂർണ്ണ ഇരുട്ടാണ് ബ്ളാക് ഹോൾ എന്ന പേര് നേടിക്കൊടുത്തത്. ഖുർആൻ ഉപയോഗിച്ച 'രതകൻ' എന്ന പദം സൂചിപ്പിക്കുന്നത് പൂർണ്ണ ഇരുട്ട് എന്നാണ്. ഇതാണ് സംഭവചക്രവാളത്തിന്നപ്പുറത്തെ വൈചിത്ര്യബിന്ദു.

ഒരിക്കൽ ബ്ളാക്ക് ഹോൾ സൃഷ്ടിക്കപ്പെട്ടാൽ അതിശീഘ്രം അത് വളരുന്നു. അത് കാരണം വർദ്ധിച്ചുവരുന്ന ഗുരുത്വബലത്തിന്റെ കേന്ദ്രീകരണത്തോടൊപ്പം വിദൂരത്തുള്ള നക്ഷത്രങ്ങൾ പോലും ബ്ളാക്ക് ഹോളിനകത്തേക്ക് നിപതിക്കുന്നു. സൂര്യന്റെ ദ്രവ്യമാനത്തിന്റെ നൂറുദശലക്ഷം ഇരട്ടി ദ്രവ്യമാനമായി അധികരിക്കാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. അതിന്റെ ഗുരുത്വാകർഷണം വികസിക്കുന്നതിനനുസരിച്ച് പ്രകാശവേഗത്തിൽ ആകാശത്ത് നിന്നും ഖഗോളദ്രവ്യങ്ങൾ അത് വലിച്ചെടുക്കുന്നു. 1997ലെ ഒരു നിരീക്ഷണ തെളിവിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഗാലക്സിയിൽ സൂര്യന്റെ 2,000,000 ഇരട്ടി ദ്രവ്യമാനമുള്ള ഒരു ബ്ളാക്ക് ഹോൾ സാന്നിദ്ധ്യമുണ്ടെന്ന അഭിപ്രായം ഉയർന്നുവന്നിരിക്കുന്നു. മറ്റു ചില കണക്കുകൾ പ്രകാരം നമ്മുടെ പ്രപഞ്ചത്തിൽ സൂര്യന്റെ 3,000,000,000 ഇരട്ടി ദ്രവ്യമാനമുള്ള അനേകം ബ്ളാക് ഹോളുകൾ ഉണ്ടാകാമെന്നാണ്. അത്തരത്തിലുള്ള അതിഭീമമായ ഗുരുത്വബലത്തിന്റെ കേന്ദ്രീകരണത്താൽ വിദൂര നക്ഷത്രങ്ങൾ പോലും വിറകൊള്ളുകയും സ്ഥൈര്യം നഷ്ടപ്പെട്ട നക്ഷത്രത്തെ അത്യാർത്തി പൂണ്ട ബ്ളാക്ക് ഹോൾ ഭീമമാർ വിഴുങ്ങിക്കളയുകയും ചെയ്യുന്നു. അങ്ങനെ 'റത്കൻ' (സംഘനിതമായ പിണ്ഡം) എന്ന പ്രക്രിയ പൂർത്തിയാകുന്നതോടെ സിംഗുലാരിറ്റി (Singularity = വൈചിത്ര്യം) രൂപപ്പെടുന്നു. അത് പരിപൂർണ്ണമായും സംവൃതവും (closed) പൂർണമായും ഇരുണ്ടതുമാണ് (Total darkness). പ്രപഞ്ചം തുടക്കത്തിൽ എങ്ങിനെ സൃഷ്ടിക്കപ്പെട്ടു എന്ന ചോദ്യത്തിന് ഉത്തരമായി സമർപ്പിക്കപ്പെട്ട രണ്ട് സിദ്ധാന്തങ്ങളും ബിഗ്ബാങ്ങ് തിയറിയുടേതാണ്. ഒരു വൈചിത്രബിന്ദു (Singularity) വിൽ സംഘനിതമായി കേന്ദ്രീകരിക്കപ്പെട്ട ദ്രവ്യം പെട്ടെന്ന് പുറത്തേക്ക് ഉൽസർജിച്ചുകൊണ്ടാണ് പ്രപഞ്ചം ആരംഭിക്കുന്നതെന്ന് അവർ അവകാശപ്പെടുന്നു.

* **വൈചിത്രം:** (Singularity) ബ്ളാക്ക്ഹോളിൽ ഗുരുത്വബലം ദ്രവ്യത്തെ വീണ്ടും തകർത്ത് തരിപ്പണമാക്കും അങ്ങിനെ ഭീമാകാരനായ നക്ഷത്രത്തിന്റെ ദ്രവ്യം ഗുരുത്വബലത്താൽ ചുരുങ്ങി ചുരുങ്ങി ഒടുവിൽ ഇല്ലാതാവുന്ന നിലവരെയെത്തുന്നു. അതിനർത്ഥം ഭീമാകാരമായ നക്ഷത്രം കേവലം ഒരു ബിന്ദുവായി അപ്രത്യക്ഷമാവുന്നു എന്നാണ്. അതായത് നക്ഷത്രത്തിന്റെ ഘനത്വം അനന്തമാനത്തെ പ്രാപിക്കുന്നു എന്നു പറയാം. ഈ അവസ്ഥയെയാണ് വൈചിത്ര്യബിന്ദു അഥവാ അനന്തവൈചിത്ര്യം എന്ന് പറയുന്നത്. ഈ അവസ്ഥയിൽ നക്ഷത്രത്തിന്റെ ഭൗതികനിയമങ്ങൾ എന്താണെന്ന് നമുക്കറിയില്ല. അതിന് തൊട്ടുമുമ്പുവരെയുള്ള ഘട്ടത്തിൽ നമ്മുടെ പ്രപഞ്ചനിയമങ്ങൾ തന്നെയാണ് പ്രാവർത്തികമാവുന്നത്. (വിവ:)

സംഭവചക്രവാളത്തിലൂടെ (Event Horizon) വീണ്ടും പുതിയ പ്രപഞ്ച സൃഷ്ടിയിലേക്ക് അത് നയിക്കുന്നു. ഇങ്ങനെ സംഭവചക്രവാളത്തിൽ നിന്നും പൊട്ടിവിരിയുന്ന പ്രകാശത്തെയാണ് വൈറ്റ് ഹോൾ (White Hole) എന്ന് വിളിക്കപ്പെടുന്നത്. പ്രപഞ്ചവികാസവുമായി ബന്ധപ്പെട്ട രണ്ട് നിയമങ്ങളിലൊന്ന് പ്രവചിക്കുന്നത് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതിനുശേഷം ശാശ്വതമായി വികസിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. പ്രപഞ്ച വികാസവുമായി ബന്ധപ്പെട്ട രണ്ടാമത്തെ സിദ്ധാന്തപ്രകാരം ചിലപ്പോൾ പ്രപഞ്ചത്തിന്റെ വികാസം ഒരു ഘട്ടമെത്തിയാൽ അതിന്റെ ഉൾകേന്ദ്രത്തിലെ ഗുരുത്വബലം എതിരെയുള്ള വികാസബലത്തിനു മീതെ അന്തിമമായി മേൽകൈ നേടുകയും നേർവിപരീതദിശയിൽ വികാസത്തിന് പകരം ചുരുങ്ങാനാരംഭിക്കുകയും ചെയ്യുന്നു. എല്ലാ ദ്രവ്യങ്ങളും വീണ്ടും പിറകോട്ട് വലിക്കപ്പെടുന്നു. ഒരു പക്ഷേ വീണ്ടും ഭീമാകാരമായ ഒരു ബ്ളാക്ക് ഹോൾ സൃഷ്ടിക്കപ്പെടാൻ വേണ്ടിയായിരിക്കാം. രണ്ടാമത് പറഞ്ഞ ഈ വീക്ഷണത്തിന് ഖുർആന്റെ പിന്തുണയുള്ളതായി കാണപ്പെടുന്നു. തുടക്കവും ഒടുക്കവും ബന്ധിപ്പിച്ചുകൊണ്ട് പ്രപഞ്ചത്തിന്റെ ഒരു വൃത്തം ഇങ്ങനെ പൂർത്തിയാക്കപ്പെടുന്നു. ഖുർആൻ പ്രഖ്യാപിക്കുന്നു.

***നാം ആകാശത്തെ താളുകൾ ചുരുട്ടുന്നതുപോലെ ചുരുട്ടുന്ന നാളിനെ ഓർക്കുക (വി.ഖുർആൻ 21:105)***

ഈ വചനത്തിൽ നിന്നുള്ള വ്യക്തമായ സന്ദേശം പ്രപഞ്ചം ശാശ്വതമല്ല എന്നാണ്. ഗ്രന്ഥചുരുളുകൾ ചുരുട്ടുന്നതുപോലെ ഭാവിയിൽ ആകാശം ചുരുട്ടപ്പെടുമെന്ന കാര്യത്തെ പറ്റിയാണ് അത് സംസാരിക്കുന്നന്നത്. ബ്ളാക്ക് ഹോൾ രൂപീകരണത്തെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ ചിത്രീകരണത്തോട് വളരെയേറെ സാമ്യതയുള്ളതാണ് ഖുർആനിലെ മേൽസൂചിപ്പിച്ച വചനം.

സ്പെയ്സിൽ നിന്നു ബ്ളാക്ക് ഹോളിലേക്ക് ദ്രവ്യങ്ങൾ വമ്പിച്ച തോതിൽ നിപതിക്കുന്നു. മേൽ ഖുർആൻ വചനത്തിൽ വിവരിച്ചത് പോലെ ഗുരുത്വബലത്തിന്റേയും വിദ്യുത് കാന്തികബലത്തിന്റേയും വമ്പിച്ച സമ്മർദ്ദഫലമായി ബ്ളാക്ക് ഹോൾ ഒരു കടലാസ് താൾ പോലെ ആയിത്തീരുന്നു. ബ്ളാക്ക് ഹോളിന്റെ കേന്ദ്രഭാഗം നിരന്തരം സ്വയമായി ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും. ഈ പുസ്തകതാളിന്റെ ആകൃതിയിലുള്ള ബ്ളാക്ക് ഹോൾ ചുറ്റി തിരിയുന്ന കേന്ദ്രഭാഗത്ത് എത്തുമ്പോൾ അതിന്റെ മേൽ പൊതിയുന്നു. അജ്ഞാതമായ മണ്ഡലത്തിലേക്ക് അത് അപ്രത്യക്ഷമാവുന്നത് വരെ കേന്ദ്രഭാഗം ചുറ്റി മുറുകി കൊണ്ടിരിക്കും ഖുർആൻ വചനം തുടരുന്നു.

***സൃഷ്ടിപ്പിനെ ആദ്യം നാം ആരംഭിച്ചത് പോലെ നാം അത് ആവർത്തിക്കും. നമുക്ക് ബാദ്ധ്യതപ്പെട്ട ഒരു വാഗ്ദാനമാണിത്. തീർച്ചയായും അത് നാം നിറവേറ്റുക തന്നെ ചെയ്യും.*** (21:105 വി. ഖുർആൻ)(7)

അവസാനം പ്രപഞ്ചം ഒരു ബ്ളാക്ക് ഹോളിലേക്ക് തകർന്നടിയുമ്പോൾ ഇവിടെ നമുക്ക് ഒരു പുതിയ വാഗ്ദാനമുണ്ട്. ദൈവം പണ്ട് ചെയ്തത്പോലെ ഈ പ്രപഞ്ചത്തെ അവൻ പുനർനിർമ്മിക്കും. ചുരുങ്ങിത്തകർന്ന പ്രപഞ്ചം അതിന്റെ അന്ധകാരത്തിൽ നിന്ന് വീണ്ടും സമാരംഭിക്കുകയും സൃഷ്ടിയുടെ എല്ലാ പ്രക്രിയകൾക്കും വീണ്ടും തുടക്കം കുറിക്കുകയും ചെയ്യും. ഖുർആന്റെ വചനപ്രകാരം പ്രപഞ്ചത്തിന്റെ ഈ ചുരുളലും നിവരലും നിലക്കാതെ നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്.

പ്രപഞ്ചത്തിന്റെ തുടക്കത്തെക്കുറിച്ചും ഒടുക്കത്തെക്കുറിച്ചുമുള്ള ഖുർആന്റെ ഈ സങ്കല്പം സംശയലേശമന്യേ അസാധാരണമായ ഒന്നാണ് എന്നതിൽ സംശയമില്ല. നമ്മുടെ സമകാലീന ലോകത്ത് ഉന്നത വിദ്യാഭ്യാസം ലഭിച്ച ഒരാൾക്ക് വെളിപ്പെട്ടതാണെങ്കിൽപോലും അതിന്റെ അത്ഭുതം കുറയുന്നില്ല. എന്നാൽ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അറേബ്യൻ മരുഭൂമിയിലെ നിരക്ഷരനായ ഒരാൾക്ക് ശാശ്വതമായി ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സൃഷ്ടി പ്രക്രിയയെക്കുറിച്ചുള്ള ഏറ്റവും ഉന്നതമായ ജ്ഞാനം വെളിപ്പെടുത്തിക്കൊടുത്തു എന്ന വസ്തുത ഒരാളെ അത്ഭുതപരതന്ത്രനാക്കും.

**വിവ: എ.എം.**

■

---

*(6-ൽ നിന്ന് തുടർച്ച)*

ല്ലെന്ന കാര്യം ആർക്കെങ്കിലും ഗ്രഹിക്കാൻ കഴിയുന്നതാണോ? ദൈവം നിസ്സഹായനായ ഒരു ശിശുവിനെ പ്പോലെ 9 മാസംവരെ ഗർഭാശയത്തിൽ കഴിയുകയും, ആർത്തവ രക്തത്തിൽ വളരുകയും പിന്നീട് കരഞ്ഞുകൊണ്ട് സ്ത്രീകളുടെ ഗുഹ്യസ്ഥാനത്തിലൂടെ പുറത്ത് വരികയും ചെയ്യുക എന്നത് ഹൃദയത്തിന് സംതൃപ്തി നൽകുന്ന ദൈവവിശ്വാസമാണോ? ഒരു നീണ്ട കാലത്തിനുശേഷം ദൈവം ഒരു ഭാഗം മനുഷ്യന്റേയും മറ്റൊരു ഭാഗം പ്രാവിന്റെയും ശരീരം ഉൾക്കൊള്ളുകയും അത് എന്നെന്നേക്കുമായുള്ള കഴുത്തിലെ വളയമായി തീരുകയും ചെയ്തു എന്ന കാര്യം ഏതെങ്കിലും ഒരു ബുദ്ധിജീവിക്ക് അംഗീകരിക്കാൻ കഴിയുമോ?

***(കിത്താബുൽ ബരിയ്യ 86-87 - എസ്സൻസ് ഓഫ് ഇസ്ലാം (307, 308, 315)***

**വിവ: എം.എൻ. ഖാൻ, വഴക്കാല**

■


15

ഭാഷയുടേയും സംസ്കാരത്തിന്റേയും ഉദ്ഭവം - 5

ലേഖനം

ഏ.എം. മുഹമ്മദ് സലിം

# അറബി : ഭാഷകളുടെ മാതാവ്

## സംസ്കൃതത്തിനുമുമ്പ് ഒരു പൂർവ്വികഭാഷ ഉണ്ടായിരിക്കണമെന്ന് ഇൻഡോളജിസ്റ്റുകളായ ഭാഷാപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു

ഭാഷകളുടെ സ്രഷ്ടാവും ബോധകനും ദൈവമാണെങ്കിൽ ദൈവത്താൽ ബോധനം ചെയ്യപ്പെട്ട പ്രഥമഭാഷ ഏതാണ്? ഭാഷ ദേശീയ സത്തയുടെ പ്രകാശനമാണ് എന്ന നിലക്ക് ഭാഷയേ സംബന്ധിച്ച ഏതൊരു അവകാശവാദത്തിനും വൈകാരികഭാവമുണ്ട്. അതുകൊണ്ട് പ്രഥമഭാഷയെ സംബന്ധിച്ച നിലപാടുകൾ ശാസ്ത്രീയവും യുക്തിപരവുമായ വിശകലനങ്ങളിലൂടെ അവധാനപൂർവ്വം എടുക്കേണ്ട ഒന്നാണ്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഇത് സംബന്ധിച്ച വാദമുഖങ്ങൾ അനിഷേധ്യവും യുക്തിഭദ്രവുമാണ്. അദ്ദേഹം എഴുതുന്നു:

*അറബി വാക്കുകൾ ദൈവത്തിന്റെ തിരുവായിൽ നിന്നു പുറപ്പെട്ടിട്ടുള്ള ഗീരുക്കളാണെന്നും ദൈവവാണിയെന്നു പറയപ്പെടാവുന്ന ഏകഭാഷ അതു മാത്രമാണെന്നും സർവ്വജ്ഞാനങ്ങളുടേയും ജനനിയും ദൈവവചനത്തിന്റെ വെളിപാടിന്നുള്ള ആദ്യത്തെ വാഹകവും അതുതന്നെയാണെന്നും ഞാൻ മിനനുറഹ്മാൻ എന്ന ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. അറബിഭാഷ ദൈവത്തിന്റെ വെളിപാടിന്നുള്ള ആദ്യത്തെ വാഹകമാണെന്നു പറഞ്ഞതു അതു അല്ലാഹുവിനാൽ സംസാരിക്കപ്പെട്ടതും അവനോടു കൂടിയതുമായ ഭാഷണവും ഇതരഭാഷകളുടെ മൂലവും ആയിരിക്കുന്നതുകൊണ്ടാണ്. അല്ലാഹുവിന്റെ അന്തിമവേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ അറബിഭാഷയിൽ വെളിപ്പെട്ടതുകൊണ്ടാണ്. ആ ഭാഷ ദൈവത്തിന്റെ വെളിപാടിന്നുള്ള അവസാനത്തെ വാഹകമെന്ന് പറഞ്ഞിരിക്കുന്നത്.* (ഇസ്ലാം മതതത്ത്വജ്ഞാനം - ഇസ്ലാമി ഉസൂൽ കി ഫിലോസഫി)

ഭാഷ ദൈവത്തിൽ നിന്നും വെളിപാടു മുഖേന അവതരിച്ചതാണെന്ന വാദത്തിലെ ആത്മീയ പ്രതിഭാസം ആധുനികഭാഷാശാസ്ത്രത്തിന് സംഗതമാവില്ല. കാരണം അത് ഭൗതിക നിരീക്ഷണത്തിന് വിധേയമാക്കാൻ കഴിയുന്ന ഒരു പ്രതിഭാസമല്ല. എന്നാൽ ഭാഷ എന്നത് ഒരു മൂർത്ത യാഥാർത്ഥ്യമാണ്. അറബി ഭാഷയെ ഉപജീവിച്ചു കൊണ്ട് തന്നെ ഹദ്റത്ത് അഹ്മദ് മുന്നോട്ടുവെക്കുന്ന വാദമുഖങ്ങൾ വസ്തുനിഷ്ഠമാണ് എന്ന യാഥാർത്ഥ്യത്തിനു മുമ്പിൽ ആർക്കും ഒഴിഞ്ഞുമാറാനാവില്ല. ലോകത്ത് സംസാരിക്കപ്പെടുന്ന വിവിധ ഭാഷകളിൽ കാണുന്ന പൊതുസാധർമ്മ്യങ്ങളെ അവലോകനം ചെയ്തുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) പറയുകയുണ്ടായി.

*'ഈ വാദമുഖത്തിന്റെ വിവക്ഷ ഹ്രസ്വമായി പറയുകയാണെങ്കിൽ ലോകത്തിലെ വിവിധ ഭാഷകൾ പരിശോധിച്ചാൽ അവയെല്ലാം ചില പൊതുവായ പ്രത്യേകതകൾ ഉള്ളതായി കാണാം. കൂടുതൽ ആഴത്തിൽ പരിശോധിക്കുമ്പോൾ പൊതുവായ പ്രത്യേകതകളുള്ള ഈ ഭാഷകളുടെ മാതാവ് അറബിഭാഷയാണെന്നും മറ്റു ഭാഷകളെല്ലാം ഉരുവംകൊണ്ടത് അറബിഭാഷയിൽനിന്നാണെന്ന വസ്തുതയും സ്ഥാപിക്കപ്പെടുന്നു. അതിനു ശേഷം അറബിഭാഷയുടെ അസാധാരണമായ സവിശേഷതകൾ മനസ്സിലാക്കിക്കൊണ്ട് സമ്പൂർണ്ണവും സമഗ്രവുമായ ഗവേഷണങ്ങൾ നടത്തുമ്പോൾ ഈ ഭാഷ ഭാഷാജനനിയാണെന്ന് സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേക ഉദ്ദേശ്യവും മുഖേന ആരംഭത്തിൽ തന്നെ മനുഷ്യന് പഠിപ്പിച്ചുകൊടുത്ത ദിവ്യഭാഷയാണെന്നും മനുഷ്യൻ കണ്ടുപിടിച്ച ഭാഷയല്ലെന്നും ഉള്ള നിഗമനത്തിൽ നാം സംശയലേശമന്യേ എത്തിച്ചേരുന്നു. എല്ലാഭാഷകളിലും വെച്ച് വെളിപാട് ഭാഷയായിരിക്കുന്നത് അറബിഭാഷയാണെന്ന വസ്തുത, കുറ്റമറ്റതും അവികലവുമായ ദിവ്യബോധനങ്ങളുടെ വാഹകമായിരിക്കുവാൻ യോഗ്യമായിട്ടുള്ളതും അറബിഭാഷ മാത്രമാണെന്ന തീരുമാനത്തിൽ ആവശ്യമായും എത്തിച്ചേരാൻ സഹായിക്കും. ദിവ്യബോധിതമായ ഭാഷയിലൂടെയാണ് സകലജനങ്ങൾക്കുമുള്ള മാർഗ്ഗദർശനം ആവശ്യപ്പെട്ട ദിവ്യഗ്രന്ഥം വെളിപ്പെടുത്തപ്പെടേ*

*ണ്ടിയിരുന്നത്. അത് ഭാഷകളുടെ മാതാവ് ആയിരിക്കുന്ന മൂലഭാഷ തന്നെയായിരിക്കണം. എല്ലാ ഓരോ ഭാഷയുമായും ആ ഭാഷ സംസാരിക്കുന്നവരുമായും അതിന് സ്വാഭാവികമായും ബന്ധം ഉണ്ടായിരിക്കേണ്ടതാണെന്നും ദിവ്യബോധന ഭാഷയായിരിക്ക കൊണ്ടു സർവ്വശക്തനായ ദൈവത്തിന്റെ ദിവ്യകരങ്ങളിൽ നിന്നുള്ളവയിൽ കാണപ്പെടുന്ന എല്ലാ അനുഗ്രഹീതഗുണഭാവങ്ങളും അതിന്നുണ്ടായിരിക്കണമെന്നും സിദ്ധിക്കുന്നു. അതിനാൽ മറ്റു ഭാഷകളും മനുഷ്യരുടെ ബോധപൂർവ്വകമായ പരിശ്രമം കൊണ്ട് നിർമ്മിച്ചതല്ലെന്നതിനാലും ഒരു ദിവ്യഭാഷയിൽ നിന്നും ദൈവിക വിധിപ്രകാരം ഉരുത്തിരിഞ്ഞ വ്യതിരൂപങ്ങൾ മാത്രമായിരിക്കയാലും അതിന്റെ തന്നെ സന്താനങ്ങളായിരിക്കയാലും പ്രത്യേക ദേശീയസമൂഹങ്ങളുടെ നന്മയെ മുൻനിർത്തി ആ ഭാഷകളിലും ദിവ്യബോധങ്ങൾ ഇറങ്ങുക എന്നതിൽ അസാംഗത്യമൊന്നുമില്ല. എന്നാലും ഭാഷകളുടെ ജനനിയും അല്ലാഹുവിന്റെ തിരുവായിൽ നിന്നും നിർഗ്ഗളിച്ച യഥാർത്ഥവും സ്വച്ഛവുമായ ദിവ്യബോധനഭാഷയും അറബിയായിരിക്കയാൽ അതീവശക്തവും ഏറ്റവും ഉന്നതവുമായ ദിവ്യഗ്രന്ഥം അറബിയിൽ തന്നെയാണ് അവതരിപ്പിക്കേണ്ടതെന്ന് പരമപ്രധാനമായിരുന്നു. ഈ വാദമുഖം ഖുർആൻ ഉന്നയിച്ചിരിക്കയാലും ഈ അവകാശവാദം ഖുർആൻ മാത്രമാണ്. മുന്നോട്ടുവെക്കുന്നതു എന്നതിനാലും അറബിഭാഷയിലെ മറ്റൊരു ഗ്രന്ഥവും ഈ അവകാശവാദം ഉന്നയിച്ചിട്ടില്ലെന്നതിനാലും ഖുർആൻ ദൈവത്തിൽ നിന്നുള്ളത് തന്നെയെന്നും അതു മറ്റെല്ലാ ഗ്രന്ഥങ്ങളുടേയും രക്ഷാകർത്താവുകൂടിയാണെന്നും അങ്ങനെയല്ലാത്തപക്ഷം മറ്റു ഗ്രന്ഥങ്ങളും ദുർബലപ്പെടുമാറാകുന്നതാണെന്നും സമ്മതിക്കാതെ തരമില്ല.* (മിനനുർ റഹ്മാൻ - Favours of the Beneficient - P, 4, 5)

ലോകത്തിലെ ഭാഷകൾ ഒരു പൊതുമൂലത്തിൽ നിന്നുൽഭവിച്ചതാണെന്ന ചർച്ചയിൽ ഭാഷാശാസ്ത്രജ്ഞന്മാർ മുൻധാരണകളുടേയും ചില പക്ഷപാതിത്വങ്ങളുടേയും അടിസ്ഥാനത്തിൽ അറബിഭാഷയെ ഒഴിവാക്കുകയായിരുന്നു. 18-ാം നൂറ്റാണ്ടിൽ ഓറിയന്റലിസത്തിന്റെ പ്രത്യേകിച്ച് ഇൻഡോളജിയുടെ വളർച്ചയോടെ സംസ്കൃത ഭാഷയിലേക്ക് ഭാഷാപണ്ഡിതന്മാരുടെ ശ്രദ്ധ തിരിഞ്ഞു. ക്രിസ്തുവിന് രണ്ടായിരം വർഷം മുമ്പ് ജീവിച്ച യാസ്കന്റെ സംസ്കൃത ധാതുപദങ്ങളുടെ നിരുക്തകോശം വാസ്തവത്തിൽ അവരെ അത്ഭുതപ്പെടുകയുണ്ടായി. യാസ്കന്റെ നിരുക്തകോശത്തിൽ തന്നെ തനിക്ക് മുമ്പുള്ള അഗ്രായണൻ, ഔദുംബരായണൻ, ഔപമന്യവൻ, ഔർണഭാവൻ, കാത്ഥക്യൻ, കൗത്സൻ, ഗാർഗ്യൻ മുതലായ 18 നൈരുക്തികന്മാരെക്കുറിച്ച് പ്രതിപാദനമുണ്ട്. (സംസ്കൃതനിരുക്തകോശം - എൻ.കെ. രാജഗോപാൽ) പുരാതന ഭാരതത്തിലെ പാണിനി, കാത്യായനൻ, പതഞ്ജലി, ഭർതൃഹരി, സായണൻ മുതലായ വൈയാകരണന്മാരും നിരുക്തകാരന്മാരും ഭാഷാപടുക്കളുടെയും രചനകൾ സംസ്കൃതഭാഷയുടെ ഗരിമയും ഉന്നതിയും വിളിച്ചോതുന്നതാണ്. സർ വില്ല്യം ജോൺസ്, മാക്സ്മുള്ളർ, ഹെർമൻ ജക്കോബി, ബോപ്പ് ടി, ജെ. മുയിൻ, ബുഹ്ലർ മുതലായ നിരവധി പ്രതിഭാശാലികളായ ഇൻഡോളജിസ്റ്റുകൾ, സംസ്കൃതത്തിന്റെ മഹത്വം ലോകത്ത് എടുത്തുകാട്ടുകയുണ്ടായി.

അക്കൂട്ടത്തിൽ സർ വില്ല്യം ജോൺസ് (1746-94) അസാധാരണനായ ഒരു ഭാഷാപണ്ഢിതനായിരുന്നു. ബ്രിട്ടീഷിന്ത്യയിലെ കൽക്കത്തയിൽ സുപ്രിംകോടതി ജഡ്ജിയായി പ്രവർത്തിച്ച അദ്ദേഹം, അറബി, പേർഷ്യൻ, സംസ്കൃതം, ഗ്രീക്ക്, ലത്തീൻ മുതലായ ഭാഷകളിൽ അഗാധപാണ്ഡിത്യം നേടിയ ഒരു പ്രതിഭാശാലിയായിരുന്നു. അദ്ദേഹത്തിന് 28 ഭാഷകൾ വശമായിരുന്നു. ഇസ്ലാമിനു മുമ്പുണ്ടായിരുന്ന ജാഹിലിയ്യാ കാലഘട്ടത്തിലെ 'മൊഅല്ലകാത്ത്' ഇംഗ്ലീഷിലേക്ക് ആദ്യമായി വിവർത്തനം ചെയ്തത് അദ്ദേഹമായിരുന്നു. 1786ൽ ബംഗാളിൽ 'ഏഷ്യാറ്റിക്ക് സൊസൈറ്റിയുടെ സ്ഥാപനം നിർവ്വഹിച്ച അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൽ സംസ്കൃത ഭാഷയുടെ അതുപോലെ ഗ്രീക്ക്, ലത്തീൻ മുതലായ ഭാഷകൾക്കെല്ലാം പൂർവ്വഗാമിയായി ഒരു ഭാഷ തീർച്ചയായും ഉണ്ടായിരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്.

## അറബിയും സംസ്കൃതവും

സംസ്കൃതത്തിന്റെ ഈ അധീശത്വത്തെ വളരെ യുക്തിപൂർവ്വം വിശകലനം ചെയ്തുകൊണ്ട് പ്രശസ്ത അഹ്മദിയ്യാ ഭാഷാശാസ്ത്രപണ്ഡിതനും ഹദ്റത്ത് അഹ് മദിന്റെ മിനനുറഹ്മാന്റെ ഭാഷ്യാകാരനുമായ മുഹമ്മദ് അഹ് മദ് മസ്ഹർ സാഹിബിന്റെ ഇത് സംബന്ധിച്ചുള്ള സുദീർഘമായൊരു ഉദ്ധരണി താഴെ ചേർക്കാം.

ക്രിസ്തുവിന് മുമ്പ് നാലാം നൂറ്റാണ്ടിൽ തന്നെ ഹിന്ദുക്കൾ ഭാഷാശാസ്ത്രവിഷയത്തിൽ പുരോഗതി നേടിക്കഴിഞ്ഞിരുന്നു. സംസ്കൃതം അതിവിപുലവും മനോഹരവുമായ ഭാഷയാണെന്ന കാര്യത്തിൽ തർക്കമില്ല. ഈ രണ്ടുകാര്യങ്ങളും യൂറോപ്യൻ പണ്ഡിതന്മാർക്ക് ആ ഭാഷയോടുള്ള ആദരവിനെ ന്യായീകരിക്കുന്നു. സംസ്കൃതഭാഷക്കുള്ള ഭംഗി ഭാഗികമായി സ്വകീയവും ഭാഗികമായി മനുഷ്യാദ്ധ്വാനത്തിന്റെ ഫലവുമാണ്. വളരെ പഴക്കമുള്ള ഭാഷയായ സംസ്കൃതം ഇതരഭാഷകളെ അപേക്ഷിച്ച് അറബിയോട് അടുത്തുനിൽക്കുന്നതായി വ്യക്തമാകും. സംസ്കൃതത്തിന്റെ സ്വകീയഭംഗികൊണ്ട് അതു അറബിഭാഷയോട് വിധേയത്വം പുലർത്തുന്നുണ്ട്. എന്നാൽ അറബിഭാഷയുടെ അതിവ്യാപ്തമായ സമൃദ്ധിയുടെയും ഭാവസൗന്ദര്യത്തിന്റേയും വളരെ കുറഞ്ഞ ഭാഗമേ സംസ്കൃതത്തിനുള്ളു. മനുഷ്യാദ്ധ്വാനത്തോട് - അഥവാ യാസ്കൻ, പാണിനി മുതലായ ഗ്രന്ഥകാരന്മാരുടെ പ്രയത്നങ്ങളോട് സംസ്കൃതത്തിന് കടപ്പാടുള്ളപ്പോൾ, അറബിഭാഷയാകട്ടെ അനാദികാലം

മുതൽ മനുഷ്യരുടെ കരസ്പർശ മേൽക്കാതെ നിലകൊള്ളുകയാണ്. അറബിഭാഷയുടെ മനോഹാരിത സ്വതസിദ്ധവും ദൈവദത്തവുമെന്നർത്ഥം. അറബിയും സംസ്കൃതവും തമ്മിലുള്ള അന്തരം താരതമ്യപ്പെടുത്തുകയാണെങ്കിൽ സ്വാഭാവികമായ ഒരു വസ്തുവിനേയും കൃത്രിമമായ മറ്റൊന്നിനേയും ദർശിക്കുന്നതുപോലെയായിരിക്കും അതു.

യൂറോപ്യൻ പണ്ഡിതന്മാർ സംസ്കൃതഭാഷയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരാവുകയും അതിന്റെ ഫലമായി ഇൻഡോ-യൂറോപ്യൻ ഭാഷകളുടെ മാതാവാണ് സംസ്കൃ തം എന്ന സിദ്ധാന്തം ബലപ്പെടുകയും ചെയ്തു. എന്നാൽ പുതിയ അറിവിന്റേയും പരിജ്ഞാനത്തിന്റേയും വെളിച്ചത്തിൽ ഈ സിദ്ധാന്തം യുക്തിസഹമല്ലെന്ന് ഏറെ താമസിയാതെ വ്യക്തമാക്കപ്പെട്ടു. താഴെ നൽകുന്ന തെളിവുകൾ അതു സ്പഷ്ടമാക്കുന്നു.

## സർ വില്ല്യം ജോൺസ്

സംസ്കൃതഭാഷയിലെ ആദ്യത്തെ മഹാനായ യൂറോപ്യൻ പണ്ഡിതനെന്ന് ഗണിക്കപ്പെടുന്നു. സർ വില്ല്യം ജോൺസ് (1746-1794) ആണ്. സംസ്കൃതത്തേയും താരതമ്യഭാഷാശാസ്ത്രപഠനത്തേയും യൂറോപ്പിലേക്ക് കൊണ്ടുവന്നത്. അദ്ദേഹത്തിന് 24 വയസ്സുപ്രായമായപ്പോൾ തന്നെ ഹീബ്രു, അറബി, പേർഷ്യൻ എന്നിവ ഉൾപ്പെടെ പത്തുവിദേശഭാഷകളിൽ പ്രാവീണ്യം നേടിക്കഴിഞ്ഞിരുന്നു. 1873ൽ കൽക്കത്തയിലെ സുപ്രീംകോടതി ജഡ്ജിയായി അദ്ദേഹം നിയമിതനായി. മാക്സ്മുള്ളർ പറയുന്നു.

1784ൽ കൽക്കത്തയിൽ സർ വില്യം ജോൺസ് ഏഷ്യാറ്റിക്ക് സൊസൈറ്റി സ്ഥാപിച്ചകാലം മുതൽക്കാണ് യൂറോപ്യർ സംസ്കൃതഭാഷാശാസ്ത്രം എന്നു വിളിക്കപ്പെട്ടുവന്നതിന്റെ ചരിത്രം ആരംഭിക്കുന്നത്. 1786ൽ സർ വില്യം ജോൺസ് തന്റെ ഒരു പ്രസംഗമദ്ധ്യേ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

*"സംസ്കൃതഭാഷയുടെ പഴമ എന്തുമായിക്കൊള്ളട്ടെ. അതിന്റെ ഘടന അത്ഭുതകരമാണ്. ക്രിയാപദങ്ങളുടെ മൂലം, വ്യാകരണത്തിന്റെ രൂപം എന്നിവകളിൽ ലാറ്റിൻ, ഗ്രീക്ക് ഭാഷകളുമായി സംസ്കൃതത്തിനു കൂടുതൽ ചേർച്ചകളുള്ളതായികാണാം. ഈ മൂന്നുഭാഷകളും ഏതോ പൊതുവായ ഉറവിടത്തിൽ നിന്നുണ്ടായവയാണെന്ന് അവ പരിശോധിക്കുന്ന ഏതു ഭാഷാശാസ്ത്രജ്ഞനും വിശ്വസിക്കാതിരിക്കില്ല. ആ പൊതുവായ ഉറവിടമാകട്ടെ പക്ഷെ നിലവിലില്ലതാനും."*

വളരെ പ്രധാനപ്പെട്ട രണ്ടു ഉപാധികൾക്ക് ശ്രദ്ധാപൂർവ്വം വിധേയമാക്കിക്കൊണ്ടാണ് സർ വില്യം ഈ പ്രസ്താവന ചെയ്തതെന്ന് ഓർക്കേണ്ടതുണ്ട്.

(എ) സംസ്കൃതഭാഷയുടെ പഴമ എന്തുമായിക്കൊള്ളട്ടെ. സർ വില്യമിന്റെ അഭിപ്രായമനുസരിച്ച് സംസ്കൃതം ആദ്യഭാഷയാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല.

(ബി) പൊതുവായ ഉറവിടമാകട്ടെ ഒരുപക്ഷെ നിലവിലില്ലതാനും. ഇതിലുമടങ്ങിയിട്ടുള്ള ധ്വനി പൊതുവായ ഉറവിടം പിന്നീട് കണ്ടെത്തിയേക്കാം എന്നാണ്.

സർ വില്യമിന്റെ മേലുദ്ധരിച്ച അഭിപ്രായത്തോട് പിന്നീട് ബോപ്പ് (1791-1887) എന്നു പേരായ ജർമ്മൻ സംസ്കൃതപണ്ഡിതനും യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്കൃതവ്യാകരണഗ്രന്ഥം പോലും രചിച്ചിട്ടുള്ള മാന്യദേഹവും കൂടിയാണ് ബോപ്പ്, അദ്ദേഹം പറയുന്നു.

*"ഒരു മൂലഭാഷയിൽ നിന്നുണ്ടായ വ്യതിയാനങ്ങളാണ് ലാറ്റിൻ, ഗ്രീക്ക്, സംസ്കൃതം എന്നീ ഭാഷകളെന്നു കരുതാൻ ഞാൻ ഏറെക്കുറെ പ്രേരിതനാവുന്നു. സംസ്കൃതം അതിന്റെ ബന്ധുഭാഷകളെ അപേക്ഷിച്ച് കൂടുതൽ ഭദ്രമായി മൂലത്തെ സംരക്ഷിച്ചു (ജസ്പേർസൺ പുറം 48)*

ഭാഷയെകുറിച്ചുള്ള തന്റെ പുസ്തകത്തിന്റെ 12-ാം പേജിൽ ബ്ലുംഫീൽഡ് ഇപ്രകാരം എഴുതുകയുണ്ടായി.

*"സംസ്കൃതത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്നതാണ് യൂറോപ്യൻ ഭാഷകൾ എന്ന അഭിപ്രായത്തിൽ ഭാഷാപരമായ ബന്ധങ്ങളെ കുറിച്ചുള്ള പഴയ അവ്യക്താശയങ്ങൾ കുറച്ചുകാലം നിലനിന്നു. എങ്കിലും ഈ അഭിപ്രായം സ്വാഭാവികമായും ശരിയായ വിശദീകരണത്തിനു വഴിമാറികൊടുത്തു. ഒരു ചരിത്രാതീതഭാഷയുടെ പിന്നീടുണ്ടായ വൈവിധ്യമാർന്ന രൂപങ്ങളാണ് സംസ്കൃതം, ലാറ്റിൻ, ഗ്രീക്ക് മുതലായവ എന്നത്രെ ഇതുസംബന്ധമായ ശരിയായ വിശദീകരണം."*

സംസ്കൃതം ആദ്യത്തെ ഭാഷയല്ലെന്നുള്ള സർ വില്യമിന്റെയും ബോപ്പിന്റേയും വീക്ഷണത്തോട് നിരക്കുന്നതാണ് മുകളിലുദ്ധരിച്ചതും എന്നത് വ്യക്തമാണ്.

മാക്സ്മുള്ളർ ഇപ്രകാരം എഴുതി: "ഗ്രീക്കിലോ ലാറ്റിനിലോ ഉള്ള ഏതെങ്കിലും വാക്കിനെ സംസ്കൃതത്തിൽ നിന്ന് ഉരുത്തിരിഞ്ഞ നിലക്ക് ചിന്തിക്കാൻ പോലും കാര്യജ്ഞാനമുള്ള ഒരു പണ്ഡിതനും തയ്യാറാവില്ല. ഫ്രഞ്ച്, ഇറ്റാലിയൻ ഭാഷകൾക്ക് ലാറ്റിൻ ഏതുപ്രകാരം മാതാവാണോ അതുപ്രകാരം സംസ്കൃതം ഗ്രീക്കിന്റേയോ, ലാറ്റിന്റേയോ മാതാവല്ല. സംസ്കൃതം, ഗ്രീക്ക്, ലാറ്റിൻ എന്നിവ സഹോദരിമാരാകുന്നു." - (സയൻസ് ഓഫ് ലാഗ്വേജ് സെക്കന്റ് സീരിസ് പുറം 426.)

ഉടനെ ഉയർന്നുവരുന്ന ഒരു ചോദ്യമുണ്ട്. ഈ മൂന്നു സഹോദരിമാരുടെ മാതാവ് എവിടെ? അമ്മ കുറഞ്ഞകാലം ജീവിച്ചവളും ആകർഷണമില്ലാത്തവളുമായിരുന്നോ? പെൺമക്കളാവട്ടെ സ്ഥിരമായ ജീവിതദൈർഘ്യമുള്ളവരും ലോകത്തിന്റെ പകുതിഭാഗത്തെ സ്വാധീനിച്ചവരുമായിരുന്നുവോ?

സമീപകാലത്ത് ജീവിച്ച പണ്ഡിറ്റ് ബ്രഹ്മാനന്ദ സരസ്വതി പറയുന്നതെന്താണെന്നു നോക്കാം. 'വോയ്സ്

**(ശേഷം 22-ൽ)**

ലേഖനം

പ്രൊഫ. അബ്ദുസ്സലാം

# ഇസ്‌ലാമും ശാസ്ത്രവും: സംഘട്ടനമോ സമന്വയമോ?

**ഇസ്‌ലാം മതത്തിന്റെ ഏറ്റവും വലിയ പ്രത്യേകത മതവും ശാസ്ത്രവും തമ്മിലുള്ള സമന്വയമാണ്. നോബൽ സമ്മാന ജേതാവായ പ്രൊഫ. അബ്ദുസ്സലാം പാരീസിലെ യുനസ്കോ ഹാളിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്**

***പാ**രീസിലെ യുനെസ്കോ ഹൗസിൽ വെച്ച് നോബൽ സമ്മാനജേതാവ് പ്രൊഫ. അബ്ദുസ്സലാം നിർവ്വഹിച്ച പ്രസംഗത്തിന്റെ പരിഭാഷയാണിത്. 'Islam and West' എന്ന വിഷയത്തിൽ യുനെസ്കോ സംഘടിപ്പിച്ച ഈ പ്രസംഗം. ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോൺഫറൻസിന്റെ (OIC) സെക്രട്ടറി ജനറൽ ഡോ. ഹബീബ് ചാഹിയാണ് ഉദ്ഘാടനം ചെയ്തത്. ഇസ്‌ലാമിന്റെ ഭാഗത്തു നിന്ന് രണ്ടുപേരും പാശ്ചാത്യ സംസ്കാരത്തിന്റെ പ്രതിനിധിയായ രണ്ടു പേരുമാണ് സെമിനാറിൽ പങ്കെടുത്തത്. മുസ്‌ലിം ഭാഗത്തുനിന്നും പ്രൊഫ. അബ്ദുസ്സലാമിനെ കൂടാതെ സൗഊദി അറേബ്യയുടെ ആരോഗ്യമന്ത്രിയായിരുന്ന ഡോ. ഹുസൈൻ അൽ ജസ്‌റിയാണ് പ്രസംഗിച്ചത്. അദ്ദേഹം ലോകാരോഗ്യസംഘടന (WHO) യുടെ റീജനൽ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. പാശ്ചാത്യരെ പ്രതിനിധീകരിച്ച് പ്രൊഫ. ലുയീസ് ലെപ്രൻസ് റിൻഗ്വറ്റ് (എമിറേറ്റ് പ്രൊഫസർ ഫിസിക്സ്, ഇക്കോളി പൊളിടെക്നിക്ക് ഫ്രാൻസ്)** *പ്രൊഫ. ജീൻ ബർനാർഡ് (പ്രസിഡണ്ട് ഫ്രഞ്ച് അക്കാദമി ഓഫ് സയൻസ്)*

**വിശുദ്ധ ഖുർആനും ശാസ്ത്രവും**

ആരംഭത്തിൽ തന്നെ ഞാൻ പറയാനാഗ്രഹിക്കട്ടെ. ഞാൻ ഒരു വിശ്വാസിയും അതേ സമയം മുസ്‌ലിമായി ജീവിതം നയിക്കുന്നയാളുമാണ്. ഞാൻ ഒരു മുസ്‌ലിമാണെന്നതിനാൽ വിശുദ്ധ ഖുർആന്റെ ആത്മീയ സന്ദേശത്തി ൽ വിശ്വസിക്കുന്നു. ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ പ്രപഞ്ച വിജ്ഞാനിയം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം എന്നി വിഷയങ്ങളിൽ അടയാളമെന്നോണം ഖുർആൻ പറഞ്ഞ ഉദാഹരണങ്ങളെക്കുറിച്ച് ചിന്തിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്.

*മേഘങ്ങളിലേക്ക് അവർ നോക്കുന്നില്ലേ? അവ എങ്ങിനെ സൃഷ്ടിക്കപ്പെട്ടുവെന്ന് ആകാശത്തിലേക്കും അവർ നോക്കുന്നില്ലേ. അതെങ്ങനെ ഉയർത്തപ്പെട്ടുവെന്ന്. പർവ്വതങ്ങളിലേക്ക് അവർ നോക്കുന്നില്ലേ. അതെങ്ങനെ നാട്ടിനിർത്തപ്പെട്ടിരിക്കുന്നുവെന്ന്, അവർ ഭൂതലത്തിലേക്ക് നോക്കുന്നില്ലേ. അതെങ്ങനെ വിരിക്കപ്പെട്ടിരിക്കുന്നുവെന്ന് (88:18-21).*

വീണ്ടും ഖുർആൻ പറയുന്നു:

*ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വഭാഗങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ) തങ്ങളുടെ നാഥാ നീ ഇതൊന്നും വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത് നീ പരിശുദ്ധനാണ് അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ.* (3:189-190).

ഖുർആൻ, വിജ്ഞാനിയുടെ (ആലിമിന്റെ) ഔന്നത്യത്തെ അംഗീകരിക്കുന്നു. ജ്ഞാനവും അന്തർദൃഷ്ടിയുമുള്ള ആളെയാണ് ആലിം എന്ന് പറയുന്നത്. എന്നിട്ട് ഖുർആൻ ചോദിക്കുന്നു. *'ഇത്തരത്തിലുള്ള ഗുണങ്ങളുള്ളവൻ അതില്ലാ*

*ത്തവനെപോലെയാകുമോ'.* ഖുർ ആനിലെ 750 (ഖുർആന്റെ എട്ടിൽ ഒരു ഭാഗം വരും ഇത്). ആയത്തുകൾ വിശ്വാസികളെ വിജ്ഞാനം ആർജിക്കാൻ ഉദ്ബോധിപ്പിക്കുന്നതാണ്. യുക്തി യെ ഏറ്റവും നല്ല നിലയിൽ അങ്ങേയറ്റം വരെ ഉപയോഗിക്കാനും ശാസ്ത്രീയ ബോധം സമൂഹ ജീവിതത്തിന്റെ ഭാഗമാക്കാനും ഖുർആൻ ആഹ്വാനം ചെയ്യുന്നു.

ജ്ഞാനവും ശാസ്ത്രവും അന്വേഷിച്ച് കണ്ടെത്തൽ ഓരോ മുസ്ലിമിന്റേയും ബാദ്ധ്യതയാണെന്ന് റസൂൽ തിരുമേനി (സ) ഊന്നിപറയുകയുണ്ടായി. ചൈനയിൽ പോയെങ്കിലും ജ്ഞാനം ആർജിക്കേണമെന്ന് റസൂൽ തിരുമേനി തന്റെ അനുയായികളെ ഉദ്ബോധിപ്പിച്ചു. റസൂൽ തിരുമേനി (സ) മതപരമായ ജ്ഞാനത്തെക്കാൾ ഭൗതിക ജ്ഞാനമായിരുന്നു ഇവിടെ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തം. അതുപോലെ തന്നെ വിജ്ഞാനം ആർജിക്കുന്ന തിനുള്ള അന്തർദേശീയതയും ഇതിൽ അദ്ദേഹം ഊന്നി പറഞ്ഞിരിക്കുന്നു.

ഇസ്ലാമിലെ ഏതൊരു മൗലികവാദിയും റസൂൽ തിരുമേനി(സ) യുടെ പ്രസ്താവനയിൽ നിന്നുകൊണ്ടായിരിക്കണം ചിന്തിക്കേണ്ടത്. ഇതോടനുബന്ധിച്ചുള്ള മറ്റൊരു പ്രസ്താവം മൗറീസ് ബുക്കായ് തന്റെ 'ഖുർആൻ ബൈബിൾ മോഡേൺ സയിൻസ്' എന്ന ഗ്രന്ഥത്തിൽ പറഞ്ഞ കാര്യമാണ്. പ്രകൃതിയിലെ പ്രതിഭാസങ്ങളെ പറ്റി ഖുർആൻ വിവരിച്ച ഒരു വചനങ്ങളിലും ശാസ്ത്രത്തിൻ നാം കണ്ടുപിടിച്ച നിർണ്ണിത സത്യങ്ങളുമായി വൈരുദ്ധ്യമുണ്ടാക്കുന്ന ഒരു പരാമർശവും കാണാൻ സാധ്യമല്ല. എന്ന വസ്തുതയാണ്.

ഇതിനോട് കൂട്ടിച്ചേർക്കാൻ കഴിയുന്ന എന്റെ മൂന്നാമത്തെ പ്രസ്താവന, ഗലീലിയോ, ജിയോർദനോ ബ്രൂണോ എന്നിവർക്കുണ്ടായത് പോലെയുള്ള ഒരനുഭവം മുഴുവൻ ഇസ്ലാമിക ചരിത്രം പരിശോധിച്ചു നോക്കിയാലും നമുക്ക് കാണാൻ സാധ്യമല്ല. മതപരമായ പീഡനം, ഭത്സനം, സാമൂഹ്യബഹിഷ്ക്കരണം മുതലായവ മതവിശ്വാസങ്ങളുടെ പേരിൽ ഇസ്ലാമിക ചരിത്രത്തിലുണ്ടായിട്ടുണ്ട്. പക്ഷേ, ശാസ്ത്രജ്ഞന്മാർക്കെതിരെ ഇത്തരത്തിലുള്ള പീഢനങ്ങൾ ഉണ്ടായിട്ടില്ല. വിരോധാഭാസമെന്ന് പറയട്ടെ. ഇസ്ലാമിക ചരിത്രത്തിൽ വ്യവസ്ഥാപിതമായുണ്ടായ ആദ്യത്തെ മതവിചാരണ കോടതിയുടെ പീഢനം (ഇൻക്വിസിഷൻ) ഉണ്ടായത് യാഥാസ്ഥിതിക മതശാസ്ത്രികളുടെ ഭാഗത്ത് നിന്നല്ല. യുക്തിവാദികൾ എന്നറിയപ്പെടുന്ന മുഅ്തസിലുകളിൽ നിന്നാണ്. അവരാകട്ടെ തങ്ങൾ യുക്തി ഉപയോഗിക്കുന്നവരാണെന്ന് അഭിമാനിക്കുന്ന കൂട്ടരാണ്. അഭിവന്ദ്യനും സാത്വികനുമായ അഹ്മദ് ബിൽ ഹംബൽ അവരുടെ ചാട്ടവാറടിക്ക് വിധേയനായ പ്രഗത്ഭ പണ്ഡിതനാണ്.

## ആദ്യകാല ഇസ്ലാമും ശാസ്ത്രവും

വിശുദ്ധഖുർആന്റേയും റസൂൽ തിരുമേനി(സ) യുടെയും ആഹ്വാനങ്ങൾ ആദ്യകാല മുസ്ലിംകൾ എത്ര ഗൗരവത്തോടെയാണ് കണ്ടിരുന്നതെന്ന് നോക്കാം.

റസൂൽ തിരുമേനി (സ)യുടെ വിയോഗത്തിന് നൂറ് വർഷങ്ങൾക്ക് ശേഷം മുസ്ലിംകൾ അന്നറിയപ്പെട്ടിരുന്ന ശാസ്ത്രത്തിന്റെ മേധാവികളായി മാറി. വ്യവസ്ഥാപിതമായ രീതിയിൽ അന്നു നിലവിലുണ്ടായിരുന്ന സകല വിജ്ഞാനവും അവരുടെ ജനകീയ ഭാഷയായ അറബിയിലേക്ക് വിവർത്തനം ചെയ്തു. ഉന്നത പഠനത്തിനായുള്ള കേന്ദ്രങ്ങൾ (ബൈത്തുൽ ഹിക്മ) സ്ഥാപിക്കുകയും പിന്നീട് അടുത്ത 350 വർഷക്കാലം ശാസ്ത്രലോകത്തിന്റെ അധിപതികളായി മുസ്ലിംകൾ വർത്തിക്കുകയും ചെയ്തു.

ഏറെക്കുറെ വസ്തുനിഷ്ഠമായ രീതിയിൽ തന്റെ പ്രശസ്തമായ 'ഹിസ്റ്ററി ഓഫ് സയിൻസ്' എന്ന പുസ്തകത്തിൽ ജോർജ് സാർട്ടൺ ഇതു സംബന്ധിച്ച് ഒരവലോകനം നടത്തുന്നുണ്ട്. സാർട്ടൺ ശാസ്ത്രലോകത്തുണ്ടായ അത്യുന്നത നേട്ടങ്ങളെ ഓരോ കാലഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ കാലഘട്ടവും 50 വീതം കാല ദൈർഘ്യമുള്ള ഖണ്ഡങ്ങളാണ്. ഈ സമയ ഖണ്ഡങ്ങളെ ഓരോ ശാസ്ത്ര പ്രതിഭകളുമായിട്ടാണ് ബന്ധിച്ചിരിക്കുന്നത്. അതായത് 500 -450 ബി.സി. വരെ പ്ലാറ്റോയുടെ കാലമാണ്. പിന്നീട് അരിസ്റ്റോട്ടിൽ, യൂക്ലിഡ്, ആർക്കിമിഡീസ് അങ്ങിനെ പോകുന്നു. ക്രി. വ. 750 മുതൽ 1100 വരെ ജാബിർ ഖവാരിസ്മി, റാസി, മസ്ഊദി, അബുൽ വഫാ ബിറൂണി, ഒമർഖയ്യാം മുതലായവരുടെ അഖണ്ഡ നിരയാണുള്ളത്. ഈ 350 വർഷങ്ങളത്രയും ഇസ്ലാമിക രാജ്യങ്ങളിൽ നിന്നുള്ള അറബികളും തുർക്കികളും അഫ്ഗാനികളും പേർഷ്യക്കാരുമായ രസതന്ത്രജ്ഞരും, ബീജഗണിതജ്ഞരും ഭൗതിക ശാസ്ത്രജ്ഞരുമായിരുന്നു ലോകത്തിലെ ശാസ്ത്രമേഖല സമൂലം അടക്കിവാണത്. സാർട്ടന്റെ ഈ പട്ടികയിൽ ക്രി. വ. 1100 ന് ശേഷമാണ് ഒരു യൂറോപ്യൻ ഈ രംഗത്ത് പ്രത്യക്ഷപ്പടുന്നുള്ളൂ എന്നത് ശ്രദ്ധേയമാണ് അവിടുന്നങ്ങോട്ടുള്ള അര നൂറ്റാണ്ടു കാലയളവിൽ ഇബ്നു റുശ്ദ്, നസീറുദ്ദീൻതുസി, ഇബ്നു നാഫിസ് എന്നീ ശാസ്ത്ര വിശാരദന്മാരുടെ സംഭാവനകളിൽ അല്പസ്വൽപം പങ്കാളിത്തം അവകാശപ്പെടാനേ പാശ്ചാത്യർക്ക് സാധിച്ചിരുന്നുള്ളൂ എന്നുള്ളതും സ്മർത്തവ്യമാണ്.

ഇസ്ലാം മതത്തിൽ ശാസ്ത്ര


20

സംരംഭങ്ങളുടെ വിജയത്തിന് പ്രധാന കാരണം അതിന്റെ അന്തർദേശിയ സ്വഭാവമായിരുന്നു. ഇസ്ലാമിക സമൂഹം ദേശീയവും, ഗോത്രീയവും വർണ്ണപരവുമായ എല്ലാ വിഭജനങ്ങളേയും അതിവർത്തിച്ചു നിൽക്കുന്നു. ആദ്യകാല മുസ്ലിംകൾ പുറത്തുനിന്നള്ളവരോടും അവരുടെ ആശയങ്ങളോടും വളരെ സഹിഷ്ണുതാപൂർവ്വമായിരുന്നു പെരുമാറിയിരുന്നത്.

മറ്റൊന്ന് ഇസ്ലാമിക സമൂഹം ശാസ്ത്രത്തിന്റെ പുരസ്ക്കർത്താക്കളും അതിനോട് ബഹുമാനം പുലർത്തുന്നവരുമാണ് എന്നതാണ്. അറബി ഭാഷയെപ്പറ്റി H.A.R. ഗിബ്ബ് പറഞ്ഞത് കടമെടുത്ത് പറയുകയാണെങ്കിൽ ശാസ്ത്രത്തിന് സമാന്തരമായി വളർച്ച പ്രാപിച്ച അറബിസാഹിത്യത്തിന്റെ പുരോഗതിയാണ് ഈ വളർച്ചക്ക് കാരണമാണെന്നാണ്. അദ്ദേഹം പറയുന്നു: മറ്റിടങ്ങളെ അപേക്ഷിച്ച് ഇസ്ലാമിൽ ശാസ്ത്രം ഗുണപൗഷ്കല്യം നേടിയത് സോപാധികമാണ്. വർദ്ധിച്ച ഔദാര്യവും, പോഷണവും അതിന്മേൽ ചൊരിയപ്പെടുകയുണ്ടായി. മുസ്ലിം സമൂഹത്തിന് എവിടെയും ജീർണതയേറ്റുവോ അവിടെയെല്ലാം ശാസ്ത്രത്തിന്റെ ഊർജ്ജസ്വലതയും ശക്തിയും നഷ്ടപ്പെട്ടിട്ടുണ്ട്. എവിടെയെല്ലാം രാജാക്കന്മാരും മന്ത്രിമാരും ശാസ് ത്രത്തെ പരിപോഷിപ്പിക്കുന്നതിൽ സന്തോഷവും ബഹുമതിയും ക്ഷേമവും കണ്ടെത്തിയോ അവിടങ്ങളിലെ വിജ്ഞാനദീപം വെളിച്ചം തൂവി ജ്വലിച്ചു നിൽക്കുകയുണ്ടായി.

## ഇസ്ലാമിലെ ശാസ്ത്രത്തിന്റെ സുവർണ്ണകാലം

ഇസ്ലാമിക ചരിത്രത്തിലെ ശാസ്ത്രത്തിന്റെ സുവർണ്ണയുഗം ക്രി വ. 1000 ത്തോടനുബന്ധിച്ചതാണെന്ന് യാതൊരു സംശയവുമില്ലാത്ത പറയാൻ സാധിക്കും. മദ്ധ്യകാലഘട്ടത്തിന്റെ അവസാനത്തെ പ്രതിനിധിയായ ഇബ്നുസീന (അവിസെന്ന) യും ആധുനിക കാലഘട്ടത്തിന്റെ ആദ്യത്തെ പ്രതിനിധിയായ ഇബ്നു അൽഗൈത്തമും അൽബിറുണിയും ഈ കാലഘട്ടത്തിലാണ് ജീവിച്ചത്. ഇബ്നു അൽഹൈത്തം (അൽഹസൺ ക്രി. വി 965-1039) എക്കാലത്തെയും ഏറ്റവും വലിയ ഭൗതിക ശാസ്ത്രജ്ഞനായിരുന്നു. പ്രകാശ രശ്മിയെ മാധ്യമത്തിലൂടെ കടന്നുപോകുമ്പോൾ അത് ഏറ്റവും എളുപ്പമുള്ളതും വേഗതയേറിയതുമായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നുവെന്ന് കണ്ടെത്തിയത് ഇദ്ദേഹമാണ്. ഈ വിഷയത്തിൽ പിൽക്കാലത്ത് ആവിഷ്ക്കരിച്ച ഫെർമാറ്റിന്റെ അല്തമ - സമയതത്വം (Time Thoery least) നൂറ്റാണ്ടുകൾക്ക് മുമ്പേ ഇബ്നു ഹൈത്തം കണ്ടെത്തിയതായിരുന്നു. അതുപോലെ അദ്ദേഹം ജഡത്വ നിയമം (Theory of inertia) ആവിഷ്ക്കരിക്കുകയുണ്ടായി. അത് ന്യൂട്ടന്റെ ഒന്നാം ചലനനിയമമായി (1st law of Motion) പിന്നീട് അറിയപ്പെട്ടു. മറ്റൊന്ന് രണ്ട് ഭിന്ന മാധ്യമങ്ങളിലൂടെ പ്രകാശരശ്മികൾ സഞ്ചരിക്കുമ്പോഴുണ്ടാകുന്ന അപവർത്തനം (Refraction) സമകോണീയ ബലനിയമങ്ങളുടെ വെളിച്ചത്തിൽ വിശദീകരിച്ചതാണ്. ഇത് പിന്നീട് ന്യൂട്ടന്റെ പേരിലാണ് അറിയപ്പെട്ടത്. റോജർ ബേക്കന്റെ 'ഓപസ് മാജൂബ് (Opas Majus) അഞ്ചാം ഭാഗം ഇബ്നു ഹൈത്തമിന്റെ പ്രകാശികം (optics) ന്റെ പ്രായോഗികരൂപമാണ്. 'അറബിഭാഷയും അറബിശാസ്ത്രവുമാണ് യഥാർത്ഥ ജ്ഞാനത്തിലേക്കുള്ള ഒരേയൊരു വഴി' എന്ന് ബേക്കൻ പിന്നീട് പറഞ്ഞതിൽ അത്ഭുതപ്പെടാനില്ല.

അൽബിറൂണി (ക്രി.വ. 973 -1048) ഇബ്നുസീനയുടെ സമകാലികനായ ഉജ്ജ്വലനായൊരു ശാസ്ത്രപ്രതിഭയായിരുന്നു ഇബ്നുഹൈത്തമിനെപ്പോലെ അൽബിറൂണി ഒരു പ്രായോഗിക ശാസ്ത്രജ്ഞനായിരുന്നു. പ്രത്യുൽല്പന്ന മതിയായിരുന്ന അദ്ദേഹം വീക്ഷണത്തിൽ ഗലീലിയോവിനെപോലെ ഒരു മദ്ധ്യകാല വിരുദ്ധനുമായിരുന്നു.

പാശ്ചാത്യശാസ്ത്രം എന്നത് ഒരു ഗ്രീക്ക് ഇസ്ലാമിക് സങ്കര ഇതിഹാസമാണെന്ന കാര്യത്തിൽ സംശയമില്ല. പൊതുവായി പറയപ്പെടുന്ന ഒരാരോപണം ഇസ്ലാമിക സയൻസ് ഒരു കടം കൊണ്ട ശാസ്ത്രമാണെന്നാണ്. അതായത് മുസ്ലിം ശാസ്ത്രജ്ഞാനങ്ങൾ ഗ്രീക്ക് സൈദ്ധാന്തിക പാരമ്പര്യം അന്ധമായി തുടരുകയായിരുന്നുവെന്നും രീതി ശാസ്ത്രപരമായി ശാസ്ത്രത്തിന് ഒരു സംഭാവനയും അത് നൽകിയിട്ടില്ല എന്നുമാണ്.

ഈ പ്രസ്താവന തികച്ചും കളവാണ്. എല്ലാകാലത്തുമുണ്ടായ ശാസ്ത്രീയമായ മുന്നേറ്റം മറ്റൊരാളുടെ പാരമ്പര്യത്തിൽ ശാസ്ത്രപ്രവർത്തനം നടത്തികൊണ്ടാണ് ഉണ്ടായത്. പിന്നീട് ഇത് പരിപക്വമാവുന്നു. പഴയ ഗുരുക്കന്മാരുടെ ശാസ്ത്രീയ സങ്കല്പങ്ങളെ സംശയിച്ച് ചോദ്യം ചെയ്യുമ്പോഴാണ് ശാസ്ത്രത്തിൽ പുതിയ പ്രഭാതങ്ങൾ പൊട്ടിവിരിയുന്നത്. അത്തരത്തിലുള്ള പ്രഭാതം പരീക്ഷണനിരീക്ഷണങ്ങളുടെ പുതിയ ഉണർച്ച സൃഷ്ടിക്കുന്നു. ആദ്യകാലത്ത് ഇസ്ലാമിക ശാസ്ത്രത്തിന് ഇത് സംഭവിച്ചു. ഇസ്ലാമിക സയൻസിലെ അഗ്രഗാമികൾ ഇബ്നു ഹൈത്തമും അൻബിറുണിയുമാണ്. അരിസ്റ്റോട്ടിലിനെപറ്റി അൻബിറുന്നയുടെ ഈ പരാമർശം ശ്രദ്ധിക്കുക.

കൂടുതൽ ആളുകളും അരിസ്റ്റോട്ടിലിന്റെ അഭിപ്രായങ്ങളോട് അമിതമായ ബഹുമാനാദരങ്ങൾ കൊടുക്കുന്നതാണ് ഏറ്റവും വലിയ പ്രശ്നം. അരിസ്റ്റോട്ടിലിന്റെ വീക്ഷണങ്ങൾക്ക് ഒരിക്കലും തെറ്റുപറ്റില്ല എന്നാണ് അവരുടെ വിശ്വാസം. അദ്ദേഹം തന്റെ കഴിവിന്റെ പരമാ

വലിപ്പം ചെറുതായിവരും. പ്രവാഹ ഗതി മന്ദമായിവരുമ്പോൾ കല്ല് പൊടിയായി മണ്ണിന്റെ രൂപം പ്രാപിക്കുന്നു. നദി കടലിൽ ചേരുന്ന അഴിമുഖങ്ങളിൽ ഇത് കാണാം. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ഇന്ത്യ ഒരു കാലത്ത് കടലിന്നടിയിലായിരുന്നു വെന്ന് കാണാം. പിന്നീട് ക്രമേണ ഏക്കൽമണ്ണടിഞ്ഞാണ് ഇന്ത്യ എന്ന ഭൂപ്രദേശം രൂപംകൊണ്ടത്."

■

*(18-ൽ നിന്ന് തുടർച്ച)*

ഓഫ് വേദാസ്' എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ 94-ാം പേജിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

"വൈദികഭാഷയും സംസ്കൃതം എന്നു ഇപ്പോൾ വിളിക്കപ്പെടുന്ന ഭാഷയും ഒന്നുതന്നെയാണെന്ന് വിചാരിച്ചുകൂടാ. വൈദികഭാഷയുടെ നേരിട്ടുള്ള തുടർച്ച സംസ്കൃതത്തിനുണ്ടെങ്കിലും രണ്ടും രണ്ടാണ്. വൈദികഭാഷക്ക് പല പ്രത്യേകതകളുമുണ്ട്. സംസ്കൃതത്തിൽ നല്ല അറിവ് ലഭിച്ച ഒരാൾക്ക് വൈദികഗ്രന്ഥങ്ങളെ ഭാഷ്യത്തിന്റെ സഹായം കൂടാതെ മനസ്സിലാക്കാൻ കഴിയുകയില്ല."

ഈ വസ്തുതയും സംസ്കൃതം ആദ്യഭാഷയല്ലെന്ന് മറ്റൊരുതരത്തിൽ സമ്മതിക്കുന്നതിന് തുല്യമാണ്.

(6) സംസ്കൃതം എന്ന വാക്കു തന്നെ ഇതിനു തെളിവു നിരത്തുന്നുണ്ട്. സംസ്കൃതം എന്ന വാക്കിന്റെ അർത്ഥം 'സമാഹരിക്കപ്പെട്ടത്' എന്നാകുന്നു. ഒരുവേള യാസ്കൻ, പാണിനി എന്നീ പണ്ഡിതശ്രേഷ്ഠരുടെ ശ്രമഫലമായി വിവിധ വാമൊഴികൾ സമാഹരിച്ച് ചിട്ടപ്പെടുത്തിയാണ് സംസ്കൃതത്തിന് അന്തിമരൂപവും വ്യാകരണവും ലഭ്യമായതെന്നു കരുതാം. സംസ്കൃതത്തിന് വളരെയധികം സമനാമശബ്ദങ്ങൾ ഉള്ളതായി കാണുന്നു. അവ വിവിധ വാമൊഴികളിൽ നിന്ന് സമാഹരിച്ചതിനുള്ള മറ്റൊരു തെളിവാണ്. ഇങ്ങനെയുള്ള സമാഹരണഫലമായിട്ടുണ്ടായതാണ് സംസ്കൃതം.

ഇതുവരെയുള്ള പഠനത്തിൽ നിന്ന് വ്യക്തമാകുന്നത് സർ വില്യം ജോൺസ്, ബോപ്പ്, ബ്ലൂം ഫീൽഡ്, മാക്സ് മുള്ളർ, പണ്ഡിറ്റ് ബ്രഹ്മാനന്ദ എന്നിവരുടെ പ്രസ്താവനകളിൽ സംസ്കൃതം എന്ന വാക്കു തന്നെ നമ്മെ സംശയരഹിതമായ ഒരു തീരുമാനത്തിലെത്തിക്കുന്നു. ഇൻഡോ-യൂറോപ്യൻ ഭാഷകൾക്ക് മുമ്പ് - അഥവാ സംസ്കൃതത്തിനും മുമ്പ് ഒരു ഭാഷ നിലവിലുണ്ടായിരുന്നുവെന്ന വസ്തുതയാണത്. അതിന് എന്തുപേർ വേണമെങ്കിലും വിളിച്ചുകൊള്ളുക. പ്രോട്ടോ ആര്യൻ എന്നോ സംസ്കൃതത്തിന് മുമ്പുണ്ടായിരുന്ന ഭാഷയെന്നോ, വൈദികഭാഷയെന്നോ ചരിത്രാതീത ഭാഷയെന്നോ എങ്ങിനെ വേണമെങ്കിലും സംബോധന ചെയ്തുകൊള്ളുക. പേരിൽ പ്രത്യേകിച്ച് കാര്യമൊന്നുമില്ല. ചരിത്രാതീതകാലത്തെ ആ ഭാഷ ഇപ്പോഴും ഭൂമിയിൽ നിലനിൽക്കുന്നുണ്ടോ, ഇല്ലയോ? ആര്യൻ, സെമിറ്റിക്ക് ഗ്രൂപ്പുകൾക്കിടയിൽ നഷ്ടപ്പെട്ട കണ്ണി എന്തെന്നു നിശ്ചയിക്കാൻ കഴിയുമോ ഇല്ലയോ എന്നത് മറ്റൊരു പ്രശ്നമാണ്.

സംസ്കൃതത്തെകുറിച്ച് മേൽപറഞ്ഞ സിദ്ധാന്തങ്ങൾ ഉണ്ടാകുവാൻ കാരണമന്വേഷിച്ച് വളരെ ദൂരം പോകേണ്ടതില്ല. സംസ്കൃതം, ലാറ്റിൻ ഗ്രീക്ക് എന്നീ ഭാഷകളുടെ മൂലങ്ങളിൽ പരസ്പര ചേർച്ച തോന്നിപ്പിക്കുന്ന വശങ്ങൾ ഉണ്ട്. ഇവയിൽ കൂടുതൽ പഴക്കവും വിപുലവുമായ ഭാഷ സംസ്കൃതമായതുകൊണ്ട് അതിനെ ജനകഭാഷയെന്ന് കരുതാനിടയായി. എന്നാൽ ഈ ഭാഷയുടെ മൂലശബ്ദങ്ങളിൽ കൂടുതലായും പരസ്പര ചേർച്ചയില്ലാത്തവയാണ്. അഭിപ്രായഗതികൾക്ക് ആകെ പൂർണ്ണത കൈവരുത്തുന്നതിനായി സംസ്കൃതം ഉൾപ്പെടെയുള്ള ആര്യൻ ഭാഷകൾ ഒരു ചരിത്രാതീതഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞതാണെന്ന സിദ്ധാന്തം മുന്നോട്ടുവെച്ചപ്പോൾ, ആ പ്രക്രിയ സംഭവ്യമായ ഒരു വിശദീകരണം മാത്രമായിരുന്നു. ഇതായിരിക്കണം സർ വില്യം ജോൺസ്, ബോപ്പ്, ബ്ലൂം ഫീൽഡ് തുടങ്ങിയവരുടെ നേരത്തേ ഉദ്ധരിക്കപ്പെട്ട നിരീക്ഷണങ്ങളുടെ പശ്ചാത്തലം. എല്ലിസിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

*"ഭാഷയെ സംബന്ധിക്കുന്ന കേവലശാസ്ത്രം പഠിക്കുന്നിനായി സംസ്കൃതത്തിൽ നിന്നാരംഭിക്കുന്നത് തെറ്റായ ഒരു അറ്റത്തിൽ നിന്നുള്ള തുടക്കം പോലെയത്രെ. ജന്തുശാസ്ത്രം (Zoology) പഠിക്കാനൊരുങ്ങുന്ന ഒരാൾ ജീവാംശമവിജ്ഞാനീയം (Paleontology) ഫോസിലുകളെ അടിസ്ഥാനമാക്കി ചരിത്രാതീതകാലത്തെ ജീവിവർഗ്ഗങ്ങളെപ്പറ്റിയുള്ള ശാസ്ത്രം - പഠിക്കാൻ തുടങ്ങുന്നതു പോലെ!"* (ജെസ് പേർസൺ പുറം: 67)

*(Arabic the mother of whole language - Muhammed Ahmed Mazhar).*

(തുടരും)

■

വധി ഉപയോഗിച്ച് സിദ്ധാന്തവത്കരണം നടത്തുകയാണെന്നാണ് വിചാരിക്കേണ്ടത്. തെറ്റുകളിൽ നിന്നും ദൈവം അദ്ദേഹത്തെ രക്ഷിക്കുക എന്ന അവകാശവാദമൊന്നും അദ്ദേഹം പറപ്പെടുവിച്ചില്ല. ഭൂമിശാസ്ത്രത്തെപറ്റി നിരീക്ഷണത്തിന്റെ ആവശ്യകതയിൽ ഊന്നിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസ്താവന നോക്കു.

"നിങ്ങൾ ഇന്ത്യയിലെ മണ്ണ് സ്വന്തം കണ്ണ് കൊണ്ട് കണ്ടു. അതിന്റെ സ്വഭാവത്തെക്കുറിച്ച് മനനം ചെയ്യുക. നിങ്ങൾ ഭൂമിയിൽ കുഴിച്ചാൽ ഉരുളൻ കല്ലുകളാണ് ലഭിക്കുന്നതെങ്കിൽ. അത്തരത്തിൽപ്പെട്ട വലിയ ഉരുളൻകല്ലുകൾ പർവ്വതത്തിന്നരികിലായിരിക്കും. ജലപ്രവാഹം അതിനെ തള്ളി താഴെ കൊണ്ടുവന്നതായിരിക്കും. പർവ്വതത്തിൽ നിന്നും അകലത്തിലേക്ക് പോകുന്തോറും ഉരുളൻകല്ലിന്റെ

ലേഖനം

മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്

# സാമ്പത്തിക മൂല്യങ്ങൾ

**സമ്പത്തിന്റേയും വിഭവങ്ങളുടേയും ഉടമസ്ഥാവകാശം ദൈവത്തിന്റേതാണെന്നാണ് ഇസ്‌ലാമിക സങ്കല്പം**

**സാ**മ്പത്തിക വ്യവസ്ഥിതിയെകുറിച്ചുള്ള ഇസ്‌ലാമിക കാഴ്ചപ്പാട് സർവ്വവസ്തുക്കളുടെയും പരമമായ ഉടമസ്ഥാവകാശം ദൈവത്തിനുമാത്രമാകുന്നു എന്നതാണ് (2:108; 3:190). മനുഷ്യൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാകുന്നു. ദൈവം മനുഷ്യകുലത്തിനായി ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അധീനപ്പെടുത്തിത്തന്നിരിക്കുന്നു (45:14). മുഴുവൻ മനുഷ്യസമുദായത്തെയും സംബന്ധിച്ചുള്ളതാണ് ഈ പ്രസ്താവന. അവനത്രെ നിങ്ങളെ ഭൂമിയിൽ പ്രതിനിധി ആക്കിയവൻ . അതിനാൽ വല്ലവനും അവിശ്വസിച്ചാൽ അവന്റെ അവിശ്വാസത്തിന്റെ (ദോഷഫലം) അവനുതന്നെയാണ് ലഭിക്കുക. അവിശ്വാസികൾക്ക് അവരുടെ അവിശ്വാസം തങ്ങളുടെ നാഥന്റെയടുക്കൽ കോപത്തെയല്ലാതെ വർദ്ധിപ്പിക്കുകയില്ല. അവരുടെ അവിശ്വാസം നഷ്ടത്തെ മാത്രമേ വർദ്ധിപ്പിക്കുകയുള്ളൂ.(35:40)

വ്യക്തിയുടെ നിയമപരമായ ഉടമസ്ഥാവകാശത്തെ, അതായത് സ്വത്ത് കൈവശം വെക്കുന്നതിനും അനുഭവിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമുള്ള അവകാശം, ഇസ്ലാം അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ എല്ലാ ഉടമസ്ഥാവകാശങ്ങളും ധാർമ്മികമായ ചിലബാധ്യതകൾക്ക് വിധേയമാണ്. കാരണം സർവ്വസ്വത്തുക്കളിലും മുഴുസമൂഹത്തിനും എന്തിന് മിണ്ടാപ്രാണികൾക്കു പോലും ഒരു അവകാശമുണ്ട്.

അവരുടെ ധനത്തിൽ ചോദിക്കുന്നവർക്കും ചോദിക്കാൻ കഴിവില്ലാത്തവർക്കും അവകാശമുണ്ട് .(51:20)

നിയമത്തിന്റെ പിൻബലത്തോടെ ഈബാധ്യതയെ ഭാഗികമായി ഫലത്തിൽ കൊണ്ടുവരാൻ സാധിച്ചുവെങ്കിലും അതിന്റെ വലിയൊരുഭാഗം ആത്മീയവും ധാർമികവുമായ ഔന്നത്ത്യത്തെ പ്രാപിക്കാനുള്ള അഭിവാഞ്ജയോടെ സ്വമേധയായുള്ള പരിശ്രമത്താൽ നിർവ്വഹിക്കപ്പെടേണ്ടതാണ്. വാസ്തവത്തിൽ നിയമപരമായ ബാധ്യതകളെ സ്വമേധയായുള്ള പ്രയത്നവുമായി അനുബന്ധിപ്പിക്കുന്ന രീതി ഇസ്‌ലാമിക വ്യവസ്ഥയിലുടനീളം കാണാവുന്നതാണ്.

മൂല്യാധിഷ്ഠിതമായി വ്യവസ്ഥാപിതമായരീതിയിൽ സമ്പത്തിന്റെ വിതരണം ഉറപ്പുവരുത്തുക എന്നതാണ് ഇസ്‌ലാമിക സമ്പദ് വ്യവസ്ഥയുടെ കാതൽ. സമ്പത്ത് സമൂഹത്തിന്റെ എല്ലാതുറകളിൽപ്പെട്ടവർക്കിടയിലും ചംക്രമണം ചെയ്യപ്പെട്ടുകൊണ്ടേയിരിക്കേണ്ടതാണ്. അത് സമ്പന്നന്റെ കുത്തകയാകാൻ പാടില്ലാത്തതാണ്. (59:8)

പ്രവർത്തനശേഷിയിലും നൈസർഗിക പാടവത്തിലുമുള്ള വൈവിധ്യത്തെ ഇസ്ലാം അംഗീകരിക്കുന്നു. അതുപോലെതന്നെ വരുമാനത്തിലും ഭൗതികനേട്ടങ്ങളിലുമുള്ള വൈവിധ്യത്തെയും(4:33). സമ്പത്ത് എല്ലാവരിലും തുല്യമായി വിതരണം ചെയ്യുക എന്നതല്ല ഇസ്‌ലാമിക രീതി. കാരണം വൈവിധ്യത്തിന്റെ അടിസ്ഥാന ഉദ്ദേശ്യത്തെതന്നെ അത് അസാധുവാക്കുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെത്തന്നെ നിഷേധിക്കുന്നതിന് കാരണമായിത്തീരുന്നു.(16:72)

തൊഴിൽ, പരിശ്രമം, കഴിവ് എന്നിവയുടെ മേന്മക്ക് ആനുപാതികമായി പ്രതിഫലം നൽകപ്പെടുന്നില്ലെങ്കിൽ പ്രവർത്തന സന്നദ്ധതയും മുന്നേറുവാനുള്ള ത്വരയും നഷ്ടമാകുമെന്നുമാത്രമല്ല മനുഷ്യന്റെ ബൗദ്ധികപുരോഗതിയെ അത് തടസ്സപ്പെടുത്തു

കയും ചെയ്യും എന്നത് തീർച്ചയാണ്. പ്രവർത്തനശേഷിയോ, കഴിവോ, പ്രതിഭയോ കണക്കിലെടുക്കാതെയുള്ള തുല്യവേതനം എന്ന സൈദ്ധാന്തിക പ്രമാണം, പ്രസ്തുത ആശയം ഒരു അജണ്ടയായി പ്രഖ്യാപിച്ചിട്ടുള്ള രാജ്യങ്ങളിൽപോലും സാമ്പത്തിക വളർച്ച നേടികൊടുക്കുന്നതിൽ അൽപ്പായുസ്സുക്കളായിരുന്നു. മാത്രവുമല്ല വേതനങ്ങളിലെ വൈവിധ്യം നിലനിർത്തുന്നതിനായി ഇത്തരം ആശയങ്ങളെ മറ്റ് സംവിധാനങ്ങളിലൂടെ പുനർരൂപകൽപന ചെയ്യേണ്ടതായും വന്നു. നേരേമറിച്ച് പരസ്പരമൽസരത്തിന്റെയും ആനുപാതികവേതനത്തിന്റേയും തത്വങ്ങൾ യാന്ത്രികമായി നിർവ്വഹിക്കപ്പെടാൻ ഇസ്ലാം അനുവദിക്കുന്നില്ല. കാരണം അത്തരം ഒരവസ്ഥ അനീതിക്കും പരസ്പര കലഹത്തിനും വഴിവെക്കുന്നു. വ്യക്തികളുടെയും സമൂഹത്തിന്റെയും ധാർമ്മികവും ആത്മീയവുമായ വികാസത്തെ അത് മുരടിപ്പിക്കുന്നു.

ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തികബാധ്യതയാണ് സമ്പത്തിനുമേലുള്ള നികുതി അഥവാ സക്കാത്ത് നൽകുക എന്നത്. (22:79; 23:5). പരിശുദ്ധമാക്കുന്നത്, പരിപോഷിപ്പിക്കുന്നത് തുടങ്ങിയ അർത്ഥങ്ങളാണ് സക്കാത്ത് എന്ന പദത്തിനുള്ളത്. സമ്പത്തിന്റെ എല്ലാ മൗലികമായ ഉറവിടങ്ങളും അതായത്, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മഴമേഘങ്ങൾ, മേഘങ്ങളെ നയിക്കുന്ന, പരാഗങ്ങളെ വഹിക്കുന്ന കാറ്റുകൾ, മറ്റുപ്രകൃതി പ്രതിഭാസങ്ങളെല്ലാം മനുഷ്യസമുദായത്തിനാകെ ദൈവത്തിൽ നിന്നുള്ള പാരിതോഷികങ്ങളാണ്.

മനുഷ്യന്റെ ഉപജീവനത്തിനും സൗകര്യങ്ങൾക്കുമായി ദൈവം നൽകിയ വിഭവങ്ങളിൻമേൽ തന്റെ കഴിവും അധ്വാനവും പ്രയോഗിക്കുക വഴിയാണ് സമ്പത്തുണ്ടാവുന്നത്. ആ സമ്പത്തിൽനിന്ന് ഇസ്ലാം അനുവദിച്ചിട്ടുള്ള അളവുവരെ മനുഷ്യന് അവകാശമുണ്ട്. മൂന്ന് വിഭാഗം ആളുകളാണ് ഈ സമ്പത്തിനവകാശികൾ- തൊഴിലാളി, തൊഴിലുടമ, പിന്നെ സമൂഹവും. സമ്പത്തിൽനിന്ന് സമൂഹത്തിനുള്ള ഓഹരിയാണ് സക്കാത്ത്. സമൂഹനന്മക്കായി ഈവിഹിതം നീക്കിവെച്ചതിനുശേഷമുള്ള പരിശുദ്ധമായ ധനമാണ് അതിനവകാശപ്പെട്ട മറ്റ്കക്ഷികൾക്കിടയിൽ വീതിച്ചെടുക്കേണ്ടത്.

സ്വത്തിനും വരുമാനത്തിനുമാണ് സക്കാത്ത് നിശ്ചയിച്ചിരിക്കുന്നത്. അതിന്റെ തോത് സ്വത്തിന്റെ തരമനുസരിച്ച് വ്യത്യാസപ്പെടുമെങ്കിലും സാമാന്യമായി ആകെ മൂല്യത്തിന്റെ രണ്ടര ശതമാനമായാണ് കണക്കാക്കിയിരിക്കുന്നത്. സക്കാത്ത്‌വഴി ലഭിക്കുന്ന ധനം ദാരിദ്ര്യവും യാതനകളും ഇല്ലാതാക്കുന്നതിനും ജീവിതചര്യകൾ ഇസ്ലാമിക സമ്പ്രദായങ്ങൾക്കനുസൃതമായി പൂർണ്ണമായിക്രമീകരിക്കാൻ ഇനിയും സാധിച്ചിട്ടില്ലാത്തവരിൽനിന്ന് ഹൃദ്യമായ സഹകരണം നേടുന്നതിനും, യുദ്ധത്തടവുകാർക്ക് മോചനദ്രവ്യമായും, കടബാധ്യതയിൽപ്പെട്ടവരെ സഹായിക്കുന്നതിനും യാത്രികർക്ക് ആശ്വാസവും സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിനും സാമ്പത്തികപ്രയാസങ്ങൾ കാരണം കഴിവുകൾ ഉപയോഗപ്പെടുത്താൻ കഴിയാത്തവർക്ക് മൂലധനമായും, പണ്ഡിതന്മാർക്കും ഗവേഷകന്മാർക്കും സഹായധനമായും സക്കാത്ത് ശേഖരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള ചിലവിലേക്കായും നീക്കിവെച്ചിരിക്കുന്നു. പൊതുവെ സാമൂഹ്യക്ഷേമത്തിനുതകുന്ന ആരോഗ്യം, പൊതുപ്രവർത്തനം, വൈദ്യസഹായം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്ക് സക്കാത്ത് ഉപയോഗപ്പെടുത്തുന്നു (9:60). അങ്ങിനെ അത് സാമൂഹ്യക്ഷേമത്തെ പരിപോഷിപ്പിക്കുന്നു(9:103).

നബി(സ) സക്കാത്തിനെ വിശേഷിപ്പിച്ചത്, സമ്പത്തുള്ളവർക്കുമേൽ നികുതി ചുമത്തി അത് പാവപ്പെട്ടവർക്കിടയിലേക്കെത്തിക്കുന്നു *(ബുഖാരി)* എന്നാണ്. അതിനർത്ഥം അത് അവർക്ക് ന്യായമായും ലഭിക്കേണ്ടതും അവരിലേക്ക് തന്നെ എത്തിച്ചേരേണ്ടതുമാണ്. സക്കാത്തിനുപുറമെ, ഈ മുഴുവൻ വ്യവസ്ഥിതിയുടെയും ഉദ്ദേശ്യത്തെ പരിപോഷിപ്പിക്കുന്നതിനായി സാമ്പത്തികതലത്തിൽ മറ്റുസംവിധാനങ്ങളും പ്രവർത്തനനിരതമാണ്. അവയിലൊന്നാണ് അനന്തരാവകാശത്തെയും പിൻതുടർച്ചയെയും സംബന്ധിച്ചുള്ള ഇസ്ലാമിക സംവിധാനം. ഈ വ്യവസ്ഥപ്രകാരം ഒരു വ്യക്തിക്ക് അയാളുടെ സ്വത്തിന്റെ മൂന്നിലൊരുഭാഗത്തിൽ കൂടുതൽ ഒസ്യത്ത് പ്രകാരം കൈമാറ്റം ചെയ്യാൻ അനുവാദമില്ല. എന്നാൽ ആവ്യക്തി തന്റെ സാധാരണ ആരോഗ്യാവസ്ഥയിലായിരിക്കേ തന്റെ സ്വത്തുക്കൾ സ്വതന്ത്രമായി കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ തീർച്ചയായും അത് ചില ധാർമ്മിക ബാധ്യതകൾക്ക് വിധേയമാണ്. ആ വ്യക്തി മരണത്തിലവസാനിക്കാവുന്ന ഒരു രോഗാവസ്ഥയിലിരിക്കേ തന്റെ സ്വത്തിൽനിന്ന് മൂന്നിലൊന്നിൽ കൂടുതൽ ഭാഗം ഒസ്യത്ത് പ്രകാരമോ അല്ലെങ്കിൽ പാരിതോഷികമായോ കൈമാറ്റം ചെയ്യാൻ പാടില്ല. സ്വത്തിന്റെ അനുവദനീയമായ അളവിൽനിന്ന് മിത്രങ്ങൾക്കും, പരിചാരകർക്കും ധർമ്മസ്ഥാപനങ്ങൾക്കും കൈമാറാവുന്നതാണ്.

ബാക്കിയുള്ള പൈതൃകസ്വത്തുക്കൾ നിശ്ചിത അവകാശികൾക്ക് അതിന്റെ തോതനുസരിച്ച് നൽകേണ്ടതാണ്. ഒസ്യത്ത് പ്രകാരം വിനിയോഗിക്കാൻ അനുവദിക്കപ്പെട്ട മൂന്നിലൊന്നിൽനിന്ന് ഒന്നുംതന്നെ ഏതെങ്കിലും അവകാശികളുടെ ഓഹരിയിലേക്ക്, മറ്റ് അവകാശികൾക്ക് ഹാനികരമാകുന്ന തരത്തിൽ, കൂട്ടിചേർക്കാൻ പാടുള്ളതല്ല.


24

അവകാശികൾക്ക് തങ്ങൾക്ക് നിശ്ചയിക്കപ്പെട്ട ഭാഗത്തിൽ കൂടുതൽ എടുക്കാൻ അനുവാദമില്ല. അതു പോലെതന്നെ ഏതെങ്കിലും അവകാശിയെ സ്വത്തിൽ നിന്ന് തനിക്കർഹതപ്പെട്ട ഓഹരി അനുഭവിക്കുന്ന തിൽനിന്ന് തടയാനും അവകാശമില്ല.

അനന്തരാവകാശികളുടെ വൃത്തം വളരെവലുതാണ്. ഒരുവ്യക്തി മരണപ്പെടുമ്പോൾ തന്റെ മാതാപിതാക്കൾ, ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മക്കൾ എന്നിവർ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവരെല്ലാം തന്നെ ആ വ്യക്തിയുടെ സ്വത്തിൽ നിന്ന് നിശ്ചിത വിഹിതത്തിന് അവകാശപ്പെട്ടവരാണ്. മരണപ്പെടുന്ന വ്യക്തിയുടെ അനന്തരാവകാശിയായ സ്ത്രീക്ക് ആ വ്യക്തിയുമായി സമാനബന്ധമുള്ള പുരുഷനുലഭിക്കുന്ന തുല്യഓഹരി തന്നെ ചിലപ്പോൾ ലഭിക്കാറുണ്ട്. എന്നാൽ സാധാരണയായി പുരുഷന് ലഭിക്കുന്നതിന്റെ പകുതി അളവ് സ്വത്തിനാണ് സമാനബന്ധമുള്ള സ്ത്രീക്ക് അവകാശമുള്ളത്(4:8; 12,13)

മരണപ്പെടുന്ന വ്യക്തിയുമായി തുല്യബന്ധമുള്ള സ്ത്രീയും പുരുഷനും തമ്മിൽ അനന്തരവകാശത്തിലുള്ള ഈ വ്യത്യാസം വാസ്തവത്തിൽ സ്ത്രീകളോടുള്ള വിവേചനമായിട്ടല്ല കണക്കാക്കേണ്ടത്. ഇസ്‌ലാമിക വ്യവസ്ഥിതിയിൽ കുടുംബം പുലർത്താനുള്ള ചുമതല എല്ലായിപ്പോഴും ഭർത്താവിൽ നിക്ഷിപ്തമാണ്, ഒരുവേള ഭാര്യയുടെ വരുമാനം ഭർത്താവിന്റെ വരുമാനത്തേക്കാൾ അധികമാണെങ്കിൽ പോലും.

അതുകൊണ്ട് പുരുഷനെ തന്റെ കുടുംബത്തിനോടുള്ള കടമകൾ നിറവേറ്റുന്നതിന് പര്യാപ്തനാക്കുന്നതിനായിട്ടാണ് സ്ത്രീകൾക്ക് അവകാശപ്പെട്ടതിനേക്കാൾ ഇരട്ടിയായി അവകാശം നിശ്ചയിച്ചിരിക്കുന്നത്. സ്ത്രീയെ സംബന്ധിച്ചിടത്തോളം ഇത് ദോഷകരമാകുന്നതിന് പകരം അവരെ കൂടുതൽ സുരക്ഷിതമായ അവസ്ഥയിലേക്കാണ് എത്തിക്കുന്നത്. കാരണം പുരുഷനെ അപേക്ഷിച്ച് സ്ത്രീക്ക് കുടുംബത്തിനോട് സാമ്പത്തികമായി പ്രത്യേക ബാധ്യതകളൊന്നുംതന്നെ യുണ്ടാകുന്നില്ല.

അങ്ങിനെ അനന്തരാവകാശത്തെ സംബന്ധിച്ച ഇസ്‌ലാമിക സംവിധാനത്തിൽ അവകാശസ്വത്ത് അതിന് അർഹതപ്പെട്ട എല്ലാവർക്കും നിശ്ചിത അളവിൽ വീതിച്ചുകൊണ്ട് കൂടുതൽ ആളുകളെ കാര്യപ്രാപ്തരാക്കുന്നു. അല്ലെങ്കിൽ ഏറ്റവും ചുരുങ്ങിയത് സ്വത്തുക്കളിൽ വലിയൊരു ഓഹരി ഒരാൾക്കോ ചുരുക്കം ചിലർക്കോ ലഭിക്കുകയും മറ്റു കുറേപേർക്ക് കാര്യമായൊന്നും ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഇല്ലാതാക്കുന്നു. വിശുദ്ധഖുർആൻ ആഹ്വാനംചെയ്യുന്നു, (അവകാശസ്വത്ത്) ഓഹരിവെക്കുന്ന അവസരത്തിൽ (അവകാശികളല്ലാത്ത മറ്റു) അടുത്ത ബന്ധുക്കളും അനാഥരും അഗതികളും(അവിടെ) ഹാജരുണ്ടെങ്കിൽ അവർക്കും അതിൽനിന്ന് (വല്ലതും) കൊടുക്കുക. അവരോട് നല്ലവാക്കുകൾ പറയുകയും ചെയ്യുക (4:9).

മറ്റൊരു പ്രധാനപ്പെട്ട വ്യവസ്ഥ പണം പലിശക്ക് നൽകുന്നതിനെതിരെയുള്ളതാണ്. വിശുദ്ധഖുർആനിൽ ഇത് സംബന്ധിച്ച് ഉപയോഗിച്ചിരിക്കുന്ന *റിബ* എന്ന പദത്തിന്റെ അർത്ഥം സാധാരണ മനസ്സിലാക്കിയിട്ടുള്ള പലിശ (interest) എന്നവാക്കിന് സമാനമല്ല. എന്നാൽ ഇവിടെ പലിശ എന്ന വാക്ക് ഏകദേശം തുല്യാർത്ഥകമായി തന്നെയെടുക്കാം. *റിബ* നിരോധിക്കപെടാനുള്ള കാരണം അത് സമ്പത്തിനെ ഒരു ചുരുങ്ങിയ വൃത്തത്തിലേക്കൊതുക്കുകയും സഹജീവികൾക്ക് നന്മചെയ്യുന്നതിനെ തടയുകയും ചെയ്യുന്നുവെന്നതാണ്. പലിശക്ക് വായ്പ നൽകുന്നത്‌വഴി വാങ്ങുന്നയാളുടെ അത്യാവശ്യത്തെയും പ്രയാസത്തെയും അന്യായമായി മുതലെടുത്തുകൊണ്ട് ലാഭം നേടുകയാണ് ചെയ്യുന്നത്.

പണം വായ്പക്കെടുക്കുന്നതിനെ ഇസ്‌ലാം പ്രോൽസാഹിപ്പിക്കുന്നുണ്ട്. പക്ഷേ പറയുന്നു, അത് പരോപകാരപ്രദമായിരിക്കണം, അതായത് പലിശരഹിതമായിരിക്കണം. വായ്പയെടുത്തയാൾ തിരിച്ചടയ്ക്കേണ്ട അവധിയെത്തുമ്പോൾ സാമ്പത്തികഞെരുക്കത്തിലാണെങ്കിൽ സാഹചര്യങ്ങൾ മെച്ചപ്പെടുന്നതുവരെ സമയം നൽക്കേണ്ടതാണ്. നിങ്ങൾ(അവർക്ക്) ധർമ്മമായി(മൂലധനം) വിട്ടുക്കൊടുക്കുന്നതായാൽ അത് നിങ്ങൾക്ക്കൂടുതൽഗുണകരമായിരിക്കും. നിങ്ങൾ കാര്യംഗ്രഹിക്കുന്നുവെങ്കിൽ. (2:281)

പലിശയിലധിഷ്ഠിതമായ സാമ്പത്തിക ക്രയവിക്രയങ്ങൾ ദേശീയസമ്പത്തിൽ പുരോഗതികൈവരുത്തുമെന്നത് തികച്ചും തെറ്റായ സങ്കൽപ്പമാണ്. വിശുദ്ധഖുർആൻ പറയുന്നു, അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഇത് നന്മയിലധിഷ്ഠിതമായ വർദ്ധനയല്ല. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് നിങ്ങൾ കൊടുക്കുന്ന സക്കാത്ത് (വർദ്ധനവുണ്ടാക്കുന്നു). അപ്പോൾ അവർതന്നെയാണ് ഇരട്ടിപ്പിക്കുന്നവർ. (30:40)

വ്യാപാരം, കൂട്ട്കച്ചവടം, സഹകരണ സ്ഥാപനങ്ങൾ, ഓഹരിമൂലധനകമ്പനികൾ തുടങ്ങിയവയെല്ലാം നിയമവിധേയമായ പ്രവർത്തനങ്ങളും സംരംഭങ്ങളുമാണ് (2:276). വാണിജ്യസംരംഭങ്ങളുടെ സത്യസന്ധവും പരോപകാരപ്രദവുമായരീതിയിലുള്ള പ്രവർത്തനം ഉറപ്പുവരുത്താൻ അവയുടെമേൽ ഇസ്‌ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ചെറുതും വലുതുമായ എല്ലാസാമ്പത്തിക കരാറുകളും അതിലെ

*(ശേഷം 45-ൽ)*

റബ്‌വ : രക്തസാക്ഷ്യങ്ങളുടെ പുണ്യസ്ഥലി-5.

ലേഖനം

ഡോ: ജോനതൻ എൻസർ

# നിയമത്തിന്റെ കുരുക്കുകൾ

**പാകിസ്താനിൽ പോലീസ് സ്റ്റേഷനുകളിലും കോടതികളിലും വ്യാജപരാതികൾ നൽകുമ്പോൾ തന്നെ അഹ്മദികൾക്കെതിരെ പീഡനങ്ങളാരംഭിക്കുന്നു. ഹ്യൂമൻ റൈറ്റ്സ് ഗ്രൂപ്പിന്റെ കണ്ടെത്തലുകൾ തുടരുന്നു.**

പാകിസ്താനിലേക്ക് പോകുന്നതിന് മുമ്പ് ദൗത്യസംഘം അഹ്മദികൾ അഭിമുഖീകരിക്കുന്ന അപകടസാധ്യതയുള്ള ഘടകങ്ങൾ തിരിച്ചറിയുകയുണ്ടായി. അഹ്മദികൾ റബ്‌വയിൽ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഞങ്ങൾ റിപ്പോർട്ട് ശേഖരിച്ചത് നേരത്തെ തിരിച്ചറിഞ്ഞ അപകടസാധ്യതയുള്ള ഘടകങ്ങൾ കണ്ടെത്താൻ അഭിമുഖങ്ങളിലെ ചോദ്യങ്ങളും മറ്റു സ്രോതസ്സുകളുമായിരുന്നു തിരഞ്ഞെടുത്തത്. മുൻകൂട്ടി നോട്ട് ചെയ്തതുപോലെ അപകടസാധ്യതയുള്ള ഘടകങ്ങളും റബ്‌വയിൽ അഹ്മദികളുടെ സുരക്ഷിതത്വവും പരിഗണിക്കുമ്പോൾ പാകിസ്താന്റെ ദേശീയ കാഴ്ചപാടിനെക്കുറിച്ച് ഒരു നൽകുക എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണെന്ന് ദൗത്യസംഘത്തിന് ബോധ്യമായി.

**മിഷൻ കണ്ടെത്തിയ അപകടസാധ്യതയുള്ള ഘടകങ്ങൾ:** മതനിന്ദാനിയമം (Blasphemy law), അഹ്മദിയ്യാ വിശ്വാസങ്ങളുടെ ആചരണങ്ങൾ അല്ലെങ്കിൽ അതിന്റെ പ്രകടനങ്ങൾ, അഹ്മദികളുടെ പ്രചാരണം, അവർക്കെതിരെയുള്ള ഭീഷണികൾ, ജീവനും സ്വത്തിനുമെതിരായ കൈയ്യേറ്റങ്ങൾ എന്നീ ഓരോ ഘടകങ്ങളുമായും ബന്ധപ്പെട്ടു കമ്മീഷൻ ശേഖരിച്ച വിവരങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്. ബ്രിട്ടീഷ് ഹൈകമ്മീഷന്റെ അഭിപ്രായപ്രകാരം പ്രശ്നം സമഗ്രമായി പരിശോധിക്കേണ്ടതുണ്ട്. അഹ്മദിയ്യാ പീഢനത്തെ പറ്റിയുള്ള റിപ്പോർട്ടുകൾ സൂക്ഷ്മമായി വിലയിരുത്താൻ പ്രയാസമാണ്. ആക്രമണങ്ങളുടെ കാഠിന്യവും നൈരന്ത്യവും സൂക്ഷ് മമായി വിലയിരുത്തപ്പെടുന്നില്ല. ഇത് ആദ്യാവസാനം വരെ ഓർക്കേണ്ട കാര്യമാണ്.

**മതനിന്ദാനിയമം**

2005ൽ പാകിസ്താനിലുടനീളം അഹ്മദികൾക്ക് നേരെ നടന്ന അതിക്രമങ്ങളുടെ ഒരു വിശദ റിപ്പോർട്ട് റബ്‌വയിലെ ഒരു സാമൂഹിക സംഘടന ഞങ്ങൾക്ക് നൽകുകയുണ്ടായി. (അനുബന്ധം ഡി) ആ രേഖപ്രകാരം അഹ്മദികൾക്കെതിരെ 60 എഫ്.ഐ.ആർ. റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 25 എണ്ണം റജിസ്റ്റർ ചെയ്തത് ചീനാബ് നഗർ (റബ്‌വ) പോലീസ് സ്റ്റേഷനിലാണ്. (കുറ്റം ആരോപിക്കപ്പെട്ടയാളുടെ താമസസ്ഥലം പാകിസ്താനിൽ എവിടെയായാലും ശരി ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിന് അത് തടസ്സമല്ല). അതേ റിപ്പോർട്ടിൽ തന്നെ 1984 ഏപ്രിൽ മുതൽ 2005 ഡിസംബർ വരെ അഹ്മദികൾക്കെതിരെ ഫയൽ ചെയ്യപ്പെട്ട കേസുകളുടെ ഒരു സംക്ഷിപ്തവിവരണമുണ്ട്. പ്രസ്തുത വിവരണം മൊത്തം രജിസ്റ്റർ ചെയ്യപ്പെട്ട നിയമലംഘനങ്ങളെ പട്ടികയാക്കി വർഗ്ഗീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് 404 കേസുകൾ രജിസ്റ്റർ ചെയ്തത് അഹ്മദികൾ മുസ്‌ലിംകളാണ് എന്ന് പറഞ്ഞതിന് മാത്രമാണ്. ഈ സ്ഥിതിവിവരകണക്കുകൾ ഒരു പ്രദേശവുമായി മാത്രം ബന്ധപ്പെട്ടതല്ല.

ഒരു അഹ്മദിക്ക് ജാമ്യം കിട്ടണമെങ്കിൽ അയാൾ കോടതിക്കു മുമ്പിൽ ഹിയറിങ്ങിനായി മാസത്തിലൊരിക്കലെങ്കിലും ഹാജരാകണമെന്ന് അഹ്മദികൾ വിശദീകരിച്ചു. എവിടെയാണോ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടത് അവിടെയായിരിക്കണം ഹാജരാകേണ്ടത്. ഇത് അന്യായക്കാരന് അഹ്മദികൾക്കെതിരെ എവിടെ വേണമെങ്കിലും പരാതി നൽകാൻ അവസരം നൽകു

ന്നു. ഉദാഹരണത്തിന് റബ്വയിലുള്ള ഒരാളെ പറ്റി കറാച്ചിയിൽ പരാതി നൽകാം. അയാൾക്ക് എല്ലാ മാസവും വളരെ ദൂരം റബ്വയിൽ നിന്നും സഞ്ചരിച്ച് കറാച്ചിയിലെത്തേണ്ടി വരും. ജാമ്യത്തിനുവേണ്ടി മാസന്തോറും നിരന്തരമായുള്ള ഈ സഞ്ചാരം ദുർവ്വഹമായ ചിലവുണ്ടാക്കും. ജാമ്യാപേക്ഷകന് അയാളുടെ തൊഴിൽദിനങ്ങൾ നഷ്ടപ്പെടാൻ കാരണമാവുകയും ചെയ്യും. ഒരേ റൂട്ടിൽ പല തവണ സഞ്ചരിക്കുന്നത് അഹ്മദികളുടെ ജീവസുരക്ഷക്കും ഭീഷണിയാണ്. റബ്വ നിവാസികളായ റഷീദ് അഹ്മദ്, അബ്ദുഷുക്കൂർ എന്നിവരുടെ സാക്ഷ്യങ്ങൾ മിഷൻ അനുബന്ധം ഏയിൽ ചേർത്തിട്ടുണ്ട്. ഉദാഹരണത്തിന് 298 സി വകുപ്പനുസരിച്ച് റജിസ്റ്റർ ചെയ്ത ഒരു കേസിൽ റഷീദ് അഹ്മദിന് 1990 ജനുവരിയിൽ ജാമ്യം ലഭിക്കുകയുണ്ടായി. അതിന് ശേഷം അദ്ദേഹത്തിന് ചീനിയോട്ടിയി (റബ്വയിൽ നിന്നും 30 മിനുട്ട് വാഹനമോടിക്കുന്ന ദൂരം)ൽ എല്ലാ 15 ദിവസം കൂടുന്തോറും തന്റെ കേസ് വിളിക്കുന്നതും കാത്ത് നിൽക്കാൻ കോടതിയിൽ വരേണ്ടി വന്നു. ഓരോ സമയത്തും പോലീസിന് സാക്ഷികളെ ഹാജരാക്കാൻ കഴിഞ്ഞില്ല. അങ്ങിനെ പോലീസിന് യാതൊരു വിമർശനവുമില്ലാതെ കേസ് തുടർച്ചയായി നീട്ടിവെക്കുകയായിരുന്നു. കേസ് തള്ളിക്കളയണമെന്ന് അദ്ദേഹം അപേക്ഷ നൽകി. പക്ഷേ മജിസ്ട്രേറ്റിന് മുല്ലമാരെ ഭയന്നുകൊണ്ട് ഇങ്ങനെ യൊരു ഉത്തരവിടാൻ കഴിഞ്ഞില്ല.

1988നു രജിസ്റ്റർ ചെയ്ത ഒരു എഫ്.ഐ.ആർ. പ്രകാരം മറ്റൊരു കേസിൽ ഒരഹ്മദി ചീനിയോട്ട് കോടതിയിൽ 15 ദിവസം മുതൽ 30 ദിവസത്തിനകം വരേണമായിരുന്നു. കോടതി അയാളുടെ കേസ് തള്ളുവാൻ രണ്ട് തവണ വിസമ്മതിച്ചു. അതുപോലെ 1990ൽ ഡിസംബറിൽ അബ്ദുശ്ശുക്കൂർ എന്ന അഹ്മദി എല്ലാ മാസവും ചീനിയോട്ട് കോടതിയിൽ ഹാജരാവേണ്ടതുണ്ടായിരുന്നു. പക്ഷേ ഓരോ സമയവും കേസ് നീട്ടിവെക്കുകയായിരുന്നു പതിവ്. മുല്ലമാർ കോടതിയിൽ ഹാജരാവാതിരുന്നതാണ് കാരണം. കേസ് ഡിസ്മിസ് ചെയ്യാനുള്ള അയാളുടെ അപേക്ഷ തള്ളിക്കളയുകയാണുണ്ടായത്.

കോടതിയിൽ കേമ്പ് വിചാരണയെന്ന അതിദീർഘമായ പ്രക്രിയയെക്കുറിച്ച് ഡി.പി.ഒ. സലീമി ചൂണ്ടിക്കാട്ടിയ ഒരു കാര്യം, അഹ്മദികൾക്കെതിരായ കേസ്സ് പലപ്പോഴും സങ്കീർണ്ണമായ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നാണ്. അത് തികച്ചും മറ്റു കുറ്റകൃത്യങ്ങളിൽ നിന്നും വ്യത്യസ്തവുമാണ്. എത്ര അസംബന്ധമായ രീതിയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതിയായാലും ശരി പോലീസുകാർ ഈ കേസുകളിൽ വിചാരണ ചെയ്യപ്പെടുന്നില്ല. ഒരു സാക്ഷി കോടതിയിൽ ഹാജരാകാതിരുന്നാൽ അയാളെ അറസ്റ്റ് ചെയ്ത് പോലീസിന് കൊണ്ടുവരാവുന്നതാണ്. പക്ഷേ അതൊരു ആളെ കളിപ്പിക്കുന്ന തന്ത്രമാണ്. ഒരിക്കലും പോലീസിന്റെ കുറ്റമായി കണക്കാക്കപ്പെടുന്നില്ല. പാക്കിസ്താൻ സർക്കാറിന്റെ സീനിയർ ഗവൺമെന്റ് ഉപദേഷ്ടാവ് ഈ പ്രശ്നങ്ങളെല്ലാം അവലോകനം ചെയ്തുകൊണ്ടു പറഞ്ഞത് അഹ്മദിയ്യാ പ്രശ്നത്തിൽ പോലീസിനേയും ജുഡീഷ്യറിയേയും സ്വാധീനിക്കുന്ന മുഖ്യഘടകം. സാമൂഹ്യമായ സമ്മർദ്ദമാണെന്നാണ്.

അഹ്മദിയ്യാ സമൂഹം ഈ ദൗത്യസംഘത്തോടു പറഞ്ഞ മറ്റൊരു പരാതി. ജാമ്യാപേക്ഷക്കായി കോടതി വിളിച്ചാൽ അവിടെ ഹാജരാവാതിരിക്കുന്നയാളുടെ സാന്നിദ്ധ്യം അവിടെയുണ്ടോ എന്ന് പോലീസ് തിരയും. അവനോ/അവളോ അവിടെയില്ലെങ്കിൽ അക്കാര്യം പോലീസ് കോടതിയെ അറിയിക്കും. ആ സമയം മുതൽ അയാൾ ഒരു പ്രഖ്യാപിത കുറ്റവാളി (Proclaimed offender) ആയി മാറുന്നു. ഇങ്ങിനെയൊരു പ്രഖ്യാപനത്തിനുശേഷം ഒരു മാസത്തിന്നുള്ളിൽ ആർക്ക് വേണമെങ്കിലും അയാളെ അറസ്റ്റ് ചെയ്യാം. അതിനുശേഷം പ്രഖ്യാപിത കുറ്റവാളിയുടെ സ്വത്തുക്കൾ വിൽക്കപ്പെടുന്നതാണ്. ഇത്തരം കോടതി ഉത്തരവിന് പാകിസ്താനിൽ എവിടെയും പ്രാബല്യമുണ്ട്. പരാതി നൽകപ്പെട്ട ആളുടെ കുടുംബാംഗങ്ങളെ തടഞ്ഞുവെക്കുന്ന സംഭവങ്ങളെക്കുറിച്ചും അഹ്മദികൾ മിഷനോട് പറഞ്ഞു. ഡി.എസ്.പി. തത്ല എന്നയാൾ ഞങ്ങളോട് പറഞ്ഞത് കുറ്റക്കാരനായ ആളുടെ ബന്ധുക്കൾ വ്യക്തിപരമായി കുറ്റത്തിൽ പങ്കാളിത്വമുണ്ടെന്ന് പരാതിയിൽ പരാമർശമുണ്ടെങ്കിലല്ലാതെ കുറ്റക്കാരന്റെ കുടുംബാംഗങ്ങളെ പോലീസ് ചോദ്യം ചെയ്യില്ല എന്നാണ്. മറ്റൊരു പ്രശ്നം ഐഡന്റിറ്റികാർഡിന്റേതാണ്. പാക്കിസ്ഥാനിൽ എവിടെയെങ്കിലും മാറിത്താമസിക്കുകയാണെങ്കിൽ അവിടെയെല്ലാം സർക്കാർ സേവനങ്ങൾ ലഭ്യമാവണമെങ്കിൽ ഐഡൻറിറ്റി കാർഡ് കാണിക്കേണ്ടി വരും. രാജ്യത്തെ രജിസ്ട്രേഷൻ അതോറിറ്റിയുടെ കമ്പ്യൂട്ടറിൽ എല്ലാ വിശദമായ ഡാറ്റകളുമുണ്ട്. ഇങ്ങിനെ പ്രഖ്യാപിതരായ കുറ്റവാളികളെ കണ്ടെത്തുന്നതിന് ഇത്തരം ഡാറ്റാ സ്ത്രോതസ്സുകൾ ഉപയോഗിക്കുന്നുണ്ടോ എന്നറിയില്ല. അഹ്മദികൾക്ക് ഐ.ഡി. കാർഡ് ഉപയോഗിച്ചാൽ ലഭ്യമാകുന്ന സർവ്വീസുകൾ ഇതൊക്കെയാണ്. (1) പാസ്പോട്ട് / ഡ്രൈവിങ്ങ് ലൈസൻസ് (2) വെള്ളം / വൈദ്യുതി (3) സ്കൂൾ പ്രവേശനം (4) ജോലി (5) ഭൂമി വാങ്ങൽ / വാടകക്ക് നൽകൽ (6) ആശുപത്രി ആനുകൂല്യങ്ങൾ

അതിലുപരിയായി രാത്രികാലങ്ങളിൽ പൊതുവാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ പോലീസ് പലപ്പോഴും ഐ.ഡി. കാർഡ് ചോദിക്കാം. അഹ്മദി സമൂഹത്തിന്റെ

***(ശേഷം 29-ൽ)***

വാഗ്ദത്ത മസീഹിന്റെ ജീവചിത്രം ലേഖനപരമ്പര - 10

ലേഖനം

ഏ.ക്യു. മഹ്ദി

# ഒരു പ്രാർത്ഥന പുലരുന്നു

## തന്റെ പ്രതിയോഗികളെ സംബന്ധിച്ച് വാഗ്ദത്ത മസീഹിന്നുണ്ടായ ഒരു ദിവ്യവെളിപ്പാട് അത്ഭുതകരമായി പുലരുന്നു

ഇസ്ലാമിന്റെ സത്യം ദിവ്യ അടയാളങ്ങൾ വഴി തെളിയിച്ചു കാണിക്കാമെന്ന് മുഴുലോകത്തെയും ഹദ്റത്ത് അഹ്മദ് (അ) അറിയിച്ചുവെങ്കിലും, ക്ഷണിക്കപ്പെട്ടവരാരും ഈ ദിവ്യപരീക്ഷണത്തിനു ധൈര്യപ്പെട്ടിട്ടില്ല. യുക്തിരഹിതങ്ങളായ പല ഉപാധികളുമുന്നയിച്ചുകൊണ്ട് അവരിൽ പലരും പിൻമാറികളയുകയായിരുന്നു. ഹദ്റത്ത് അഹ്മദ് (അ) പ്രതിയോഗികളുടെ ഉപാധികൾ പരമാവധി സ്വീകരിക്കാൻ ഒരുങ്ങിയിട്ടും അവർ രംഗത്തുവന്നില്ല. പരീക്ഷണവിജയത്തിന്, ദിവ്യപുരുഷൻ നിർദ്ദേശിച്ച നിരുപദ്രവങ്ങളായ നിബന്ധനകൾ സ്വീകരിക്കാതെ അവയെക്കുറിച്ച് ആക്ഷേപിക്കാനാണ് പലരും ശ്രമിച്ചത്. ഒരൊറ്റ ശാസ്ത്രജ്ഞനും തന്റെ പരീക്ഷണശാലയിൽ അന്യരുടെ ഹിതം നടത്താനനുവദിക്കുക സാധാരണമല്ല. അപ്പോൾ, ആ നിബന്ധനകൾ അനുസരിക്കാൻ പരമവാധി പരിശ്രമിക്കേണ്ടത് സത്യദൃഷ്ടാന്തം അനുഭവിച്ചറിയാൻ ആത്മാർത്ഥതമായി ആഗ്രഹിക്കുന്നവരുടെ കർത്തവ്യമാണ്.

അത്ഭുതടയാളങ്ങളും ദിവ്യദൃഷ്ടാന്തങ്ങളും എക്കാലത്തും മതത്തിന്റെ അവിഭാജ്യഘടകം തന്നെയായിരുന്നു. പ്രവാചകന്മാർ അത്ഭുതടയാളങ്ങൾ കാണിച്ചിട്ടുമുണ്ട്. എന്നാൽ, മനുഷ്യൻ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതുമായ അത്ഭുതപ്രവൃത്തികൾ അവർ ചെയ്തു കാണിച്ചിട്ടില്ല. ലോകത്തെ വിസ്മയപ്പെടുത്തുന്ന അത്ഭുതദൃഷ്ടാന്തങ്ങൾ ജനങ്ങളെ സത്യത്തിലേക്കും ദൈവത്തിലേക്കും ആകർഷിക്കുന്ന തരത്തിൽ ദൈവം പ്രവാചകന്മാർ മുഖേന വെളിപ്പെടുത്തും. ഭവിഷ്യൽ കാര്യങ്ങൾ മുൻകൂട്ടി പ്രവചിക്കുക എന്നതിനേക്കാൾ വലിയ അത്ഭുതം മറ്റെന്താണുള്ളത്? പ്രകൃതി-നിയമങ്ങൾക്കെതിരായ അത്ഭുതങ്ങൾ കാണിക്കുന്നവനാണ് നിഷേധികൾ സാധാരണ ആവശ്യപ്പെടാറുള്ളത്. ഇനി പ്രകൃതിസാധാരണമല്ലാത്ത ഏതെങ്കിലും വെളിപ്പെട്ടാൽ തന്നെയും അതു പ്രകൃതി വിരുദ്ധമെന്നു പറഞ്ഞ് അവർ തള്ളിക്കളയും. എന്നാൽ, സത്യം അറിയാൻ ആഗ്രഹിക്കുന്ന സാത്വികരാകട്ടെ ദൈവത്തിന്റെ പ്രവാചകനെ തിരിച്ചറിയുക തന്നെ ചെയ്യുന്നു. അത്തരക്കാർക്ക് ഒരേയൊരു ദൃഷ്ടാന്തം മാത്രം മതിയാകും.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പിതൃപുത്രന്മാരായ മീർസാ ഇമാമുദ്ദീനും, മീർസാ നിസാമുദ്ദീനും ആ മഹാത്മാവിന്റെ ബദ്ധശത്രുക്കളായി മാറിക്കഴിഞ്ഞിരുന്നുവല്ലോ. അവർ ഖാദിയാനിൽ സ്വാധീനവും പ്രതാപവുമുള്ളവരായിരുന്നതിനു പുറമെ ഹദ്റത്ത് അഹ്മദിനെതിരായ പ്രവർത്തനങ്ങളുമായി ആദ്യകാലം മുതൽക്കേ ബന്ധപ്പെട്ടുമിരുന്നു. ഭൗതികതയിൽ ആമഗ്നമാരായിരുന്ന അവർ മതത്തെ പുച്ഛിക്കുകയും മതകല്പനകളെ പരസ്യമായി ലംഘിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് അഹ്മദിന്റെ വാദങ്ങളും പ്രഖ്യാപനങ്ങളുമെല്ലാം അവർ നിരർത്ഥകങ്ങളാക്കി തള്ളിക്കളഞ്ഞു. അവർ പരസ്യമായി ആര്യസമാജികളുടെയും ക്രിസ്ത്യാനികളുടെയും ഒപ്പം ചേർന്ന് ഹദ്റത്ത് അഹ്മദിനെ അവഹേളിക്കാൻ തന്നെ തയ്യാറെടുത്തു. തങ്ങൾക്കും അടയാളങ്ങൾ കാണാൻ ആഗ്രഹമുണ്ടെന്നു പറഞ്ഞ് അവർ തുടരെതുടരെ വെല്ലുവിളികൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു.

ഖാദിയാനിലെ ഏതാനും പ്രമുഖരായ ഹിന്ദുകച്ചവടക്കാർ ഒത്തുചേർന്ന് ഹദ്റത്ത് അഹ്മദിനു ഒരു കത്തയച്ചു. ദൃഷ്ടാന്തങ്ങൾ കാണാൻ യൂറോപ്പിലും അമേരിക്കയിലുമുള്ളവരെ ക്ഷണിക്കുന്നുണ്ടെങ്കിലും അത് കാണാൻ കൂടുതൽ അവകാശമുള്ളത് ഖാദിയാനിൽ തന്നെ നിവസിക്കുന്ന തങ്ങൾക്കാ

ണെന്നും, മനുഷ്യന്റെ കഴിവുകൾക്കതീതമായിരിക്കുന്നതും ദൈവം തന്റെ വരിഷ്ഠരുടെ പ്രാർത്ഥനകൾ കേൾക്കുകയും അവർക്കു ഭവിഷ്യൽ കാര്യങ്ങൾ അറിയിച്ചുകൊടുക്കുകയും ചെയ്യാനുണ്ടെന്നു അസനിഗ്ദ്ധമായി തെളിയിച്ചു കിട്ടുന്നതുമായ അത്ഭുതടയാളങ്ങൾ കാണാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും അവർ കത്തിലെഴുതിയിരുന്നു. ഒരിക്കലും പ്രകൃതി നിയമങ്ങൾക്കെതിരായ കാര്യങ്ങൾ സംഭവിച്ചു കാണിക്കണമെന്ന് തങ്ങൾ ആവശ്യപ്പെടുന്നില്ലെന്നും അവർ കത്തിലൂടെ പ്രസ്താവിച്ചു. സത്യദൃഷ്ടാന്തം വെളിപ്പെട്ടാൽ ഇസ്ലാംമതം സ്വീകരിച്ച് അതിനെ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന ഉപേക്ഷിക്കണമെന്നും അവർ അപേക്ഷിച്ചു. അങ്ങിനെ അടയാളം വെളിപ്പെട്ടുകണ്ടാൽ പത്രങ്ങൾ വഴി അതിനെ സാക്ഷ്യപ്പെടുത്താൻ തങ്ങൾ തയ്യാറായിരിക്കണമെന്നും അവർ സൂചിപ്പിച്ചു.

ഈ കത്തിലൂടെ പ്രസ്തുത മാന്യന്മാർ പ്രകടിപ്പിച്ച ആർജ്ജവവും വിനയവും സത്യാന്വേഷണ തൽപ്പരതയും ഹദറത്ത് അഹ്മദിന്റെ അഭിനന്ദനങ്ങൾക്കിടയാക്കി. ഒടുവിൽ ആ മഹാത്മാവ് അവരുമായി അത്തരം ഒരു കരാറിലേർപ്പെട്ടു. ഭവിഷ്യൽ കാര്യങ്ങളെപ്പറ്റി തനിക്ക് ലഭിക്കുന്ന വെളിപാടുകൾ പ്രസിദ്ധം ചെയ്യുമെന്നും അതിനു അവർ സാക്ഷ്യം വഹിക്കുമെന്നുമുള്ള ഈ കരാർ, അമൃതസരിലെ 'റിയാസ് ഹിന്ദ്' പ്രസ്സിൽ നിന്ന് അച്ചടിച്ചു പരസ്യപ്പെടുത്തുകയും ചെയ്തു.

ഈ കരാർ പ്രകാരം 1885 ആഗസ്റ്റ് 5-നു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി, തനിക്ക് ലഭിച്ച ദിവ്യവെളിപാടനുസരിച്ച്, ഒരു പ്രവചനം പ്രസിദ്ധപ്പെടുത്തി, അതിങ്ങനെയായിരുന്നു.

"അടുത്ത 31 മാസം പൂർത്തിയാകുന്നതിനിടയിൽ മീർസാ ഇമാമുദ്ദീനെയും, മീർസാ നിസാമുദ്ദീനെയും സംബന്ധിച്ചിടത്തോളം വളരെ വലിയ ഒരു ദു:ഖസംഭവം ഉണ്ടാകാൻ പോകുന്നുവെന്ന് എനിക്ക് ദിവ്യവെളിപാടു ലഭിച്ചിരിക്കുന്നു. അവർക്ക് അസഹനീയമായ മനോദു:ഖവും ഞെട്ടലും ഉളവാകുമാറ്, അവരുടെ കുടുംബത്തിലെ ഒരു വ്യക്തി, ഭാര്യമാരിലോ, മക്കളിലോ പെട്ട ഒരു സ്ത്രീയോ പുരുഷനോ, മരണമടയും. ഈ കാലയളവ് ഇന്ന്, 1885 ആഗസ്റ്റ് 5 മുതൽ ആരംഭിക്കുന്നതാണ്."

ഇതിൽ നാലുപേർ സാക്ഷികളായി ഒപ്പിട്ടിരുന്നു. പണ്ഡിറ്റ് ഭാരാമേൽ, പണ്ഡിറ്റ് വിജയ്നാഥ്, വിഷ്ണുദാസ്, (ബ്രാഹ്മൻ), വിഷ്ണുദാസ് (ക്ഷത്രിയൻ), എന്നിവരായിരുന്നു ആ നാലുപേർ.

എല്ലാവരും പ്രവചനത്തിന്റെ ഫലം കാത്തിരുന്നു. ശത്രുക്കളും മിത്രങ്ങളും ഒക്കെ പ്രവചനഫലം ഉൽകണ്ഠാപൂർവ്വം ഉറ്റു നോക്കിക്കൊണ്ടിരുന്നു. മാസങ്ങൾ കടന്നുപോയി. ഇതിനകം 30 മാസങ്ങൾ പിന്നിട്ടു. 1888 ഫെബ്രുവരി വരെ ഒന്നും സംഭവിച്ചില്ല. ഉൽകണ്ഠയുടെ നിമിഷങ്ങൾ. കരാറിൽ ഒപ്പിട്ട മാന്യന്മാരാകട്ടെ അക്ഷമരായിതുടങ്ങി. പ്രവചനം ഫലിച്ചില്ലെന്നു വിശ്വസിക്കാനും, വിളംബരപ്പെടുത്താനും അവർ തിടുക്കപ്പെട്ടു. ഈ കരാറിൽ ഒപ്പിട്ടതുമുതൽക്കേ ആ നേതാക്കളുടെ ഭീഷണികളും സമ്മർദ്ദങ്ങളും അവർക്കെതിരെ ഉണ്ടായിക്കൊണ്ടിരുന്നു. വേദങ്ങളല്ലാത്ത മറ്റൊരു വെളിപാടിലും തങ്ങൾക്കു വിശ്വാസമില്ലെന്നു പ്രഖ്യാപിക്കാൻ, ഇത്തരുത്തിൽ അവർ നിർബന്ധിതരാവുകയായിരുന്നു.

ഹദ്റത്ത് അഹ്മദ് (അ) നുയാതൊരു ചാഞ്ചല്യവും തോന്നിയില്ല. ഈ വിഷയത്തിൽ അദ്ദേഹം ശാന്തനും നിർവ്വികാരനുമായി കാണപ്പെട്ടു.

ശത്രുക്കൾ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പ്രവചനം പൊളിയുന്നതു കാണാനും, ആഘോഷിക്കാനും വട്ടംകൂട്ടുകയായിരുന്നു. ഇനി അധിക ദിവസങ്ങൾ ബാക്കിയല്ല.

എന്നാൽ, പ്രവചനം നടന്ന്, 31-ാം മാസത്തിൽ അതു സംഭവിച്ചു. ഖാദിയാൻ നിവാസികളെയൊട്ടാകെ ആ സംഭവം ഞെട്ടിച്ചു. ശത്രുക്കൾക്കും മിത്രങ്ങൾക്കും വ്യത്യസ്ഥ വികാരങ്ങൾ അതുളവാക്കി.

മീർസാ ഇമാമുദ്ദീൻ പ്രഭൃതികളുടെ കുടുംബത്തിലാണ് ആ ഭയങ്കര ദുഃഖസംഭവം ഉണ്ടായത്. മീർസാ നിസാമുദ്ദീന്റെ പുത്രിയും, മീർസാ ഇമാമുദ്ദീന്റെ സഹോദരപുത്രിയുമായ ഒരു സ്ത്രീ, അവർ ഒരു യുവതിയുമായിരുന്നു. തന്റെ ഏകസന്താനത്തെയും ഉപേക്ഷിച്ചുകൊണ്ട് കാലയവനിയ്ക്കുള്ളിൽ പോയി മറഞ്ഞു.

ദൈവവചനം പൂർത്തിയായി. മീർസാ ഇമാമുദ്ദീന്റെ കുടുംബത്തിനേറ്റ ഒരു കടുത്ത പ്രഹരമായിരുന്നു ഇത്. ഒരു പാഠവും. ഖാദിയാൻ നിവാസികൾക്ക് സുവ്യക്തമായ ഒരടയാളവും. തുടരും... ■

***(27-ൽ നിന്ന് തുടർച്ച)***

പ്രതിനിധികളുമായുള്ള ഇന്റർവ്യൂവിൽ ദൗത്യസംഘത്തിന് അറിയാൻ കഴിഞ്ഞത് അഹ്മദികൾക്കെതിരെയുള്ള മതനിന്ദാകുറ്റങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് മുഖ്യമായും മൂന്ന് സ്രോതസ്സുകളിൽ നിന്നാണ് എന്നാണ്. ഒന്നാമതായി 'ഖതമുന്നുബുവ്വത്ത്' എന്ന സംഘടനയിലെ അംഗങ്ങളിൽ നിന്നും രണ്ടാമതായി പോലീസിന്റെയും സർക്കാറിന്റെ ഇടപെടലിൽ നിന്നും മൂന്നാമതായി വ്യക്തിവിദ്വേഷവും ശത്രുതയുടേയും പേരിലുള്ളതും (തുടരും) ■

ലേഖനം

അബൂ അയ്മൻ, കുവൈത്ത്

കഴിഞ്ഞ ലക്കം തുടർച്ച

# ആർക്കാണ് ദൈവത്തിന്റെ പ്രവൃത്തിയെ തടയാൻ കഴിയുക?

## കുഴപ്പക്കാർക്കെതിരെ ദിവ്യാത്മാക്കൾ കണ്ട ചില സ്വപ്നദർശനങ്ങൾ

*ഇപ്പോൾ ആർക്കാണു എന്നെ ഖിലാഫത്തിൽ നിന്നു പുറത്താക്കാൻ സാധിക്കുക, ദൈവം എന്നെ ഖലീഫയാക്കിയിരിക്കുന്നു, ദൈവത്തിനു തന്റെ തിരഞ്ഞെടുപ്പിൽ ഒരിക്കലും അബദ്ധം പിണയുകയില്ല. അഥവാ മുഴുവൻ ലോകവും എന്നെ അംഗീകരിക്കുകയാണെങ്കിലും എന്റെ ഖിലാഫത്ത് മികച്ചതാവുകയില്ല. അതുപോലെ എല്ലാവരുമെന്നെ തള്ളിക്കളഞ്ഞാലും എന്റെ ഖിലാഫത്തിനു ഒരു വ്യത്യാസവും സംഭവിക്കില്ല. നബി ഒറ്റക്കായിരുന്നാലും നബി തന്നെയായിരിക്കുന്നത് പോലെ ഖലീഫയും ഒറ്റക്കായിരുന്നാൽ ഖലീഫ തന്നെയായിരിക്കും. ആരാണൊ ദൈവത്തിന്റെ തീരുമാനത്തെ സ്വീകരിക്കുന്നത് അവരാണനുഗ്രഹീതർ....*

*ഞാൻ ഈ വിളംബരം മുഖേന ഇതുവരെ ബൈഅത്ത് ചെയ്തിട്ടില്ലാത്തവരേയും അതിൽ ശങ്കിച്ച് നിൽക്കുന്നവരേയും അറിയിക്കുന്നു, ഞാനെന്റെ ദൗത്യം പൂർത്തിയാക്കിയിരിക്കുന്നു ഇനി ഇക്കാര്യത്തിൽ ഞാൻ ദൈവത്തിന്റെ പക്കൽ കുറ്റക്കാരനല്ലതന്നെ. ദൈവം ഞാൻ മുഖേന ഈ കലഹത്തിനറുതിവരുത്തുകയും കുഴപ്പത്തിന്റെ തീ അണക്കുമാറാവുകയും ചെയ്യട്ടെ എന്നിട്ട് എന്റെ പൂർണ്ണ ശ്രദ്ധ ഖലീഫയുടെ പ്രധാന ദൗത്യമായ ജമാഅത്തിന്റെ സത്യത ലോകത്ത് എത്തിക്കുന്നതിലേക്ക് തിരിക്കുകയും ചെയ്യട്ടെ, അഹോ എനിക്കെന്റെ ജീവിതകാലത്തുതന്നെ ലോകത്തിന്റെ ദൂരദൂര കോണുകളോളം അഹ്മദിയ്യത്തിന്റെ സത്യത വെളിപ്പെടുന്നത് കാണാൻ സാധിച്ചെങ്കിൽ... 'വമാ ദാലിക അലല്ലാഹി ബി അസീസ്' " (സവനെ ഫദ്ലെ ഉമർ വാള്യം: 2, പേജ്: 7-12)*

അങ്ങിനെ ഖിലാഫത്ത് നിഷേധികളുടെ എതിർപ്പുകൾ നേരിട്ടുകൊണ്ട് ഖലീഫത്തുൽ മസീഹ് (റ) തന്നാലാവുന്ന തരത്തിൽ ബാഹ്യമായ സാമഗ്രികൾ ഉപയോഗിച്ച് അതിനെതിരിൽ പരിശ്രമിച്ചെങ്കിൽ തന്നെയും ഒരു നിമിഷനേരത്തേക്കുപോലും അവയൊന്നിലും പൂർണ്ണ വിശ്വാസം അർപ്പിച്ചില്ല. മറിച്ച് അങ്ങേയറ്റത്തെ വിനയത്തോടും വേദനയോടും കൂടി അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുകയും ജമാഅത്തിനെ അതിനായി അടിക്കടി താക്കീത് ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. മറ്റൊരു വിജ്ഞാപനത്തിൽ അദ്ദേഹം അരുൾ ചെയ്യുന്നു. *"കഠിനപരിശ്രമത്തിന്റെയും, ധൈര്യത്തിന്റെയും, വേദനയുടെയുമൊക്കെ ഫലമായി ഒടുവിൽ രൂപംകൊണ്ടിട്ടുള്ള ഈ ജമാഅത്ത് കഷ്ണങ്ങളാവാൻ പോകുന്നു എന്നുള്ള സങ്കൽപം തന്നെ എന്നെയാകെ ഭ്രാന്തനാക്കുന്ന അവസ്ഥയിലെത്തിക്കുകയാണ്. പക്ഷെ അങ്ങനെ സംഭവിക്കുകയില്ല എന്ന് അല്ലാഹുവിൽ നിന്നുള്ള ആശ്വാസവും സമാധാനിപ്പിക്കലും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. നിങ്ങൾ രാത്രികളിൽ എണീറ്റ് തഹജ്ജുദ് നമസ്കരിക്കുവിൻ. കഴിവുള്ളവർ നോമ്പ് പിടിച്ചാലും, സദഖകളും ദാനധർമ്മങ്ങളും നൽകുകയും പകലിലെ ആരാധനകളിൽ വർധനവ് വരുത്തിയാലും. ഒരാൾ എന്നോട് പറയുകയാണ് നമസ്കരിക്കാൻ ഉറക്കമുണരാൻ സാധിക്കുന്നില്ല എന്ന്, എനിക്ക് അയാളുടെ കാര്യത്തിൽ കരച്ചിൽ വന്നുപോയി, എങ്ങിനെ അയാൾക്ക് ഉറക്കം വരുന്നു.*

ഒരു കാര്യം ഓർത്തുകൊൾക 'നമസ്കാരവും നോമ്പും വർധിപ്പി

ക്കുന്നതിലൂടെയും ദാനധർമ്മങ്ങൾ നൽകുന്നതിലൂടെയും മുസീബത്തുകൾ ദൂരപ്പെടുന്നതാണ്. അതുകൊണ്ട് നിങ്ങൾ തഹജ്ജൂദിലും നഫലുകളിലും അലസത കാണിക്കല്ല... ദൈവം വിജയവും സഹായവും തരുമെന്നതിൽ എനിക്ക് ആശ്വാസവും അതുപോലെ ഉറച്ച വിശ്വാസവുമുണ്ട്, പക്ഷെ അവന്റെ താങ്ങും സഹായവും ലഭിക്കാൻ നമ്മൾ അതിനു അർഹിക്കുന്നവരാണോ എന്നു തെളിയിക്കേണ്ടിയിരിക്കുന്നു. ബദർ യുദ്ധവേളയിൽ ദുആയിൽ മുഴുകിയിരുന്ന റസൂലുല്ലാഹ് (സ)യോട് ഹ:അബൂബക്കർ (റ) ചോദിച്ചു അങ്ങയ്ക്ക് അല്ലാഹുവിന്റെ വാഗ്ദാനമില്ലേയെന്ന്, അവിടുന്ന് മറുപടി പറഞ്ഞു: അല്ലാഹുവിന്റെ പരാശ്രയരഹിതനാണെന്നതിനെ ഭയപ്പെടുന്നു'വെന്ന്. അതുകൊണ്ട് ഓർത്തുകൊള്ളുക ഹ: വാഗ്ദത്ത മസീഹിനോടും അല്ലാഹുവിന്റെ വലിയ വലിയ വാഗ്ദാനങ്ങളുണ്ട് ഞാൻ പ്രസ്ഥാനത്തെ സഹായിക്കും സംരക്ഷിക്കുമെന്നൊക്കെ. പക്ഷെ ഞാനും അല്ലാഹുവിന്റെ പരാശ്രയരഹിതനെന്നതിനെ ഭയപ്പെടുന്നു. അതുകൊണ്ട് തങ്ങളുടെ കർമ്മങ്ങൾ കൊണ്ട് ആ വാഗ്ദാനങ്ങൾക്ക് അർഹരാണെന്ന് പറയാനിടവരുത്തിയാലും – (സവനെ ഫദ്ലെ ഉമർ വാള്യം: 2, പേജ്: 13–15)

ആ ദുആ, ആ നിശ്ചയദാർഢ്യം, ആ അർപ്പണം ഇതിന്റെയൊക്കെ ഫലമായി ഒടുക്കം അങ്ങിങ്ങായി ചിതറിപ്പോയ താളുകൾ വീണ്ടും ഒരു പുസ്തകത്തിൽ ശക്തിയോടെ ഉദ്ഗ്രഥിക്കപ്പെട്ടത് പോലെ ജമാഅത്ത് ദ്രുതഗതിയിൽ ഒരു കയ്യിൽ ഒത്തുചേരാൻ തുടങ്ങി, അങ്ങനെ “വലയുബദ്ദിലന്നഹും മിമ്പഅദി ഖൗഫിഹിം അംനാ” (ഭയത്തിനു ശേഷം ആശ്വാസം) എന്ന വാഗ്ദാനം ഒരിക്കൽ കൂടി പൂർത്തിയായി. ഇസ്ലാമിന്റെ ജീവൻ, അതിന്റെ പ്രതാപം, അതിന്റെ സമാധാനം

ഇനി എന്നെന്നേക്കുമായി ഖിലാഫത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടുകഴിഞ്ഞിരിക്കുന്നു എന്ന പരമസത്യം കൂടി പകൽ വെളിച്ചം പോലെ പ്രകടമായി.

## നിഷേധികളെ കുറിച്ചു മുൻകൂട്ടിയുള്ള ചില ദൈവീക അടയാളങ്ങൾ

ഹ:മസീഹ് മഊദ്(അ)ന്റെ കാലത്തു തന്നെയുണ്ടായ ചില അടയാളങ്ങൾ

അസ്ഹാബെ അഹ്മദിന്റെ നാലാം വാള്യത്തിൽ പീർ സിറാജുൽ ഹഖ്(റ) റിവായത്ത് ചെയ്ത തായി വന്നിട്ടുള്ള ഹ:മസീഹ് മഊദ്(അ)ന്റെ കാലത്ത് നടന്ന ഒരു സംഭവം, ഒരു തവണ ഖാദിയാനിൽ അവിടെയുണ്ടായിരുന്നവർ കൂടാ തെ പുറത്തുനിന്നും കുറെ സഹോദരന്മാർ കൂടി ഹുസൂർ (അ)ന്റെ സന്നിധിയിൽ ഹാജരുണ്ടായിരുന്നു. അക്കൂട്ടരിൽ ഹ:ഹക്കീം നൂറുദ്ദീൻ സാഹിബ്, അബ്ദുൽ കരീം സാഹിബ് സിഫാൽകോട്ടി, മൗലവി മുഹമ്മദ് അഫ്സൽ സാഹിബ്, മുൻശി സഫർ അഹ്മദ് സാഹിബ്, മുൻശി അരോഡ സാഹിബ്, മൗലവി അബ്ദുൾ ഖാദിർ സാഹിബ്, സയ്യദ് ഫസിൽഷാ സാഹിബ്, ഖാജാ കമാലുദ്ദീൻ സാഹിബ്, മൗലവി മുഹമ്മദലി സാഹിബ്, ഷേഖ് ഗുലാം അഹ്മദ് സാഹിബ്, ഡോ. മിർസാ യാക്കൂബ് ബൈഗ് സാഹിബ് തുടങ്ങിയവരും ഉൾപെട്ടിരുന്നു. ആ സദസ്സിൽ ഔലിയാക്കൾക്ക് പല കശ്ഫീ ദർശനങ്ങളും കാണിക്കപ്പെടാറുണ്ട് എന്ന വിഷയത്തെ കുറിച്ച് ചർച്ച ആരംഭിച്ചു. അങ്ങനെ അതേ വിഷയത്തെ ആസ്പദമാക്കി വാഗ്ദത്ത മസീഹ് (അ) ഒരു പ്രസംഗം നടത്തിക്കൊണ്ട് അതിനൊടുവിലായി ഇങ്ങനെ അരുൾ ചെയ്തു “എനിക്കും (കശ്ഫിൽ) കാണിക്കപ്പെടുകയുണ്ടായി. ഇപ്പോൾ ഹാജരുള്ളവരിൽ ഒരു കൂട്ടർ നമ്മെ വിട്ട് പോയിക്കളയുകയും ഇന്ന് നമ്മളിൽ നിന്ന് മുഖം തിരിച്ചുകളയുകയും ചെയ്തിരിക്കുന്നു” ഇത് കേട്ടതോടുകൂടി അവിടെ ഹാജരുണ്ടായ വരെല്ലാം വളരെയധികം ഭയപ്പെട്ടുകൊണ്ട് ഇസ്തിഗ്ഫാർ ചൊല്ലിക്കൊണ്ടിരിക്കാൻ തുടങ്ങി, ഹുസൂർ (അ) മുറിക്കകത്തേക്ക് കടന്ന് വാതിലടച്ചു, അക്കൂട്ടത്തിൽ വളരെയധികം ഭയപ്പെട്ടിട്ടുണ്ടായിരുന്ന സയ്യിദ് ഫസിൽഷാ സാഹിബ് ഉടനെ എഴുന്നേറ്റ് ഹുസൂറിന്റെ വാതിലിന്റെ ചങ്ങല കുലുക്കി ശബ്ദമുണ്ടാക്കി അപ്പോൾ ഹദ്റത്ത് സാഹിബ് തിരിച്ച് വന്നുകൊണ്ട് പുഞ്ചിരിയോടെ ചോദിച്ചു ഷാ സാഹിബ് എന്താ കാര്യം, അപ്പോൾ അദ്ദേഹം ചോദിച്ചു, ഹുസൂർ ഞാൻ മറ്റാരുടെയും അവസ്ഥ ആരായുന്നില്ല എനിക്ക് എന്റെ മാത്രം അവസ്ഥ പറഞ്ഞുതന്നാലും, ഞാൻ ആ മുഖം തിരിച്ചുകളഞ്ഞ കൂട്ടരിൽ ഇല്ലല്ലോ? ഈ ചോദ്യം കേട്ട ഹുസൂർ ഒരുപാട് ചിരിച്ചു എന്നിട്ട് ഷാ സാഹിബ് താങ്കൾ അക്കൂട്ടരിൽ ഇല്ല എന്ന് മറുപടി പറഞ്ഞുകൊണ്ട് അതേ പുഞ്ചിരിയോടുകൂടി കതകടക്കുകയും ചെയ്തു. ഷാ സാഹിബിനു അതോടെ പുതിയ ജീവൻ കിട്ടിയപോലെയായി.

ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ നാം വിലയിരുത്തുകയാണെങ്കിൽ ഇതിൽ കുറച്ച് കൂട്ടർ വാഗ്ദത്ത മസീഹ്(അ) ന്റെ കാലത്തു തന്നെ വഫാത്തായിക്കൊണ്ട് ‘ഫമിൻഹുമ്മൻ ഖദാ നഹ്ബഹൂ’ എന്നതിനു സാക്ഷികളായി, പിന്നെ വലിയൊരു കൂട്ടം ‘മിൻഹുമ്മൻ യൻതസിർ’ ൽ ഉൾപെട്ടുകൊണ്ട് പിന്നീട് ഖിലാഫത്തുമായി സുദൃഢമായ ബന്ധം സ്ഥാപിക്കുകയും ഇപ്പോൾ ബിഹിശ്ത മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുകയും ചെയ്യുന്നു. ഇവ രണ്ടിലും ഉൾപ്പെടാതെ തങ്ങളുടെ ജീവിതകാലത്ത് തന്നെ ഖാദിയാനുമായി ബന്ധം വിച്ഛേദിച്ച്

ഖിലാഫത്തിന്നെതിരെ തിരിയുകയും ചെയ്ത കൂട്ടർ തന്നെയാണ് വാഗ്ദത്ത മസീഹ് (അ)നു മുഖം തിരിച്ചവരായി കാണിക്കപ്പെട്ടത്. അവരുടെ തലമുതിർന്ന നേതാക്കളായിരുന്ന മൗലവി മുഹമ്മദലി സാഹിബ്, ഖ്വാജാ കമാലുദ്ദീൻ സാഹിബ് എന്നിവരെ കുറിച്ച് ഹുസൂർ (അ)നു ഉണ്ടായിരുന്ന മറ്റു ചില ദർശനങ്ങൾ മേൽ വിവരിച്ച സംഭവത്തിലെ മുഖംതിരിച്ചവർ ഇവർ തന്നെയായിരുന്നു എന്നതിനു കൂടുതൽ തെളിവ് നൽകുന്നു.

ഹുസൂർ അരുൾ ചെയ്തു, "മൗലവീ മുഹമ്മദലി സാഹിബിനോട് സ്വപ്നത്തിൽ പറഞ്ഞു, താങ്കളും സാത്വികനായിരുന്നു. നല്ല ഉദ്ദേശ്യങ്ങൾ വച്ചുപുലർത്തിയിരുന്നു വരൂ നമ്മുടെ അടുത്ത് ഇരിക്കൂ" മൗലവീ സാഹിബിന്റെ സാത്വികത ഒരു പഴങ്കഥയായി മാറിക്കഴിഞ്ഞ പോലെയാണ് ഇത് പറയപ്പെട്ടത്. അപ്രകാരം തന്നെ ആ ഭൂതകാലപ്രയോഗം ശരിവെച്ചുകൊണ്ട് തന്റെ അവസാനത്തെ 37 വർഷത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും അതിനു സാക്ഷ്യം പറഞ്ഞുകൊണ്ടിരുന്നു.

ഖാജാ സാഹിബിനെ കുറിച്ച് ഹുസൂറിനു അറിയിച്ചുകൊടുത്തത് ഇപ്രകാരമാണ്, അയാൾ ഭ്രാന്തനായിരിക്കുന്നു എന്നിട്ട് കഅബയിൽ വച്ച് ഹുസൂറിനു നേരെ അക്രമം നടത്തുകയും കഅബയിൽ നിന്ന് പുറത്തേക്ക് പോവുകയും ചെയ്യുന്നു. എന്തെന്നാൽ അദ്ദേഹം പിന്നീട് ജമാഅത്തിനെതിരെ കുഴപ്പങ്ങൾ സൃഷ്ടിച്ച് ജമാഅത്തിൽ നിന്ന് പുറത്തുപോവേണ്ടിയിരുന്നു (അസ്ഹാബെ അഹ്മദ് വാല്യം: 4, പേജ്:147 –148)

വാഗ്ദത്ത മസീഹ്(അ)നുണ്ടായ ഒരു വെളിപാടായ "പസ്പാശുധ ഹുജും" അർത്ഥം: ചിതറിപ്പോയ സമൂഹം, എന്നതിനൊപ്പം തന്നെ 'തദ്ക്കിറ'യിൽ രേഖപ്പെട്ടുകാണുന്ന മറ്റൊരു വെളിപാട് ഇപ്രകാരമാണ, "അഫ്സോസ്നാക് ഖബർ ആയി ഹെ" അർത്ഥം: ദുഃഖകരമായ വാർത്ത വന്നിരിക്കുന്നു. ഈ വെളിപാടുകൾക്ക് ശേഷം ഹുസൂർ (അ) അരുളിയതായി എഴുതിയിരിക്കുന്നു, "ഈ വെളിപാടാനന്തരം ഞാനുണർന്നപ്പോൾ എന്റെ മനസ്സ് പോയത് ലാഹോറിലുള്ള ചില സുഹൃത്തുക്കളിലേക്കാണ് ചിലപ്പോൾ വെളിപാടും അവരെകുറിച്ച് തന്നെയാവാം" (തദ്ക്കിറ പേജ്: 835)

'എന്റെ ശ്രദ്ധ ലാഹോറിലെ ചില സഹോദരന്മാരിലേക്ക് പോയി' എന്ന് ഹുസൂർ അരുളിയത് പ്രബലപ്പെടുത്തുന്ന 1907ൽ തന്നെയുണ്ടായ മറ്റൊരു വെളിപാട് ഇപ്രകാരമാണ "ലാഹോർ സെ ഏക് അഫ്സോസ്നാക് ഖബർ ആയി ഹെ" അർത്ഥം: ലാഹോറിൽ നിന്നും ഒരു ദുഃഖകരമായ വാർത്ത വന്നിരിക്കുന്നു', ഹുസൂർ (അ) അരുൾ ചെയ്തു "ഈ വെളിപാടുകാരണം ഞാനൊരാളെ അവിടത്തെ വിവരമറിഞ്ഞുവരാൻ അയച്ചിരുന്നു പക്ഷെ ആർക്കറിയാം അത് കുറച്ചു നാളുകൾക്കുശേഷം സംഭവിക്കാനുള്ളതാണ്" (തദ്ക്കിറ പേജ്: 861)

വാഗ്ദത്ത മസീഹിന്റെ ജീവിതകാലത്തോ അതിനുശേഷമോ ഖിലാഫത്ത് നിഷേധികളുടെ ഫിത്നയേക്കാൾ വലിയ മറ്റേതെങ്കിലും ദുഃഖവാർത്ത ലാഹോറിൽ നിന്നും വന്നിട്ടുള്ളതായിട്ട് എവിടെയും രേഖപ്പെട്ടിട്ടില്ല എന്നതാണു സത്യം. വാഗ്ദത്ത മസീഹ്(അ) നുണ്ടായ മറ്റൊരു വെളിപാട് ഇപ്രകാരമാണ "ലാഹോർ മെ ഏക് ബേശറം ഹെ" അർത്ഥം: ലാഹോറിൽ ഒരു നാണം കെട്ടവനുണ്ട്. (തദ്ക്കിറ പേജ്: 844) ഹുസൂർ ഇവിടെ ആരുടെയും പേരെടുത്ത് സൂചിപ്പിട്ടില്ലെങ്കിലും എല്ലാവിധ ദൃഷ്ടാന്തങ്ങൾക്കും തെളിവുകൾക്കും സാക്ഷ്യം വഹിച്ചിട്ടും കേവലം ചില ലൗകിക താൽപര്യങ്ങൾക്ക് മുന്നിൽ ഒക്കെ ത്യജിച്ചുകൊണ്ട് നബിതിരുമേനി(സ) തന്നെയും പ്രവചിച്ച പരിശുദ്ധ ഖിലാഫത്തിന്റെ നിഷേധത്തിനു നേതൃത്വം നൽകുക എന്നത് സത്യത്തിൽ ഒരു നാണംകെട്ടവനല്ലാതെ മറ്റാർക്കാണു സാധിക്കുക.

## ഹ.മുസ്ലിംഹ് മഊദ്(റ) ദർശിച്ച അടയാളങ്ങളിൽ ചിലത്

1907 മാർച്ചിലെ ഒരു സ്വപ്നം

ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹ: മുസ്ലിഹ് മഊദ് (റ)ന്റെ വഫാത്തിനു ഒരു വർഷവും രണ്ടു മാസവും മുന്നേ കണ്ട ഒരു സ്വപ്നം വിവരിക്കുന്നു. 7 മാർച്ച് 1907നു രാത്രി ഞാൻ സ്വപ്നത്തിൽ കാണുന്നു, ഒരാൾ ഹ: മസീഹ് മഊദ്(അ)ന്റെ ഇൽഹാമുകളാണെന്നു പറഞ്ഞുകൊണ്ട് ചില ഇൽഹാമുകൾ എഴുതിയ കോപ്പി കൊണ്ടുവന്നു കാണിച്ചു. അതിൽ വലിയ അക്ഷരത്തിൽ ഇങ്ങിനെ (അറബിയിൽ) എഴുതിയതായി കണ്ടു. "അസ്സാഅൻ തക്റമൂ ശൈഅൻ വഹുവ ഖൈറുല്ലകും" അതായത് താമസിയാതെ നീ വെറുക്കുന്ന ഒരു കാര്യം ഉണ്ടാവും അതു നിനക്ക് ഗുണകരമായിരിക്കും. അതിനു ശേഷം ആ കാഴ്ച മാറി ഞാൻ കാണുന്നത് ഒരു പള്ളി, അതിന്റെ മുതവല്ലിക്ക് നേരെ ആൾക്കാർ കുഴപ്പമുണ്ടാക്കുന്നു. ആ കുഴപ്പക്കാരിലൊരാളോട് ഞാൻ സംസാരിക്കുകയും സംസാരിച്ച് അയാളിൽ നിന്നു ഞാൻ നിങ്ങളോടൊപ്പം കൂടിയാൽ എന്റെ യജമാനൻ എന്നോട് ദേഷ്യപ്പെടും എന്നു പറഞ്ഞുകൊണ്ടു ഓടിയകലുന്നു. ഇത്രയുമായപ്പോൾ ഒരു വെളുത്ത ആൾ വന്ന് എന്നോട് പറഞ്ഞു, പള്ളിയുമായി ബന്ധപ്പെടുന്നവരിൽ മൂന്ന് വിധക്കാരാണുള്ളത് ഒന്ന് നമസ്കരിക്കാൻ മാത്രം വരുന്നവർ ഇവരും നല്ലവരാണ്, രണ്ടാമത്തേത്

പള്ളിയുടെ അഞ്ചുമനിൽ പ്രവേശിച്ചവർ, മൂന്നാമത്തേത് മുതവല്ലി.

ഈ സ്വപ്നത്തിൽ മുതവല്ലിക്ക് നേരെയാണ് കുഴപ്പമുണ്ടാക്കുന്നതെന്നും ഒരു കൂട്ടരായ നമസ്ക്കരിക്കാൻ വരുന്നവർ നല്ലവരാണെന്നും വിശേഷിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ തന്നെ മൂന്നാമത്തെ കൂട്ടരായ അഞ്ചുമനിൽ പ്രവേശിച്ചവരാണ് കുഴപ്പക്കാർ എന്ന് തെളിയുന്നുണ്ട്. കൂടുതൽ വിശദീകരണം കൂടാതെ തന്നെ ഈ സ്വപ്നം ഖിലാഫത്തിനെതിരെയുള്ള ലഹളയെയാണ് സൂചിപ്പിക്കുന്നത് എന്ന് വ്യക്തമാണെങ്കിൽ തന്നെയും ഈ സ്വപ്നത്തിനു മുസ്‌ലിഹ് മഊദ്(റ) പള്ളിയെന്ന് ഉദ്ദേശിക്കുന്നത് ജമാഅത്താണെന്നും, അതിന്റെ മുതവല്ലി എന്നത് ഖലീഫയാണെന്നും ഒക്കെയുള്ള ഭംഗിയായ നീണ്ട വിശദീകരണം നൽകിയ ശേഷം ഇങ്ങനെ കൂടി വിവരിച്ചു.

'ചിലപ്പോൾ ആരെങ്കിലും പറഞ്ഞേക്കാം ഈ സ്വപ്നം വളരെ വ്യക്തമായ ഒന്നാണെന്ന്' ശരിതന്നെ. പക്ഷെ നിങ്ങൾ ഇത് അന്ന് കണ്ടിരുന്നോ ഇല്ലയൊ എന്നാർക്കറിയാം. ഏതുവരെ അതിനൊരു തെളിവില്ലയോ അതുവരെ എങ്ങനെ വിശ്വസിക്കാനാവും പറയുന്നത് ശരിയാണ്. അതുകൊണ്ട് ഞാൻ തെളിവിനായി ഹ. മസീഹ് മഊദ് (അ)നെ തന്നെ നിങ്ങളുടെ മുന്നിൽ വെക്കുകയാണ് ചിലർ അത്ഭുതപ്പെടുന്നുണ്ടാവും. വഫാത്തായിരിക്കുന്ന ഹ. മസീഹ് മഊദ് (അ) ഇപ്പോഴെവിടെ നിന്ന് എന്റെ സത്യസാക്ഷ്യത്തിനായി അവതരിക്കാനാണ്. എന്നാൽ ഹ: മസീഹ് മഊദ്(അ) തന്നെ ഇതിനു തെളിവു നൽകുന്നതാണെന്നു ഞാൻ അവരോട് പറയുന്നു. എങ്ങനെയെന്നാൽ, 7 മാർച്ച് 1907നു ഈ സ്വപ്നം കണ്ട അന്ന് സുബഹിക്കുതന്നെ ഞാൻ പിതാവിനെ അറിയിച്ചിരുന്നു. ഇത് കേട്ട അവിടുന്ന് ഏറെ ചിന്താവിഷ്ടനായിക്കൊണ്ട് എന്നോട്, പള്ളിയെന്നത് അർത്ഥമാക്കുന്നത് ജമാഅത്താണെന്നും ചിലപ്പോൾ എന്റെ ജമാഅത്തിലെ കുറച്ചാൾക്കാർ എന്നെ എതിർത്തേക്കാമെന്നും ഈ സ്വപ്നം എഴുതിവെക്കണമെന്നും പറഞ്ഞു. അപ്രകാരം ഞാൻ വിവരിച്ചതനുസരിച്ച് അവിടുന്ന് ഇൽഹാമുകളെഴുതിയിരുന്ന അതേ കോപ്പിയിൽ ആദ്യം തിയ്യതിയും പിന്നെ മഹമുദിന്റെ സ്വപ്നം എന്നും ചേർത്ത് എന്റെ മൂന്നു സ്വപ്നങ്ങളും എഴുതി. (ബാക്കി രണ്ട് സ്വപ്നങ്ങൾ ഈ വിഷയവുമായി ബന്ധപ്പെടാത്തതായതിനാൽ ഹ. മുസ്‌ലിഹ് മഊദ് (റ) ഇവിടെ വിവരിച്ചിട്ടില്ല) ഈ സ്വപ്നങ്ങൾ എഴുതിയതിന് ചുറ്റുപാടും അതിനു മുമ്പും പിമ്പുമുള്ള തിയ്യതികളിൽ ഉണ്ടായ ഇൽഹാമുകൾ കൂടി ഹ. മസീഹ് മഊദ് (അ) തന്റെ സ്വന്തം കൈകളാൽ തന്നെ എഴുതിയിട്ടുണ്ട്. ആ കോപ്പി ഇപ്പോഴും എന്റെ കയ്യിൽ ഇരിക്കുന്നു (ഹ മുസ്‌ലിഹ് മഊദ്(റ) അത് സദസ്സിനെ കാണിച്ചു) ഇത് എല്ലാ സത്യാന്വേഷികളേയും കാണിക്കാവുന്നതാണ്, ഇത് ഹ. മസീഹ് മഊദ് (അ) തന്റെ സ്വന്തം കൈകളാലെഴുതിയിട്ടുണ്ടെന്നും, ഹ. മസീഹ് മഊദ് (അ) ന്റെ കുറേ വർഷത്തെ ഇൽഹാമുകളും അതിൽ അടങ്ങിയിരിക്കുന്നു എന്നും ഹ. മസീഹ് മഊദ് (അ)ന്റെ കയ്യെഴുത്ത് തിരിച്ചറിയുന്ന ഏതൊരാൾക്കും സാക്ഷ്യം വഹിക്കാവുന്നതാണ്. (അൻവാറുൽ ഉലൂം വോ. 2, പേജ്: 180-184)

## 1909 ജനുവരിയിലെ ഒരു സ്വപ്നം

1909-ലെ കാര്യമാണ്, ഖിലാഫത്തിന്റെ കുഴപ്പങ്ങളെ കുറിച്ച് എനിക്ക് ഒരറിവും ഇല്ലാത്ത സമയത്ത് ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ന്റെ ഖിലാഫത്തിന്റെ പതിനഞ്ചാമത്തെ ദിവസം കേവലം ഒരാൾ എന്നോട് വന്ന് പറഞ്ഞു 'മിയാ സാഹിബ് ഖലീഫയുടെ അധികാരങ്ങളെ കുറിച്ച് ഗഹനമായ ഒരാലോചന ആവശ്യമാണ്', ഞാൻ അതിനു നമ്മൾ ഇപ്പോൾ ബൈഅത്ത് ചെയ്ത് ഖിലാഫത്ത് സംവിധാനം നിലവിൽ വരുന്നതേയുള്ളൂ. അതിനു മുന്നേ യജമാന പരിപാലകരുടെ കടമകൾ എന്ത് നിർണ്ണയിക്കാനാണ്, ആർക്കാണോ ബൈഅത്ത് ചെയ്തിരിക്കുന്നത് അവരുടെ അധികാരങ്ങൾ നിശ്ചയിക്കാൻ നമുക്കെങ്ങിനെ സാധിക്കും' എന്ന് മറുപടി നൽകി. ആ സംഭവത്തിനുശേഷം ആരും തന്നെ എന്നൊട് ഈ വിഷയവു മായി ഒരു ചർച്ചയും നടത്തിയിട്ടില്ല. എന്റെ മനസ്സിൽനിന്നാണെങ്കിൽ ആ സംഭവം മാഞ്ഞുപോവുകയും ചെയ്തു. പിന്നെ 1909 ജനുവരിയിൽ ഞാൻ ഒരു സ്വപ്നം കാണുകയുണ്ടായി. അതായത് ഒരു ഉന്നത നിലവാരമുള്ള സൗധം പണിയപ്പെട്ടിട്ടുണ്ട്. അതിന്റെ എല്ലാ പണികളും തീർന്നു പക്ഷെ മേൽക്കൂര വാർക്കാൻ ബാക്കിയുണ്ട്. അതിനു വേണ്ടി മരം കൊണ്ടുള്ള കഴുക്കോലുകൾ ഇട്ടിട്ടുണ്ട്. അതിൽ പലക വെച്ച് മണ്ണിട്ട് നിറക്കാനേ ബാക്കിയുള്ളൂ, കഴുക്കോലിനു മുകളിലായി കുറച്ച് വൈക്കോൽ ഉണ്ടായിരുന്നു. അതിനരികിലായി മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബും നിൽക്കുന്നു. അദ്ദേഹത്തിനരികിലായി മിയാ ബശീറഹ്മദും നാസിറഹ്മദ് മർഹൂമും പ്രീർ ഇഫ്തിഖാർ സാഹിബ് ലുധിയാനവിയുടെ മകൻ) നിൽക്കുന്നുണ്ട്. മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ കയ്യിൽ ഒരു തീപ്പെട്ടിയുണ്ട്. അദ്ദേഹം അതുപയോഗിച്ച് ആ വൈ ക്കോൽ കത്തിക്കാൻ ഉദ്ദേശിക്കുന്നു, ഞാൻ ഇപ്പോൾ തീ കത്തിക്കരുത് കാരണം കഴുക്കോലുകൾക്ക് തീ പിടിക്കാൻ സാധ്യതയുണ്ട്, ഒരു ദിവസമെന്തായാലും എല്ലാ ഉണക്കപ്പുല്ലുമെടുത്ത് കത്തിക്കണം. പക്ഷെ ഇപ്പോഴല്ല എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തെ അതിൽ

നിന്നും പിന്തിരിപ്പിക്കുകയാണ്. ശക്തിയായി വിരോധിച്ച ആശ്വാസവുമായി ഞാനിവിടുന്ന് മടങ്ങി. കുറച്ച് ദൂരമേ നടന്നുള്ളൂ, പിന്നിൽ നിന്ന് ഒരു ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ മീർ ഇസ്ഹാഖ് സാഹിബ് ആ വൈക്കോൽ പെട്ടെന്ന് കത്തിക്കാനുള്ള ഉദ്ദേശ്യത്തിൽ തീപ്പെട്ടിയിൽ നിന്ന് ഓരോ വിഫലശ്രമത്തിനുശേഷവും വീണ്ടും വീണ്ടും കൊള്ളികളെടുത്ത് ഉരസിക്കൊണ്ടിരിക്കുകയാണ്, അതു തടയാനുള്ള ശ്രമത്തിൽ ഞാൻ അങ്ങോട്ട് ഓടിയടുത്തപ്പോഴേക്കും തീ കത്തിക്കഴഞ്ഞിരുന്നു. തീക്കിടയിൽ കൂടി കടന്ന് ഞാൻ അയാളെ രക്ഷിക്കുന്നു. പക്ഷെ മൂന്നു കഴുക്കോലുകൾ പൂർണ്ണമായും കത്തിനശിച്ചു. ഈ സ്വപ്നം ആ ദിവസം ഉച്ചക്ക് തന്നെ ഞാൻ സയ്യിദ് സർവർശാ സാഹിബിനോട് പറഞ്ഞു. ഇതുകേട്ട അദ്ദേഹം ചിരിച്ചുകൊണ്ട് പറയാൻ തുടങ്ങി, ഈ സ്വപ്നം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു എന്ന്. തുടർന്നു പറഞ്ഞ് ഈ മീർ ഇസ്ഹാഖ് സാഹിബ് കുറച്ച് ചോദ്യങ്ങൾ എഴുതിക്കൊണ്ട് ഖലീഫത്തുൽ മസീഹിനു കൊടുത്തിട്ടുണ്ട്. അതു മുഖേന കോലാഹലം സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. അതിനുശേഷം ഞാൻ ഈ സ്വപ്നം ഹ.ഖലീഫത്തുൽ മസീഹിനു എഴുതിക്കൊടുത്തു, അതു വായിച്ച് അദ്ദേഹം ഈ സ്വപ്നം പൂർത്തിയായിരിക്കുന്നു എന്നരുളി, പിന്നെ ഒരു കടലാസിൽ വിശദീകരിച്ച ഒരു സംഭവം വായിക്കൂ എന്നു പറഞ്ഞുകൊണ്ട് എന്റെ കയ്യിൽ തന്നു. ഞാൻ അത് വായിച്ചു കഴിഞ്ഞപ്പോൾ വാങ്ങി കീറിക്കളഞ്ഞു. എന്റെ ഈ സ്വപ്നത്തിനു മൗലവീ സർവർശാ സാഹിബ് സാക്ഷിയാണ്. നിങ്ങൾക്ക് അദ്ദേഹത്തോട് ആരായാവുന്നതാണ്. മാത്രമല്ല സ്വപ്നം അപ്പടി പുലരുകയും ചെയ്തിരിക്കുന്നു. ആ ചോദ്യങ്ങളുടെ ഉത്തരം നൽകപ്പെട്ടതിലൂടെ കുറച്ചാൾക്കാരുടെ കപടത വെളിപ്പെടുകയും ഒരു വലിയ തീപിടുത്തത്തിൽ നിന്ന് അല്ലാഹു തക്ക സമയത്ത് അവന്റെ അനുഗ്രഹത്താൽ നമ്മെ രക്ഷിക്കുകയും ചെയ്തിരിക്കുന്നു.

## ഗുലാം റസൂൽ രാജ്കി(റ) ന്റെ ഒന്നുരണ്ട് അനുഭവങ്ങൾ

ഇനി നമുക്ക് ഹ: വാഗ്ദത്ത മസീഹ്(അ) ന്റെ വരിഷ്ട ദാസനായിരുന്ന ഹ.മൗലാനാ ഗുലാം റസൂൽ രാജ്കി(റ)ന്റെ ഒന്നുരണ്ട് അനുഭവങ്ങൾ പരിശോധിക്കാം, ഇവിടെ അദ്ദേഹത്തെ പരിചയപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. വാഗ്ദത്ത മസീഹ്(അ)ന്റെ കയ്യിൽ തന്റെ 16-ാംത്തെ വയസ്സിൽ ബൈഅത്ത് ചെയ്തിരുന്ന അദ്ദേഹം വളരെ ചെറുപ്പം മുതൽക്കുതന്നെ അല്ലാഹുവുമായി സുദൃഢമായ ബന്ധം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. മഹ്ദീ മസീഹ്(അ)ന്റെ സത്യസാക്ഷ്യം തന്റെ ജീവിതത്തിലുടനീളം അനേകം ഇൽഹാമുകളും, ദർശനങ്ങളും, സ്വപ്നങ്ങളും മുഖേന അനുഭവിച്ചറിയുകയും തന്റെ ജീവിതത്തെ തബ്ലീഗെ അഹ്മദിയ്യത്തിനു വേണ്ടി ഉഴിഞ്ഞുവെക്കുകയും ചെയ്ത ഒരു മഹത് വ്യക്തി കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഈ ആത്മീയ ഉന്നത നിലവാരവും, ഹൃദയങ്ങളിൽ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സൃഷ്ടിക്കുന്ന സ്വാധീനവും മുന്നിൽകണ്ടുകൊണ്ടാവാം ഖലീഫമാർ അദ്ദേഹത്തെ ഫിത്നകൾ എരിപൊരികൊണ്ടിരുന്ന കാലത്ത് ഇന്ത്യയുടെ പലഭാഗത്തുള്ള ജമാഅത്തുകളിലേക്ക് തർബിയ്യത്ത് ആവിശ്യാർത്ഥം അയച്ചത്. രണ്ടാം ഖലീഫ ഹ: മുസ്ലീഹ് മൗദ് (റ) ന്റെ നിർദ്ദേശപ്രകാരം അദ്ദേഹം ഇതേ ആവിശ്യാർത്ഥം കേരളത്തിൽ പഴയങ്ങാടി, കണ്ണൂർ ജമാഅത്തുകൾ സന്ദർശിച്ചത് ഇവിടെ സ്മരണീയമാണ്.

ഒരിക്കൽ ഹ: ഖലീഫത്തുൽ മസീഹ് അവ്വൽ (റ) തർബിയ്യത്ത് യോഗങ്ങളും മറ്റും സംഘടിപ്പിക്കുന്നതിനു വണ്ടി അദ്ദേഹത്തെ ലാഹോറിലേക്ക് അയച്ചു. അവിടെയുണ്ടായിരുന്ന സദർ അഞ്ചുമൻ അഹ്മദിയ്യാ മെമ്പർമാരായിരുന്ന ഖ്വാജ കമാലുദ്ദീൻ സാഹിബ്, ഡോ. സയ്യിദ് മുഹമ്മദ് ഹുസ്സൈൻഷാ സാഹിബ്, ഡോ. മിർസാ യക്കൂബ് ബേഗ് സാഹിബ് എന്നിവർ അദ്ദേഹത്തെ കൊണ്ട് യോഗങ്ങളും പല വിഷയങ്ങളിൽ ക്ലാസുകളും സംഘടിപ്പിച്ചുവരികയും പല തബ്ലീഗി പൊതുയോഗങ്ങളും നടത്തിപ്പോരുകയും ചെയ്തു. ആയിടയിൽ സംഘടിപ്പിക്കപ്പെട്ട ഒരുപാട് അനഹ്മദീ അമുസ്ലീം സഹോദരന്മാർ കൂടി സന്നിഹിതരായിരുന്നിട്ടുണ്ടായിരുന്ന ഒരു പൊതുയോഗത്തിൽ 'ശഫാ' അത്ത്' എന്ന വിഷയത്തെ ആസ്പദമാക്കി മേൽപറഞ്ഞ മൂന്ന് വ്യക്തികളും പ്രസംഗിക്കുകയുണ്ടായി. പിന്നീട് രണ്ടാം ഖിലാഫത്തിനെ എതിർത്തുകൊണ്ട് ജമാഅത്തിൽ നിന്നും പുറത്ത് പോയ ആ മൂന്നുപേരുടെയും പ്രസംഗത്തിന്റെ ആകെച്ചുരുക്കം ഒന്നുതന്നെയായിരുന്നുവെന്ന് മാത്രമല്ല, അവരുടെ വിശദീകരണം ജമാഅത്തിന്റെ നിലപാടിൽ നിന്നും തികച്ചും വ്യതിചലിച്ചതുമായിരുന്നു. അവിടെയുണ്ടായിരുന്ന മുഴുവൻ ആൾക്കാരും അവരുടെ വിശദീകരണത്തിൽ തങ്ങളുടെ വിയോജിപ്പ് പ്രകടിപ്പിച്ചു. അത് ജമാഅത്തിനു നാണക്കേടിനും അഹ്മദികളുടെ ഹൃദയത്തിൽ ഒരങ്കലാപ്പിനും ഇടയാക്കി, കാരണം അവർ മൂന്നുപേരും ജമാഅത്തിന്റെ തലമുതിർന്ന നേതാക്കളായി അറിയപ്പെടുന്നവരായിരുന്നു. അത്തരുണത്തിൽ ജമാഅത്തിനെ കുറിച്ച് ജനങ്ങളിലുണ്ടായ തെറ്റിദ്ധാരണ നീക്കുവാനും ജമാഅത്തിന്റെ യഥാർത്ഥ വിശദീകരണം മനസ്സിലാക്കിക്കൊടുക്കുവാനും വേണ്ടി



34

എന്തെങ്കിലും ഉടനെ ചെയ്തേപറ്റൂ എന്നു മനസ്സിലാക്കിയ ചില വ്യക്തികൾ ഗുലാം.റസൂൽ രാജ്കീ(റ) സാഹിബിനെ സമീപിക്കുകയും ഇതേ വിഷയത്തിൽ ഒരു പൊതുയോഗം സംഘടിപ്പിക്കാൻ അപേക്ഷിക്കുകയും അപ്രകാരം വരുംദിവസം അത് നിശ്ചയിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഖുർആന്റേയും ഹദീസിന്റെയും ഹ. മസീഹ് മഊദ് (അ) ന്റെ അധ്യാപനങ്ങളുടേയും വെളിച്ചത്തിൽ അദ്ദേഹം ആ വിഷയം അവതരിപ്പിക്കുന്നതിനു പരിപൂർണ്ണ തയ്യാറെടുപ്പ് നടത്തുകയും, വിഷയം തയ്യാറാക്കിയ അന്ന് രാത്രി ഉറങ്ങിയപ്പോൾ സ്വപ്നത്തിൽ അല്ലാഹു തന്റെ വിഷയത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നതായി കാണുകയും വെളിപാട് മുഖേന വിഷയം ''ബശീറും'' "മഹ്മൂദും" ആയിരിക്കുമെന്ന് അറിയിക്കുകയും ചെയ്തു. അപ്രകാരം തന്നെ അല്ലാഹു നേരത്തെ അറിയിച്ച കാരണത്താൽ ആ വിഷയം 'ബശീർ' ആവുകയും ജനങ്ങളുടെയൊക്കെ മുക്തകണ്ഠം പ്രശംസക്ക് പാത്രമായതിനാൽ 'മഹ്മൂദ്' മായി പുലരുകയും ചെയ്തു. അല്ലാഹുത്ത' ആല തന്നെ ആ വിഷയം കശ്ഫ് മുഖേന പഠിപ്പിച്ചെതെങ്ങിനെയെന്ന് തന്റെ ജീവചരിത്രമായ ഹയാതെ ഖുദ്സിയിൽ അദ്ദേഹം വിവരിച്ചിട്ടുണ്ട്. (വാള്യം: 3, പേജ് : 54-56)

ബാഹ്യമായി ഫിത്നയുടെ മറ്റ് ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടില്ലാത്ത അക്കാലത്ത് അവരുടെ ആശയത്തെ തോൽപിച്ച് കീഴ്പെടുത്തിയ ബശീറും മഹ്മൂദുമായ ആ വിഷയത്തെ കൂടാതെ പിന്നീട് അവരുടെ കണ്ണുകടിക്കിടയാവുന്നതും അവരുടെ ആദർശങ്ങളെ അടിമുടി തകർക്കുന്നതുമായ മറ്റൊരു ബശീറുദ്ദീൻ മഹമൂദഹ്മദിന്റെ വരവിന്റേയും സൂചനയായിട്ടാവാം അല്ലാഹു പ്രസ്തുത വിഷയത്തിനു ആ പേർ നൽകിയത് എന്ന് അനുമാനിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

അദ്ദേഹത്തിന്റെ തന്നെ മറ്റൊരനുഭവം കൂടി ഇവിടെ രേഖപ്പെടുത്തിക്കൊണ്ട് ഈ വിഷയം അവസാനിപ്പിക്കാം, ഹ: ഖലീഫ അവ്വൽ (റ)ന്റെ കാലത്ത് ഹ. ഗുലാം റസൂൽ (റ) നു ശക്തിയായ രോഗം പിടിപെട്ടിട്ടുണ്ടായിരുന്നു. അത് എത്രത്തോളമെന്നുവച്ചാൽ ഡോക്ടർമാരൊക്കെ കയ്യൊഴിയുകയും വീട്ടുകാരൊക്കെ അദ്ദേഹത്തിന്റെ ആയുസ്സിൽ സംശയിച്ചുതുടങ്ങുകയും ചെയ്തിരുന്നു. സന്ദർഭവശാൽ സഹോദരന്മാരുടെ അറിവിലേക്കായി ഒരു ദൈവീക ദൃഷ്ടാന്തം കൂടി ഇവിടെ ചേർക്കുന്നത് ഉചിതമായിരിക്കും. ഇതേ പരിതാപകരമായ രോഗാവസ്ഥയിൽ ഒരിക്കൽ വളരെ സ്വാത്വികയും ഭക്തയുമായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ അല്ലാഹുവിന്റെ സന്നിധിയിൽ കരഞ്ഞ് വിലപിച്ചപ്പോൾ അല്ലാഹുത്തആല അവരെ ഇങ്ങനെ അറിയിച്ചു, "മൗലവീ സാഹിബ് ഒരു വിളക്കാകുന്നു അഥവാ അത് കെട്ടുപോവുകയാണെങ്കിൽ ദൈവം നിനക്ക് മതിയായവനാണ്'' ഇത് കേട്ടപ്പോൾ അവർ വീണ്ടും കേണുകൊണ്ട് പറഞ്ഞു 'അല്ലാഹുവേ നീ നമ്മുടെ അവസ്ഥയിൽ കരുണ കാണിച്ചാലും ഒപ്പം ആ വിളക്കിനെ കെടാതെ തന്നെ സൂക്ഷിച്ചാലും' തുടർന്ന് അല്ലാഹു അവർക്ക് സ്വപ്നത്തിൽ ഇങ്ങനെ അറിയിച്ചു, "അദ്ദേഹത്തിനു പത്ത് സന്താനങ്ങൾ ജനിക്കുവോളം മൗലവി സാഹിബ് മരിക്കുകയില്ല" അപ്രകാരം തന്നെ ആ സമയത്ത് വെറും രണ്ട് കുട്ടികൾ മാത്രമുണ്ടായിരുന്ന മൗലവീ സാഹിബിനെ തനിക്ക് പത്ത് സന്താനങ്ങൾ ജനിക്കുവോളം മലക്കുൽ മൗത്ത് സമീപിച്ചതേയില്ല. മേൽപറഞ്ഞ അദ്ദേഹത്തിന്റെ രോഗം മൂർച്ഛിച്ചത് ഖലീഫാ അവ്വൽ (റ)ന്റെ അവസാനകാലഘട്ടത്തിലായിരുന്നു. താങ്കൾ ഇവിടെ ഖാദിയാനിൽ വന്ന് എന്റെ ചികിത്സയിൽ കഴിയണമെന്ന ഖലീഫാ തിരുമനസ്സിന്റെ നിർദ്ദേശമനുസരിച്ച് അദ്ദേഹം ഖാദിയാനിൽ ചെല്ലുകയും ഹുസൂർ തിരുമനസ്സ് അതിഥി മന്ദിരത്തിൽ ഒരു പ്രത്യേകമുറിയിൽ അദ്ദേഹത്തെ കിടത്തി ചികിത്സ ആരംഭിക്കുകയും ഹ. മുസ്ലിഹ് മഊദ് (റ) അദ്ദേഹത്തിന്റെ പരിചരണത്തിനു ശ്രദ്ധ കൊടുക്കാൻ ഏൽപിക്കുകയും ചെയ്തു. ഹ: മുസ്ലീഹ് മഊദ് (റ) അതിനുള്ള എല്ലാ ഏർപാടുകൾക്കും മേൽനോട്ടം വഹിക്കുകയും ഇടക്കിടെ അദ്ദേഹത്തെ സന്ദർശിക്കുകയും ചെയ്തുപോന്നു. അങ്ങനെയിരിക്കെ ഹ:ഖലീഫത്തുൽ മസീഹിനു തങ്ങളുടെ അവസാന രോഗം പിടിപെടുകയും കനിവിന്റെ സാഗരവും, ഉപകാരികളിൽ ഉത്തമനുമായിരുന്ന അവിടുന്ന് തങ്ങളുടെ യഥാർത്ഥ സ്നേഹിതനിലേക്ക് യാത്രയാവുകയും ചെയ്തു. അതിഥി മന്ദിരത്തിൽ കഴിയുകയായിരുന്ന മൗലവി സാഹിബിനു തന്റെ രോഗത്തിന്റെ ആധിക്യം കാരണം വിയോഗം നടന്ന നവാബ് മുഹമ്മദലി സാഹിബിന്റെ വീട്ടിലേക്ക് എണീറ്റുപോവാൻ സാധിച്ചില്ല. ആ സമയത്ത് മുറിയിൽ തനിച്ച് കഴിച്ചുകൂട്ടേണ്ടിവന്നു. ആ ഏകാന്തതയിൽ അതീവദുഃഖിതനായി കണ്ണീർ വാർത്തുകൊണ്ടിരുന്നപ്പോൾ മുറിയുടെ വലതുഭാഗത്തു നിന്നും ഉച്ചത്തിൽ ഒരു ശബ്ദം കേട്ടു "മൗലവി മുമ്മഹദലീ ഭീ മർഗയെ" ഈ ശബ്ദത്തെ കുറിച്ച് അദ്ദേഹം പറയുന്നു, 'ഇത് ഹ:ഖലീഫത്തുൽ മസീഹ് അവ്വൽ (റ) തന്റെ വസീയത്തിനെ അവഗണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ വഫാത്തിനുശേഷം രണ്ടാം ഖിലാഫത്തിനെ നിഷേധിക്കുന്ന രൂപത്തിൽ പ്രത്യക്ഷത്തിൽ വരേണ്ട മൗലവി മുഹമ്മദലി സാഹിബിന്റെ

***(ശേഷം 41 - ൽ)***



35

ഹദ്‌റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ്, എച്ച്.എ.

ലേഖനം

# ഖിലാഫത്ത് ഒരു മഹാനുഗ്രഹം

അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു:

*നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവരെ അവർക്കു മുമ്പുണ്ടായിരുന്നവരെ ഖലീഫമാർ - പ്രതിനിധികൾ - ആക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും, അവർക്കായിട്ട് താൻ തൃപ്തപ്പെട്ടിട്ടുള്ള മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്നു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവർ എന്നോട് യാതൊന്നിനേയും പങ്കുചേർക്കാതെ എന്നെത്തന്നെ ആരാധിക്കുന്നതാണ്; ഇതിനുശഷം ആർ നിഷേധിക്കുന്നുവോ അവർ അധർമ്മികളാകുന്നു. (24:55).*

ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത്, സത്യവിശ്വാസികളും സൽകർമ്മികളുമായുള്ള യഥാർത്ഥ മുസ്‌ലിംകൾക്ക് ദൈവം ഖിലാഫത്ത് എന്ന അനുഗൃഹീതസ്ഥാപനം ഏർപ്പെടുത്തിക്കൊടുക്കുകയും അതുവഴി അവരുടെ ഭീതിയെ കളഞ്ഞു അവരെ സമാധാനത്തിലാക്കിത്തീർക്കുകയും ചെയ്യുമെന്നാണ്. ഇതിൽ നിന്ന്, മുസ്‌ലിം കക്ഷികളിൽവെച്ച് ഏതൊരു കൂട്ടരിൽ ഖിലാഫത്ത് നിലവിലുള്ളതായിട്ട് കാണുന്നുവോ അവരാണ് സത്യവിശ്വാസവും സൽകർമ്മവും വരിച്ച യതാർത്ഥ മുസ്‌ലിംകളെന്ന് തീരുമാനിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ഖിലാഫത്ത് അങ്ങനെയുള്ളവർക്ക് നൽകുമെന്നാണ് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നത്.

ഇസ്‌ലാമിൽ ഖിലാഫത്ത് എന്നു പറയുന്നത് നബിതിരുമേനി (സ)യുടെ പ്രാതിനിധ്യം വഹിക്കുന്ന സ്ഥാനത്തിനാണല്ലൊ. ഈ സ്ഥാനം തിരുമേനിക്കുശേഷം തന്റെ ശിഷ്യന്മാരിൽ ഉണ്ടായിരിക്കുന്നതാണെന്ന് പഠിപ്പിക്കുന്ന ഒരേ ഒരു ദൈവവാക്യം മേലുദ്ധരിച്ചത് തന്നെയാണ്. അതിലെ വാഗ്ദത്തമനുസരിച്ചാണ് വിശുദ്ധ നബിയുടെ നിര്യാണാനന്തരം തന്റെ ശിഷ്യന്മാരിൽ ഖിലാഫത്തുണ്ടായിക്കൊണ്ടിരുന്നത്. തിരുമേനി(സ)യുടെ യഥാർത്ഥമായ സ്ഥാനം തിരുമേനി നബിയും റസൂലുമാണെന്നുള്ളതാണ്. അതുകൊണ്ട്, ആ സത്യാത്മാവിന്റെ യഥാർത്ഥ പ്രാതിനിധ്യമാകട്ടെ ആദ്ധ്യാത്മികവും ധാർമ്മികവുമായ തിരുദൗത്യത്തെ സംബന്ധിക്കുന്ന ഒന്നാകുന്നു. തിരുമേനിയുടെ അവതാരോദ്ദേശം മനുഷ്യരെ സന്മാർഗ്ഗികളാക്കിത്തീർക്കുകയും അവരെ ദൈവത്തിങ്കലേക്ക് നയിക്കുകയും ചെ യ്കയെന്നതാണല്ലോ. തന്മൂലം തിരുമേനിയുടെ യഥാർത്ഥ ഖലീഫമാർ ആദ്ധ്യാത്മികത്വത്തെ പുലർത്തുന്നതിന് പ്രതിനിധികളായിരിക്കേണ്ടതാകുന്നു. അതിനാൽ തന്നെ ഖലീഫമാരുടെ ആചരണത്തെയും സ്വീകരിച്ചുകൊൾക" എന്നു നബിതിരുമേനി (സ) പറഞ്ഞിരിക്കുന്നത്. തിരുമേനിയുടെ അവതാരോദ്ദേശം രാജ്യഭരണം സ്ഥാപിക്കുകയെന്നല്ലെന്നിരിക്കിലും അല്ലാഹു തിരുമേനിക്ക് പാരിതോഷികമായി ഭരണാധികാരവും നൽകിയിരിക്കകൊണ്ട്, പിന്നീട് കേവലം രാഷ്ട്രീയാധികാരത്തോടുകൂടിയ മുസ്‌ലിം രാജാക്കന്മാരും തിരുമേനിയുടെ പ്രതിനിധികളെന്നോണം ഖലീഫമാർ എന്നു വിളിക്കപ്പെട്ടുപോന്നു. എന്നാൽ, തിരുമേനിയുടെ സാക്ഷാൽ പ്രാതിനിധ്യം രാഷ്ട്രപരമായതല്ലെങ്കിലും രാജ്യഭരണവും പിന്നീട് തിരുമേനിക്ക് ലഭിച്ചിരിക്കക്കൊണ്ട്, ആദിമഖലീഫമാർ ആത്മീകവും ഭൗതികവുമായ രണ്ടുതരം ഖിലാഫത്തും ഉള്ളവരായിരുന്നു. അവർക്കുശേഷം വെറും ഭരണാധികാരികളായിത്തീർന്നു രാജാക്കന്മാർ ഭൗതികമായനിലയിൽ മാത്രം ഖലീഫമാരും ഇസ്‌ലാമിൽ ആവിർഭവിച്ചുകൊണ്ടിരുന്ന മുജദ്ദിദുമാർ ആത്മീയ പ്രാതിനിധ്യത്തോടുകൂടിയ സാക്ഷാൽ ഖലീഫമാരും ആയിരുന്നു. ചുരുക്കത്തിൽ, തിരുമേനിയുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് തിരുമേനിയുടെ അവതാരോദ്ദേശം പൂർത്തീകരിക്കുന്ന ഖലീഫമാർ ഇസ്‌ലാമിൽ വന്നുകൊണ്ടിരിക്കുമെന്നാണ് മേലുദ്ധരിച്ച ആയത്തിൽ പറഞ്ഞിരിക്കുന്നത്. അതിനാൽ ആ


36

യഥാർത്ഥ ഖലീഫമാർക്ക് രാജ്യഭരണം ഉണ്ടായേ കഴിയൂ എന്നില്ല. ആ ഖലീഫമാർ സത്യവിശ്വാസികളും സൽകർമ്മികളുമായുള്ള യഥാർത്ഥ മുസ്‌ലിംകളിൽ ഉണ്ടായിക്കൊണ്ടിരിക്കുമെന്നാണ് പ്രസ്തുത ആയത്തുകൊണ്ട് വ്യക്തമാക്കുന്നത്.

ഇന്ന് ഖിലാഫത്ത് അഹ്മദിയ്യാ ജമാഅത്തിലാണ് സ്ഥിതിചെയ്യുന്നതെന്നുള്ളത് എല്ലാവരും അറിയുന്ന ഒരു വസ്തുതയാണ്. ഇതര മുസ്‌ലിംകക്ഷികളിലൊന്നിലും ഖിലാഫത്ത് എന്നു ഈ അനുഗ്രഹം ഇല്ലെന്നത് അവർ തന്നെ സമ്മതിക്കുന്ന ഒരു പരമാർത്ഥമാകുന്നു. അൽപകാലംമുമ്പുവരെ പേരിനു മാത്രം തുർക്കിസുൽത്താനെ അവർ ഖലീഫ എന്നു പറഞ്ഞുപോന്നിരുന്നു. എന്നാൽ, ആ ഖിലാഫത്താകട്ടെ, സുൽത്താന്റെ ഭരണത്തിൻകീഴിലുള്ള തന്റെ പ്രജകളുടെ മേലുള്ള രാഷ്ട്രീയമായ അധികാരം മാത്രമായിരുന്നു. അല്ലാതെ, മുസ്‌ലിംകളിലുള്ള യാതൊരു കക്ഷിയും അദ്ദേഹത്തിന്റെ ആജ്ഞകൾക്കനുസരിച്ച് നടക്കേണ്ടത് തങ്ങളുടെ കർത്തവ്യമാണെന്ന് ധരിച്ചു അദ്ദേഹത്തെ അപ്രകാരം കൈക്കൊണ്ടിരുന്നില്ല. ഇന്നാകട്ടെ ആ നാമമാത്ര ഖിലാഫത്ത് താനും ഭൂമുഖത്തുനിന്ന് മായ്ക്കപ്പെട്ടുപോയി. അതിനെ ആ സുൽത്താന്റെ സ്വന്തം ഇനമായ തുർക്കികൾ തന്നെ വലിച്ചെറിഞ്ഞുകളകയാണ് ചെയ്തത്. അങ്ങനെ അഹ്മദികളല്ലാത്ത മറ്റ് മുസ്‌ലിം കക്ഷികളിലൊന്നിലും ഖിലാഫത്താകുന്ന ദൈവാനുഗ്രഹം സ്ഥിതിചെയ്യുന്നില്ല. അഹ്മദികൾക്കാണെങ്കിൽ അവരുടെ അനുസരണത്തെ അർഹിക്കുന്ന ഇമാമും മതപരവും ആത്മീയവുമായ കാര്യങ്ങളിൽ അവർക്ക് മാർഗ്ഗദർശനം ചെയ്യുന്ന ഗുരുവുമായ ഒരു ഖലീഫയുണ്ട്. സത്യവിശ്വാസികളും സൽകർമ്മികളുമായവർക്ക് നൽകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്ത് ഇങ്ങനെ അവരിൽ സ്ഥിതി ചെയ്യുന്നുവെന്നത്. അവർ തന്നെയാണ് യഥാർത്ഥ ഇസ് ലാമികകക്ഷി എന്നതിലേക്ക് മതിയായ ഒരു തെളിവാകുന്നു.

## ഖിലാഫത്തിന്റെ രൂപപരിണാമങ്ങൾ

തനിക്കുശേഷം ആദ്യം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നപോലെ പിൽക്കാലത്തും അതേരീതിയിലുള്ള ഖിലാഫത്തുണ്ടായി വരുമെന്ന് നബികരീം(സ) പ്രവചിച്ചിട്ടുണ്ട്. തിരുമേനി പറയുന്നതാണിത്.

*“അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും; പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം, അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനിൽക്കും. പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം, അല്ലാഹു ഇച്ഛിക്കുന്നതുവരെ സ്വേച്ഛാധിപത്യം നിലനിൽക്കും; പിന്നെ അവൻ അതിനെ എടുത്തുകളയും. അനന്തരം, അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം ബലാൽക്കാരപൂർവ്വമായ ഭരണം നിലനിൽക്കും; പിന്നെ അവൻ അതിനെയും എടുത്തുകളയും. പിന്നീട് നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് ഉണ്ടായിവരും.”* (മിശ്ക്കാത്ത് കിത്താബുർഖാഖ്). ഈ തിരുവചനത്തിൽ നിന്ന്, അവസാനകാലത്ത് നുബൂവ്വത്തിന്റെ വഴിയിലുള്ള ഖിലാഫത്ത് ഉണ്ടായി വരുമെന്നു സ്പഷ്ടമാകുന്നു. ഇത്തരത്തിലുള്ള ഖിലാഫത്ത് ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണുള്ളത്. വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് തന്റെ ഒരു ഖലീഫയും ഒരു പ്രവാചകനുമായിരിക്കുമെന്ന് വിശുദ്ധ നബി തിരുമേനി(സ) അരുൾ ചെയ്തിട്ടുണ്ട്. (തബ്രാനീ). അതിനാൽ, മേലുദ്ധരിച്ച ഹദീസിൽ അവസാനമായി നുബുവ്വത്തിൻരെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് ഉണ്ടായിവരുതെന്ന് പറഞ്ഞിരിക്കുന്നത് ആ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിന്റെ തുടർച്ചയിലുണ്ടായ ഖിലാഫത്തിനെ ഉദ്ദേശിച്ചാണെന്ന് നല്ലപോലെ മനസ്സിലാക്കാവുന്നതാണ്.

നബിതിരുമേനി(സ) മൂസാനബി(അ)ക്ക് സദൃശനായ് വന്ന ഒരു പ്രവാചകനാണെന്ന് വിശുദ്ധ ഖുർആനിൽ നിന്നും തൗറാത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. അതുകൊണ്ട്, മുമ്പുദ്ധരിച്ച ഖുർആൻവാക്യത്തിൽ “അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ” എന്നു പറഞ്ഞിരിക്കുന്നത് മൂസാനബി(അ)യുടെ അനുയായികളിൽ ഉണ്ടായ ഖലീഫമാരെ സംബന്ധിച്ചാണെന്നത് സ്പഷ്ടമാണ്. അവരിൽ ഭരണാധികാരമുള്ളവരും ഇല്ലാത്തവരുമായ ഖലീഫമാർ ആഗതരായിട്ടുണ്ട്. മൂസാനബിക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ ഖലീഫയായി അവതരിച്ച ഈസാനബി(അ) ഭരണാധികാരമില്ലാത്ത ആളായിരുന്നു. ഇതിൽ നിന്ന്, മൂസാനബിയുടെ സദൃശനായിട്ടു വന്ന നബിതിരുമേനിയുടെ അനുയായികളിൽ തിരുമേനിക്ക് ശേഷം പതിനാലാം നൂറ്റാണ്ടിൽ ഈസാനബിയോട് സാദൃശ്യമുള്ള ഒരു ഖലീഫ ഉണ്ടാകുമെന്നും അദ്ദേഹത്തിനു ശേഷം തുടർന്നുണ്ടാകുന്ന ഖിലാഫത്ത് നുബുവ്വത്തിന്റെ തുടർച്ചയിലുള്ള ഖിലാഫത്തായിരിക്കുമെന്നും മനസ്സിലാകുന്നു. അവസാനത്തിൽ നുബൂവ്വത്തിന്റെ കാലടികളിൽ ചരിക്കുന്ന ഖിലാഫത്ത് ഉണ്ടായിവരുമെന്നും അന്ത്യകാലത്ത് മസീഹ് അവതരിക്കുമെന്നും താൻ ആദ്യത്തിലും മസീഹ് ഒടുവിലുമുള്ള ഒരു സമുദായം നശിക്കുന്നതെങ്ങനെ എന്നും മറ്റും നബിതിരുമേനി(സ) പ്രവചിച്ചിട്ടുള്ളത്. ഇതിലേക്ക് സാക്ഷ്യമാണ്. താൻ മൂസാനബിക്ക് സദൃശനായിട്ട് വന്നപോലെ തനിക്കു


37

ശേഷം പതിനാലാം നൂറ്റാണ്ടിൽ തന്റെ ഖലീഫയായിട്ടുവരുന്ന മഹാത്മാവും പല സംഗതികളിലും ഈസാനബിയോട് സാദൃശ്യമുള്ള ഒരാളായിരിക്കുന്നതു കൊണ്ടുതന്നെയാണ് അദ്ദേഹത്തിന് 'മസീഹ്' എന്നും 'ഇബ്നുമർയം' എന്നും നബിതിരുമേനി(സ) നാമകരണം ചെയ്തിരിക്കന്നത്.

വാഗ്ദത്തം ചെയ്യപ്പെട്ട ആ മഹാത്മാവിനെക്കുറിച്ചാണ് അവസാനകാലത്ത് മസീഹ് വരുമെന്ന് നബി തിരുമേനി(സ) പ്രവചിച്ചിരിക്കുന്നത്. ആ മസീഹിന്റെ ആവിർഭാവാനന്തരം ഉണ്ടാകുന്ന ഖിലാഫത്തിനെക്കുറിച്ചുതന്നെയാണ് മേലുദ്ധരിച്ച ഹദീസിന്റെ ഒടുവിൽ "നുബൂവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്തുണ്ടായിവരും." എന്ന് വിശുദ്ധ നബി(സ) അരുൾ ചെയ്തിരിക്കുന്നതു. ആകയാൽ, സത്യവിശ്വാസികളും സൽകർമ്മികളുമായ യഥാർത്ഥ മുസ്ലിംകളിൽ ഖിലാഫത്ത് ഉണ്ടായിരിക്കുമെന്ന് വിശുദ്ധ ഖുർആൻ പറഞ്ഞിരിക്കുന്നത് യഥാർത്ഥ ഇസ്ലാമിക കക്ഷി ഏതാണെന്ന് മനസ്സിലാക്കിത്തരുന്ന ഒരു പ്രത്യക്ഷസാക്ഷ്യമാകുന്നു. യഥാർത്ഥ ഇസ്ലാമിക കക്ഷി താനും തന്റെ സഹചരരുമുണ്ടായിരുന്ന നിലയിൽ സ്ഥിതി ചെയ്യുന്നവരാണെന്നും അവർ ഒരു ജമാഅത്തായിട്ടിരിക്കുമെന്നും നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നു. തിരുമേനിക്കുശേഷം ശിഷ്യഗണം ഖലീഫമാരെ തിരഞ്ഞെടുത്തു അവരുടെ ഖിലാഫത്തധികാരത്തിങ്കീഴിൽ ജമാഅത്തായിട്ടായിരുന്നപോലെ ഖലീഫമാരെ തിരഞ്ഞെടുത്തു. ഖിലാഫത്തധികാരത്തിങ്കീഴിൽ ജീവിക്കുന്നവർ ഇന്ന് ലോകത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്നത് പ്രത്യക്ഷമായ ഒരു സംഗതിയാണ്.

## ഭയത്തിന് പകരം സമാധാനം

മേലുദ്ധരിച്ച ഖുർആൻവാക്യത്തിൽ ഖിലാഫത്തിന്റെ ഒരുദ്ദേശമായി പറഞ്ഞിരിക്കുന്നത്, അതുവഴി ദൈവം സത്യവിശ്വാസികളുടെ മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തെ പോക്കി അവർക്ക് സമാധാനം നൽകുകയും ചെയ്യുമെന്നതാണല്ലൊ. ഇസ്ലാം മതം ശത്രുക്കളുടെ ആക്ഷേപശരങ്ങൾക്ക് ലക്ഷീഭവിക്കുകയും മുസ്ലിംകൾ അതിന്റെ സത്യത്തെ മറ്റുള്ളവർക്ക് പ്രബോധനം ചെയ്യുന്ന വിഷയത്തിൽ കേവലം അശ്രദ്ധരായിത്തീരുകയും ചെയ്ത കാലത്ത് അല്ലാഹു അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ജനയിതാവിനെ എഴുന്നേൽപിച്ചു. അദ്ദേഹം ഇസ്ലാമിന്റെ ശത്രുക്കളോട് എതിരിടുന്നതിനും മതപ്രബോധനം ചെയ്യുന്നതിനുമുള്ള ഒരു വഴി വെട്ടിത്തെളിയിച്ചു. തൽഫലമായി, അദ്ദേഹത്തിന്റെ അനുചരസംഘം - എത്രയും ചെറിയ ഒരു സംഘമായ അഹ്മദിയ്യാ ജമാഅത്ത് - ലോകത്തിലെ നാനാജാതിമതസ്ഥരുടെയും മുമ്പിൽ ഇസ്ലാമിന്റെ സത്യത്തെ പ്രസ്താവിക്കുന്നതിനും അവർക്ക് സത്യപ്രബോധനം ചെയ്യുന്നതിനും കഴിവും ധൈര്യവുമുള്ളവരായിത്തീർന്നു. അതോടെ, ഇസ്ലാമിന്റെ നേർക്കുള്ള ആക്ഷേപങ്ങൾ കേട്ട് മുസ്ലിംകൾ ഭയപ്പെട്ടുകൊണ്ടിരുന്ന കാലം പോയി മറഞ്ഞു. ഇന്ന് ഇസ്ലാമികതത്വങ്ങളെ എതിർക്കുന്നതിൽ നിന്ന് വിമതസ്ഥർ പിന്മാറുന്ന നിലയായിരിക്കുന്നു. തന്നെയുമല്ല, അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ ഇമാമിന്റെ നേതൃത്വത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇസ്ലാമിക പതാക ഉയർത്തിക്കൊണ്ട് സത്യപ്രബോധനം നടത്തുകയും ചെയ്യുന്നു. കോടിക്കണക്കിലുള്ള മുസ്ലിംകൾക്ക് സാധിക്കാത്ത ഈ പ്രവൃത്തി ഇവർക്ക് സാധിക്കുമാറായിരിക്കുന്നത്, ഏതൊരു സ്ഥാപനം വഴി സത്യവിശ്വാസികളുടെ മതത്തെ ബലപ്പെടുത്തുകയും, അവരുടെ ഭയത്തെ കളഞ്ഞു അവർക്ക് സമാധാന മനഃസ്ഥിതി ഉണ്ടാക്കുകയും ചെയ്യുമെന്ന് മേൽപറഞ്ഞ ഖുർആൻ വാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്നുവോ ആ ഖിലാഫത്ത് ഈ ജമാഅത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടുതന്നെയാണ്.

## ശിർക്കിൽ നിന്ന് ശുദ്ധം

ഖിലാഫത്തിന്റെ അനുഗ്രഹം ലഭിച്ചവരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് "അവർ എന്നോട് യാതൊന്നിനേയും പങ്കുചേർക്കാതെ എന്നെത്തന്നെ ആരാധിക്കുന്നതാണ്" എന്നാകുന്നു. ഈ ലക്ഷണവും ഇന്ന് അഹ്മദികളിൽ തന്നെയാണ് പൂർത്തിയായിക്കാണുന്നത്. അഹ്മദികൾ ഇതരമുസ്ലിംകളെ അപേക്ഷിച്ച് കൂടുതൽ മതനിഷ്ഠയുള്ളവരും മതശാസനകളനുസരിച്ച് ജീവിക്കുന്നവുരമാണെന്ന വസ്തുതയെ നിഷ്പക്ഷബുദ്ധികളായ ഇതരന്മാർ തന്നെ സമ്മതിക്കുന്നുണ്ട്. എന്നു മാത്രമല്ല, മുസ്ലിംകൾ പൊതുവെ ലൗകികമായ നേട്ടങ്ങൾക്കും രാഷ്ട്രീയമായ അധികാരലബ്ധിക്കും വേണ്ടി മാത്രം സംഘങ്ങൾ സ്ഥാപിക്കുകയും മുറവിളികൂട്ടുകയും ചെയ്യുന്ന ഈ കാലത്ത് ഇസ്ലാം മതത്തെ പ്രചരിപ്പിക്കുന്നതിനും തൽസിദ്ധാന്തങ്ങളുടെ സത്യത്തെ സ്ഥാപിക്കുന്നതിനും വേണ്ടി വ്യവസ്ഥാപിതമായ രീതിയിൽ പരിശ്രമിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. ഇതേപ്രകാരം തന്നെ അല്ലാഹുവിനോട് യാതൊന്നിനേയും പങ്കുചേർക്കാതെ യഥാർത്ഥ ദൈവവിശ്വാസത്തെ പുലർത്തുന്നവരും അവർ തന്നെയാണ്. ശിയാ സുന്നികളാണെങ്കിൽ പലതരത്തിലുള്ള 'ശിർക്കി'ലും - സൃഷ്ടിപൂജാപരമായ പ്രവൃത്തിയിലും - പൂണ്ടു കിടക്കുകയാണ്. ഉൽപതിഷ്ണുക്കളെന്ന് പറയുന്നവരാകട്ടെ സന്ദർഭം പോലെ ശിർക്കുപരമായ കാര്യങ്ങളിൽ മറ്റുള്ളവരോടൊപ്പം പങ്കുകൊള്ളുകയും ഔല്യാക്കന്മാർക്ക് പകരം ഈസാനബിക്ക് ദൈവികത്വം


38

കൽപിക്കുകയും ചെയ്തുകൊണ്ട് ഏകദൈവവിശ്വാസത്തിന് വിപരീതം പ്രവർത്തിക്കുന്നു. ഇവരിലൊന്നും പെടാത്തവരാകട്ടെ, മതവും മതവിശ്വാസവും വെറും വിനോദമെന്നോണം കരുതിവർത്തിക്കുന്നവരുമാണ്. ഇവർ മുസ്‌ലിം സമുദായത്തിൽ പെട്ടവരായതുകൊണ്ട് തങ്ങളും മുസ്‌ലിംകളാമെന്ന് പറയുന്നുവെന്നല്ലാതെ അവർക്ക് ജീവിതത്തിൽ ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. ഇവരുടെ 'ദീനും ഈമാനു'മെല്ലാം ലൗകികനേട്ടവും അതിനെ സംബന്ധിച്ച് ചിന്തയും മാത്രമാണ്. ഈ വസ്തുത മുസ്‌ലിം നേതാക്കന്മാരും വിദ്വാന്മാരും സമ്മതിക്കുകയും ഉച്ചൈസ്തരം ഘോഷിക്കുകയും ചെയ്യുന്നുണ്ട്. ചുരുക്കത്തിൽ, ദൈവത്തോട് യാതൊന്നിനെയും പങ്കുചേർക്കാതെ അവനെ മാത്രം ആരാധിക്കുന്നവരാണെന്ന ലക്ഷണം ഇന്ന് അഹ്‌മദിയ്യാ ജമാഅത്തിലാണ് നിവൃത്തിയായിക്കാണുന്നത്. അതുകൊണ്ട് ഖിലാഫത്തിന്റെ അവകാശികളും അവർ തന്നെയാണ്.

## മൗലാനാ ആസാദ് പറയുന്നു

ഖിലാഫത്തിനെ നിഷേധിക്കുന്നവരെക്കുറിച്ച് അവർ അധർമ്മികളാകുന്നു'' എന്നു മേപ്പടി ആയത്തിന്റെ അവസാനത്തിൽ പറഞ്ഞിരിക്കുന്നത്, ദൈവഭയവും നീതിബോധവുമുള്ള ഓരോരുത്തരും ചിന്താവിഷയമാക്കേണ്ടതാണ്. ഖലീഫയെ സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്നും സ്വീകരിക്കാത്ത പക്ഷം മുസ്‌ലിംകൾക്ക് മോക്ഷവും ക്ഷേമവും ഉണ്ടാകുന്നല്ലെന്നും ആണ് ഖുർആൻ പഠിപ്പിക്കുന്നത്. ഖലീഫയോടുള്ള അനുസരണത്തിന്റെ ആവശ്യകതയെക്കുറിച്ച് മൗലാനാ അബുൽകലാം ആസാദ് തന്റെ 'മസ്അലയെ ഖിലാഫത്ത്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു.

*"വ്യക്തിഗതമായും വിശ്വാസസംബന്ധമായും പ്രവൃത്തിപരമായുള്ള ജീവിതങ്ങൾക്ക് ഓരോ കേന്ദ്രമുള്ളതായി കാണുന്നപ്രകാരം തന്നെ സാമുദായികവും മതപരവുമായ ജീവിതത്തിനും കേന്ദ്രമായിരിക്കുന്ന ഒരു ശക്തി ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. അതിൻവണ്ണം അങ്ങനെയുള്ള ഒരു കേന്ദ്രം നിശ്ചയിക്കപ്പെട്ടിട്ടുമുണ്ട്. സമുദായമാകമാനം ആ കേന്ദ്രത്തിനു ചുറ്റുമുള്ള വൃത്തമായിട്ടാണ് പരിഗണിക്കപ്പെട്ടിരിക്കുന്നത്. ആ കേന്ദ്രശക്തിയോട് ഒരു പ്രത്യേക ബന്ധവും അനുസരണവും പരിപൂർണ്ണനിലയിൽ അതിനോട് വണക്കവും കാണിക്കയും, അതിന്റെ വിളി കേൾക്കയും, അതിന്റെ ആജ്ഞാനുസരണം ജീവനും ധനവും ചെലവഴിക്കയും ചെയ്കയെന്നത് എല്ലാ മുസ്‌ലിമിന്റെയും ധർമ്മമായി വിധിക്കപ്പെട്ടിരിക്കുന്നു. ഈ ധർമ്മത്തെ അനുഷ്ഠിക്കുന്നതുമൂലമല്ലാതെ അജ്ഞാനാന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് വരുവാൻ സാധിക്കുന്നതല്ല. ഇസ്‌ലാമിൽ ഈ സാമുദായികകേന്ദ്രശക്തിക്കു ഖലീഫ എന്നും ഇമാം എന്നുമാണ് പറയുന്നത്. ഏതുവരെ ഈ കേന്ദ്രശക്തി അതിന്റെ സ്ഥാനത്തുനിന്ന് വ്യതിചലിക്കാതിരിക്കുന്നുവോ - ഏതുവരെ അതിന്റെ അനുശാസനകൾ ഖുർആനിനും സുന്നത്തിനും അനുസൃതങ്ങളായിരിക്കുന്നുവോ - അതുവരെ അതിനെ അനുസരിക്കയും സഹായിക്കയും ചെയ്കയെന്നത് അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുകയും സഹായിക്കയും ചെയ്യുന്നത് പോലെയാണ്."* (മസ്അലയെ ഖിലാഫത്ത്. ഭ. 26).

വീണ്ടും അദ്ദേഹം പറയുന്നു: "ഹദ്റത്ത് ഇബ്നു ഉമറിന്റെ ഒരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു:

"ഏവൻ ഖലീഫയോടുള്ള അനുസരണത്തിൽ നിന്ന് കൈവലിച്ചു കളയുന്നു, അതായത് അനുസരണക്കേട് കാണിക്കുന്നു. അവൻ ന്യായവിസ്താരനാളിൽ ദൈവ സന്നിധിയിൽ ഹാജരാകുന്നത് യാതൊരു രക്ഷാമാർഗ്ഗവുമില്ലാത്ത അവസ്ഥയിലായിരിക്കും. ഖലീഫയോടുള്ള ബൈഅത്തും അനുസരണവുമാകുന്ന ബന്ധം കൂടാതെ ഏതൊരു മുസ്‌ലിം ഐഹികവാസം വെടിയുന്നുവോ അവൻ തീർച്ചയായും ജാഹിലിയ്യത്തിന്റെ (അവിശ്വാസത്തിന്റെ) മരണം വരിക്കുന്നതാണ്.

'യാതൊരുവൻ ജമാഅത്തിൽ നിന്ന് പിരിഞ്ഞുനിൽക്കുന്നുവോ അവൻ ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്തായവനായിരിക്കും' (തിർമദി). ഒരു രിവായത്തിൽ.

എന്നാണുള്ളത്. അതായത്, 'ഏവൻ ഖലീഫയോടുള്ള അനുശരണത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നുവോ അവന്റെ സങ്കേതം നരകമായിരിക്കും' എന്നുതന്നെ" (മസ്അലയെ ഖിലാഫത്ത്. ഭാ. 31-32).

ഖലീഫയെ കൈക്കൊള്ളുകയും ഖലീഫയുടെ കൽപനകൾക്ക് പൂർണ്ണമായി വഴങ്ങുകയും ചെയ്യേണ്ടത് ഇസ്‌ലാമികദൃഷ്ട്യാ എത്രത്തോളം ആവശ്യമാണെന്നും ഖലീഫയെ സ്വീകരിച്ചിട്ടില്ലാത്തവരുടെയും ഖലീഫയുടെ കൽപനകളെ ധിക്കരിച്ചിരിക്കുന്നവരുടെയും അന്ത്യം എത്തരത്തിലുള്ളതായിരിക്കുമെന്നം മേൽ ഉദ്ധാരണത്തിൽ നിന്ന് നല്ലപോലെ മനസ്സിലാക്കാവുന്നതാണ്. ആകയാൽ, ഖിലാഫത്തുമായി എപ്പോഴും ബന്ധപ്പെട്ടു നിൽക്കേണ്ടത് ഒരു യഥാർത്ഥ മുസ്‌ലിമിന്റെ ഒഴിച്ചുകൂടാത്ത ചുമതലയത്രെ. ■

### ദന്തശുദ്ധി

എന്റെ ജനതക്ക് ഭാരമാകുമെന്ന് ഞാൻ ഭയപ്പെടുന്നില്ലായിരുന്നുവെങ്കിൽ എല്ലാ നിസ്കാരത്തിനുമുമ്പായും ദന്തശുദ്ധി വരുത്തണമെന്ന് ഞാൻ നിർദ്ദേശിക്കുമായിരുന്നു.

***(ബുഖാരി, മുസ്‌ലിം)***

ലേഖനം

അൻവർ പാലക്കാട്

# തൗഹീദിന്റെ സ്ഥാപനം – കാലത്തിന്റെ ആവശ്യകത

**തൗഹീദിന്റെ സ്ഥാപനത്തിനായി മതസംഘടനകളെയല്ല വാഗ്ദത്ത മഹ്ദിയെയാണ് അല്ലാഹു നിയോഗിച്ചത്. ആ ദൗത്യം അല്ലാഹു പൂർത്തിയാക്കുക തന്നെ ചെയ്യും.**

മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശം ഖുർആൻ പ്രഖ്യാപിക്കുന്നത് *'എന്നെ അറിയുന്നതിനും ആരാധിക്കുന്നതിനുമായിട്ടു മാത്രമാണ് ഞാൻ ജിന്നുകളേയും മനുഷ്യരേയും സൃഷ്ടിച്ചിരിക്കുന്നത്'* (51:57) എന്നാണ്. ആധുനിക കാലഘട്ടത്തിലെ മനുഷ്യജീവിതം ഖുർആന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളുമായി ഒത്തുപോകുന്നതാണോ എന്ന് ആത്മപരിശോധന നടത്താൻ മനുഷ്യൻ ബാധ്യസ്ഥനാണ്. ദൈവ വിശ്വാസിക്ക് തനതായ ദൈവമാർഗ്ഗത്തിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകുവാൻ വളരെയേറെ പ്രയാസമേറിയ കാലഘട്ടമാണിത്. മനുഷ്യന്റെ ആത്മീയ ശ്രദ്ധയെ മാറ്റിക്കളയുന്ന അനേകം പ്രലോഭനങ്ങൾ നമുക്ക് ചുറ്റിലുമുണ്ട്. അതാണ് പൈശാചിക പ്രേരണകളായി ഖുർആൻ വിശേഷിപ്പിക്കുന്നത്. ആത്മീയമായ മോക്ഷത്തിന് ഇത്തരത്തിൽ മനുഷ്യന്റെ അന്തരംഗം ശുദ്ധമാക്കി വെക്കേണ്ടതുണ്ട്. ഖുർആൻ പറയുന്നു.

*ഏതൊരുവൻ തന്റെ ആത്മാവിനെ വിഷയേച്ഛകളിൽ നിന്നും ശുദ്ധീകരിച്ചുവോ അവൻ വിജയിച്ചു. അവൻ നശിക്കുകയില്ല. ഏതൊരുവൻ അതിനെ അനഭിലഷണീയമായ ഇന്ദ്രിയേച്ഛകളാൽ നിമഗ്നമാക്കിയോ അവൻ പരാജയമടഞ്ഞു. അവൻ ജീവിതത്തേക്കുറിച്ചു നിരാശരായി. (91.10:11).*

മനുഷ്യന്റെ അന്തരംഗം ശുദ്ധമാക്കിയിരിക്കേണ്ടത് പോലെ ബാഹ്യഭാഗമായ സമൂഹവും ശുദ്ധമായിരിക്കേണ്ടതുണ്ട്. മതങ്ങളുടെ ഈ പൊതുരംഗം മലീമസമാകുന്നതിന്റെ മുഖ്യകാരണം പൗരോഹിത്യവർഗ്ഗത്തിന്റെ മതത്തിന്മേലുള്ള അധീശത്വവും അവരുടെ കൈകളുടെ പ്രവർത്തനങ്ങളുമാണ്. മതത്തെ തങ്ങളുടെ ഉപജീവനത്തിനള്ള ഒരു വ്യവസ്ഥയായിട്ടാണ് മതപണ്ഡിതന്മാർ വിചാരിക്കുന്നത്. അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കോട്ടക്കൊത്തങ്ങളങ്ങൾ കെട്ടി ഈ മതസാമ്രാജ്യത്തിൽ അവർ സുൽത്താന്മാരായി കഴിയുന്നു. അപ്രകാരം തന്നെ പുരോഗമനക്കാരായി സ്വയം വിശേഷിപ്പിച്ചുകൊണ്ട് മതരംഗത്ത് നിൽക്കുന്ന മുജാഹിദ് ജമാഅത്തെ ഇസ്ലാമിപോലെയുള്ള പ്രസ്ഥാനങ്ങളും ഈ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി മുഖംമിനുക്കി നിലകൊള്ളുന്നവരാണ്. ഏകദൈവത്തെ ആരാധിക്കുന്നതിന്ന് വിഘാതമായി നിൽക്കുന്ന ഇവർ യഥാർത്ഥത്തിൽ ശിർക്കുകളുടെ സംരക്ഷകരാണ്.

ഇസ്ലാം മതത്തിന്റെ ആത്മീയോന്മുഖവും യഥാർത്ഥത്തിലുള്ളതുമായ പുനരജ്ജീവനത്തിന് അല്ലാഹു വാഗ്ദാനം ചെയ്ത ഒരാളുടെ ആഗമനമാണ് വാസ്തവത്തിൽ ഇസ്ലാമിൽ സംഭവിക്കേണ്ടത് അതാണ് തനതായ പുനരുജ്ജീവനം. അങ്ങിനെയൊരാൾ വന്നുകഴിഞ്ഞ് സ്ഥാപിതമാവുന്ന സാമൂഹിക സംവിധാനം മേൽപറഞ്ഞ സംഘടനകളുടെ താല്പര്യങ്ങൾക്കെതിരാണ്. അല്ലാഹു അയക്കുന്ന പ്രവാചകന്മാരെയും പരിഷ്കർത്താക്കളേയും എതിർത്തവർ ഇത്തരത്തിൽ സ്വയംകൃതമായ വ്യവസ്ഥകളുടെ വക്താക്കളാണ്. അവർക്ക് പല മുഖങ്ങളുമുണ്ട്. ഇസ്ലാം മതത്തിന്റെ യാഥാർത്ഥ വക്താക്കളാണ് തങ്ങളെന്ന മട്ടിൽ അല്ലാഹുവിന്റെ ദിവ്യപ്രകാശത്തെ അവർ ഊതിക്കെടുത്താൻ ശ്രമിക്കുന്നു.

ഇസ്ലാം മതപുനരുജ്ജീവനം എന്നാൽ ദിവ്യവെളിപാടുകളാൽ പ്രചോദിതമായ ഒരു പ്രേഷിതന്റെ പ്രബോധ പ്രവർത്തനങ്ങളല്ലാതെ മറ്റൊന്നുമല്ല. വിശുദ്ധ ഖുർആനിൽ മൃതിയടഞ്ഞ മനുഷ്യസമൂഹങ്ങളെ



40

പുനരുജ്ജീവിപ്പിച്ചതിന്റെ ചരിത്രം നമുക്ക് ധാരാളമായിക്കാണാം. പ്രവാചകന്മാർ വരുമ്പോൾ അവരൊരിക്കലും തന്നെ ഇരുകൈകളും നീട്ടി സ്വീകരിക്കപ്പെടുന്നില്ല. പിശാചിന്റെ പ്രേരണയാൽ ഇത്തരത്തിൽ സംഘടനാ രൂപം കൊള്ളുന്ന പ്രസ്ഥാനങ്ങൾ ദൈവം അയക്കുന്ന പ്രവാചകർക്കെതിരെ തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

*'നിനക്ക് മുമ്പ് ഒരു ദൂതരെയും പ്രവാചകനേയോ ഞാൻ അയച്ചിട്ടല്ല. അദ്ദേഹം വല്ലതും ആഗ്രഹിച്ചപ്പോൾ പിശാച് അദ്ദേഹത്തിന്റെ ആഗ്രഹത്തിന്റെ (മാർഗ്ഗത്തിനു) പ്രയാസങ്ങൾ കൊണ്ടുവന്ന് ഇട്ടിട്ടല്ലാതെ അപ്പോൾ പിശാച് ഇടുന്നതിനെ അല്ലാഹുമായ്ച്ചു കളയുന്നു. എന്നിട്ട് അല്ലാഹു തന്റെ ദൃഷ്ടാന്തങ്ങളെ ശക്തിപ്പെടുത്തുന്നു. അല്ലാഹു നല്ലവണ്ണം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു. തൽഫലമായി പിശ്ചാച് ഇട്ടുകൊടുക്കുന്ന പ്രയാസങ്ങൾ ഹൃദയങ്ങളിൽ രോഗമുള്ളവർക്കും ഹൃദയം കടുത്തുപോയവർക്കും ഒരു പരീക്ഷണത്തിന് കാരണമാകുന്നു. തീർച്ചയായും ഈ അക്രമികൾ വിദൂരമായ ഭിന്നിപ്പിലാകുന്നു. (22:53, 54)*

വാഗ്ദത്തമസീഹിന്റെ വരവ് ഇസ്ലാം മതസാഹിത്യങ്ങളിൽ രൂഢമൂലമായ പ്രവചനമാണ്. മുസ്ലിം സമൂഹത്തിന് അതെല്ലാം ഹൃദിസ്ഥവുമാണ്. യഥാകാലം തൗഹീദിന്റെ സ്ഥാപനത്തിനെതിരായി അല്ലാഹു വാഗ്ദാനം ചെയ്ത ആ മഹാത്മാവിനെ അയച്ചപ്പോൾ മുസ്ലിം പണ്ഡിതന്മാരും സംഘടനകളും ആ സത്യം നിഷേധിക്കുകയാണുണ്ടായത്. ബഹു ഭൂരിപക്ഷത്തിന്റെയും ഈ നിഷേധ സ്വരം ഖുർആൻ പറഞ്ഞ നിരവധി പ്രവാചകചരിത്രങ്ങളുടെ ആവർത്തനമല്ലാതെ മറ്റൊന്നുമല്ല.

പക്ഷേ ഇസ്ലാം ആഗോളതലത്തിൽ എല്ലാ മത പ്രത്യയശാസ്ത്രങ്ങളെയും ആശയസംഹിതകളേയും അതിജയിക്കുമെന്ന ഖുർആന്റെ വാഗ്ദാനം ഇമാം മഹ്ദിയിലൂടെയാണ് പുലരുക. പൂർവ്വ സൂരികളായ പണ്ഡിതന്മാർ മുസ്ലിംകളോട് ഔസ്യത്തായി പറഞ്ഞുതന്ന പ്രമാണമാണത്. എത്രവലിയ എതിർപ്പുകൾ ഉണ്ടായാലും ശരി അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ ദൗത്യത്തെ അവൻ പൂർത്തീകരിക്കുക തന്നെ ചെയ്യും ഖുർആൻ പറയുന്നു.

*'തന്റെ ദൂതനെ നേർമാർഗത്തോടും സത്യമത്തോടും കൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാ മതങ്ങളുടെയും മേൽ വിജയിപ്പിക്കുന്നതിനുവേണ്ടി ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി (61:10)*

അല്ലാഹു അയച്ച വാഗ്ദത്ത മഹ്ദിമസീഹായ ഹദ്റത്ത് അഹ്മദ് (അ) മിനാൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്ത് ആസന്നമായ വിജയത്തിലേക്ക് നടന്നടുക്കുകയാണ്. വിരോധികൾ എത്ര വെറുത്താലും തൗഹിദിന്റെ ആഗോള വ്യാപകമായ വിജയത്തിനായുള്ള ആ പ്രവചനം പുലരുക തന്നെ ചെയ്യും. ■

---

***(35-ൽ നിന്ന് തുടർച്ച)***

കുഴപ്പങ്ങൾ മുഖേന അദ്ദേഹം ആത്മീയമായി മരിച്ചിരിക്കുന്നു എന്നു സൂചിപ്പിക്കുന്ന അല്ലാഹുവിൽ നിന്നുള്ള ശബ്ദമായിരുന്നു'. (ഹയാതെ ഖുദ്സി വാള്യം: 3, പേജ്:63).

അഹ്മദിയ്യാ ഖിലാഫത്തിനനുകൂലമായി പ്രത്യക്ഷപ്പെട്ടിട്ടുള്ള ദിവ്യ അടയാളങ്ങളും പലർക്കുമായി അനുഭവപ്പെട്ടിട്ടുള്ള വിവിധ തരത്തിലുള്ള ആത്മീയ അനുഭവങ്ങളും നാം ക്രോഡീകരിക്കുകയാണെങ്കിൽ ഒരു വലിയ ഗ്രന്ഥം തന്നെ രചിക്കാവുന്നതാണ്. അല്ലാഹുത്താല ഇന്നും അത്തരം അടയാളങ്ങൾ കാണിച്ചുകൊണ്ട് ഖിലാഫത്ത് എന്നത് താൻ തന്നെ നട്ടിട്ടുള്ളതാണെന്നും അത് പിഴുതെറിയുവാൻ ഒരു മനുഷ്യജന്മത്തിനുമാവില്ല എന്നും വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുന്നു. അതിനുദാഹരണമാണ് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹ്) യുടെ തിരഞ്ഞെടുപ്പിനു മുന്നേ നൂറുകണക്കിനു വരുന്ന സത്യവിശ്വാസികൾക്ക് സ്വപ്നങ്ങൾ മുഖേന കാലേകൂട്ടി ഹുസൂറിനെ കുറിച്ച് അറിയിച്ചുകൊടുത്തത്. അതിൽ ഹുസൂറിനെ ഇതുവരെ കണ്ടിട്ടില്ലാത്തവരും, അദ്ദേഹത്തെ കുറിച്ച് യാതൊരു അറിവുമില്ലാത്തവരും ഉൾപെട്ടിരുന്നു എന്നത് ദിവ്യദൃഷ്ടാന്തമല്ലെങ്കിൽ മറ്റെന്താണ്. പക്ഷെ അല്ലാഹുവിന്റെ ഈ വാഗ്ദാനം ഇതുവരെ നമ്മോടൊപ്പം നിന്നത് വിശ്വാസവും സൽപ്രവൃത്തിയുമാകുന്ന ശക്തമായ കവചത്താൽ ഭക്തജനങ്ങൾ ഖിലാഫത്തിനെ ഒരു തരത്തിലുള്ള ശരങ്ങളുമേൽക്കാതെ സൂക്ഷിച്ചതുകൊണ്ടത്രെ. നമുക്കും സത്യവിശ്വാസവും സൽപ്രവൃത്തിയുമാകുന്ന ആ കവചത്തെ നിലനിർത്താനും ശത്രു ശരങ്ങളേറ്റ് സ്വന്തം ജീവൻ ബലിയർപ്പിക്കേണ്ടി വന്നാലും പരിശുദ്ധ ഖിലാഫത്തിനു ഒരു കോട്ടവും തട്ടാതെ സൂക്ഷിക്കാൻ അല്ലാഹു തൗഫീഖ് തന്നരുളുമാറാകട്ടെ. അല്ലാഹുമ്മ ആമീൻ.

(അവലംബമാക്കിയ ഗ്രന്ഥങ്ങൾ : തദ്ക്കിറ - ഹദ്റത്ത് അഹ്മദ് (അ), സവാനെ ഫസ്ലെ ഉമർ - ഹ: മിർസാ ത്വാഹിർ (റഹ്), അൻവാറുൽ ഉലൂം - ഹ: മിർസാ ബശീറുദ്ദീൻ മഹ്ദൂദ് അഹ്മദ് (റ), ഹയാതെ ഖുദ്സീ - ഹ: ഗുലാം റസൂൽ രാജകി (റ). ■

ലേഖനം

അബ്ദുറഹ്മാൻ, കൊടിയത്തൂർ

# 'പ്രബോധനം' സൃഷ്ടിക്കുന്ന കൺഫ്യൂഷൻ

**അല്ലാഹു അയക്കുന്ന പുണ്യാത്മാവിനെ നിഷേധിക്കുന്നവരാണ് നരകാവകാശികൾ എന്ന സത്യം അംഗീകരിക്കാതെ പ്രബോധനം കൺഫ്യൂഷൻ സൃഷിട്ടിക്കുകയാണ്.**

ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രമായ പ്രബോധനം വാരികയിൽ ചോദ്യോത്തരപംക്തി കൈകാര്യം ചെയ്യുന്ന വിദ്വാൻ (മുജീബ്) ചോദ്യകർത്താക്കളെ സമർത്ഥമായി കബളിപ്പിക്കാനും; ചോദ്യത്തിലെ മർമ്മ വിഷയങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്ന മെയ്‌വഴക്കമുള്ള മാന്യദേഹമാണ്. അദ്ദേഹം നൽകുന്ന മറുപടികളിൽ പലപ്പോഴും ഉദ്ധരിക്കപ്പെടുന്ന അഭിപ്രായങ്ങളിൽ പലതും മറുപടിക്കാരന്റേതു തന്നെയോ, അതോ അവരരുടേതോ എന്ന് തിരിച്ചറിയൽ ഏറേ ക്ലേശകരമാണ്. ഞാണിമേൽ കളിക്കാനുള്ള അദ്ദേഹത്തിന്റെ ഈ സാമർത്ഥ്യം തന്നെയാണ് അദ്ദേഹത്തെ പ്രബോധനത്തിലെ ഈ ജോലിക്ക് അർഹനാക്കി തീർക്കുന്നത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനു നേരെ അന്യായമായി കടന്നുകയറ്റം നടത്താൻ കിട്ടുന്ന ഒരവസരവും ടിയാൻ പാഴാക്കാറുമില്ല.

2007 നവംബർ 10ന്റെ പ്രബോധനം വാരികയിലെ ഒരു സഹോദരിയുടെ ചോദ്യവും 'മുജീബി'ന്റെ മറുപടിയുമാണ് ഈ വരികളെഴുതാൻ പ്രേരകമായിട്ടുള്ളത്. ജമാഅത്ത് പ്രസീദ്ധീകരണമായ 'കർമ്മസരണി'യിൽ നിന്നുള്ള ഹദീസ് ഉദ്ധരിച്ച് ഉന്നയിക്കപ്പെട്ട ചോദ്യമിതാണ്. *''നബി(സ) പറഞ്ഞു: കൗസർതടാകത്തിനടുത്ത് നിങ്ങൾക്ക് മുമ്പ് എത്തുന്നവനാണ് ഞാൻ. എന്റെ അടു ത്ത് കൂടി നടന്നുപോയവർ കൗസറിലെ വെള്ളം കുടിക്കണം. അത് കുടിച്ചവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല. എന്നാൽ ചിലർ എന്റെ അടുക്കൽ വെള്ളത്തിനായിവരും. ഞാൻ അവരെയും അവർ എന്നെ യും അറിയും. എന്നിട്ട് എനിക്കും, അവർക്കുമിടയിൽ മറയിടപ്പെടും. അവർ എന്റെ സമുദായത്തിൽപെട്ടവർ ആണല്ലോ എന്ന് ഞാൻ പറയും. താങ്കളുടെ ശേഷം അവർ ഉണ്ടാക്കിത്തീർത്ത മാറ്റങ്ങൾ നി ങ്ങൾക്കറിഞ്ഞുകൂടാ എന്ന് പറയപ്പെടും. അപ്പോൾ ഞാൻ പറയും: എനിക്ക് ശേഷം (ദിനിൽ) മാറ്റം വരുത്തിയവർ ദൂരെ ദൂരെ" (ഐ.പി.എച്ച്. പ്രസിദ്ധീകരിച്ച കർമ്മസരണി എന്ന പുസ്തകത്തിൽ നിന്ന് - പേജ് 33).*

*ഇവിടെ ദീനിൽ മാറ്റമുണ്ടാക്കിയവർ ആരായിരിക്കും? സമസ്തക്കാർ പറയുന്നു; പുത്തൻവാദികളാണെന്ന്. മുജാഹിദുകൾ പറയുന്നു; കുറാഫാത്തുകാരും, മതരാഷ്ട്രവാദക്കാരുമാണെന്ന് ജമാഅത്തുകാർ പറയുന്നു; ഇസ്‌ലാമിനെ അരാഷ്ട്രീയവൽക്കരിച്ചവരും,യാഥാസ്ഥിതികരുമാണെന്ന്! ആകെ ഒരു കൺഫ്യൂഷൻ! മുജീബ് പ്രതികരിക്കുമോ?" (പ്രബോധനം 10-11-07)*

കാരുണ്യത്തിന്റെ മൂർത്തരൂപമായ പ്രവാചകശ്രേഷ്ഠർ (സ) തന്റെ സമുദായത്തിലെ ഒരു വിഭാഗം സ്വർഗ്ഗീയജീവജലമായ കൗസറിനരികിൽ ദാഹാർത്തരായി വരുന്ന സമയത്ത്, അവരെ "ദൂരെ ദൂരെ" എന്ന് പറഞ്ഞ് ആട്ടിയകറ്റുമെന്ന് പ്രസ്താവിക്കുന്ന തിരുദൂതർ (സ)യുടെ തന്നെ തിരുവചനം ശ്രദ്ധയിൽപ്പെട്ട നിഷ്ക്കളങ്കയും; ആത്മീയദാഹിയുമായ മുസ്‌ലിം സഹോദരിയുടെ 'കൺഫ്യൂഷൻ' മാറ്റാൻ വ്യക്തമായ മറുപടി നൽകാതെ, മർമം തൊടാതെ അഭ്യാസം കളിച്ചശേഷം അവസാനം സഹോദരിയെ ഓർമ്മിപ്പിക്കുന്ന കാര്യമാണ് ഈ ലേഖകനെ അത്ഭുതപ്പെടുത്തിയത്. കാണുക: *"പരലോകത്ത് പടച്ചതമ്പുരാൻ തീരുമാനിക്കേണ്ട കാ*

*ൃത്തിൽ ഇഹലോകത്ത് പടപ്പുകൾ കൺഫ്യൂഷനിലാകേണ്ട കാര്യമില്ല."* എങ്ങിനെയുണ്ട് 'മുജീബ്' അവർകളുടെ അരുളപ്പാട്. ഭൂമിയിലെ മുഴുവൻ മതവിശ്വാസികളും വിശ്വസിക്കുന്നത് പ്രപഞ്ച സൃഷ്ടാവും, പ്രതിഫലദായകനുമായ ദൈവം, രക്ഷാശിക്ഷകൾ നൽകുന്നത് മനുഷ്യന്റെ ഇഹലോകത്തിലെ വിശ്വാസത്തെയും കർമത്തെയും അടിസ്ഥാനപ്പെടുത്തിയാണെന്നാണ്. ഭൂമുഖത്ത് വന്ന പ്രവാചകന്മാരഖിലം പ്രബോധനം ചെയ്തത്: ശാശ്വതവും, അനന്തസൗഭാഗ്യങ്ങളുടെ മോഹന ലോകവുമായ സ്വർഗ്ഗം കരസ്ഥമാക്കുവാൻ തങ്ങൾ പ്രബോധനം ചെയ്യുന്ന സത്യം സ്വീകരിച്ച്, സൽകർമ്മചാരികളായി തീരുക എന്നതാണ്. മറിച്ച് പ്രവാചകസരണി വിട്ട് വഴിവിട്ട് ജീവിക്കുന്നവർക്കു കഠിനശിക്ഷയുടെ കൂടിരമുണ്ടെന്നും അവർ താക്കീതു ചെയ്യുകയുണ്ടായി. വിശുദ്ധ ഖുർആനിൽ ഈ തത്വം നിരവധി സ്ഥലത്ത് പ്രതിപാദിച്ചുകാണും. ഭൂമിയിൽ അശ്രദ്ധരായി ജീവിച്ച് നരകസ്ഥരായി തീർന്നവരുടെ വിലാപങ്ങൾ ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. പരലോകത്ത് വെച്ച് ഭൂമിയിൽ മടങ്ങിവന്ന് സൽകർമികളാവാൻ അവസരം ചോദിച്ചാൽ നടക്കില്ലെന്ന കാര്യം ഉണർത്തുന്നുമുണ്ട് വിശുദ്ധഗ്രന്ഥം. നരകവാസികളുടെ വിലാപം വിശുദ്ധ ഖുർആൻ ചിത്രീകരിക്കുന്നത് കാണുക: *"അമർഷം നിമി ത്തം അത് (നരകം) പൊട്ടിപ്പിളരാറാകും. അതിൽ ഓരോ സംഘമാളുകൾ തള്ളിവിടപ്പെടുമ്പോഴും അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും. 'നിങ്ങൾക്ക് ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നിരുന്നില്ലേ?' അവർ പറയും "അതെ തീർച്ചയായും ഞങ്ങൾക്ക് ഒരു മുന്നറിയിപ്പുകാരൻ വന്നിരുന്നു - അ പ്പോൾ (അദ്ദേഹത്തെ) ഞങ്ങൾ നി ഷേധിച്ചു തള്ളിക്കളഞ്ഞു. ഞങ്ങൾ (പ്രവാചകനോടും അനുയായികളോടും) പറഞ്ഞു: അല്ലാഹു ഒന്നും തന്നെ ഇറക്കിയിട്ടില്ല. നിങ്ങൾ ഭീമമായ മാർഗഭ്രംശത്തിൽ തന്നെയാണ്" അവർ (നരകവാസികൾ) പറയും ഞങ്ങൾ (പ്രവാചകന്റെ സന്ദേശം) കേൾക്കുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ഈ ജ്വലിക്കുന്ന തീയിൽ എരിയുന്നവരിൽ ഉൾപ്പെടുമായിരുന്നില്ല.'* (സൂറ: അൽമുൽക് 9-11) വിശുദ്ധ ഖുർആനിലെ ഇതുപോലുള്ള വചനങ്ങൾ വായിക്കുന്ന വിശ്വാസി പരലോകത്തെ അവസ്ഥയോർത്ത് വേവലാതിപ്പെടാതിരിക്കുകയില്ല - പ്ലാച്ചിമടയിലും അധികാര രാഷ്ട്രീയത്തിലും മീഡിയ കവറേജിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ജമാഅത്ത് സുഹൃത്തുക്കൾ നരകവും സ്വർഗവുമെല്ലാം അവിടെ വെച്ചുകാണാം എന്ന നിലപാടു സ്വീകരിക്കുന്നതിൽ അത്ഭുതമില്ല. ഇവരുടെ പിന്നിൽ അണിനിരന്നിട്ടുള്ള പാവം സഹോദരീ സഹോദരന്മാരുടെ കാര്യമോർക്കുമ്പോഴാണ് നമുക്ക് 'കൺഫ്യൂഷനു' സങ്കടവും.

മുജീബിന്റെ മറുപടിയിൽ "ഇസ്രാഈല്യർ 72 സംഘമായി പിരിഞ്ഞു; എന്റെ സമുദായം 73 സംഘങ്ങളായി പിളരും. എല്ലാം നരകത്തിലായിരിക്കും ഒന്നൊഴികെ." എന്ന മുസ്‌ലിം ലോകത്ത് പ്രസിദ്ധമായ ഹദീസ് ഉദ്ധരിക്കുന്നുണ്ട്. പ്രസ്തുത ഹദീസിന്റെ പ്രാമാണികതയുടെ കാര്യത്തിൽ നിലപാടു വ്യക്തമാക്കാതെ എഴുതുന്നത് കാണുക: *"ഈ ഹദീസിന്റെ പ്രാമാണികത തന്നെ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും അതിന്റെ ഉള്ളടക്കം മുഖവിലക്കെടുത്താൽ തന്നെ രക്ഷപ്പെടുന്ന വിഭാഗത്തെകുറിച്ച് 'എന്റെയും സ്വഹാബിമാരുടെയും മാർഗത്തിലുള്ളവർ' എന്ന് നബി(സ) വ്യക്തമാക്കിയതല്ലാതെ ഒരു സംഘത്തെയും പേരുപറഞ്ഞ് പരാമർശിച്ചിട്ടില്ല.*

വ്യക്തവും അർത്ഥപൂർണ്ണവുമായ നബിവചനത്തെ അർത്ഥത്തിലും ആശയത്തിലും അട്ടിമറി നടത്തി അർത്ഥശൂന്യമാക്കി മാറ്റുന്ന വിക്രിയയാണ് ഇവിടെ ശ്രീമാൻ കാണിച്ചിരിക്കുന്നത്. മോക്ഷപ്രാപ്തമായ വിഭാഗത്തെ സംബന്ധിച്ച് "മാ അന അലയ്ഹി വ അസ്ഹാബി" ഞാനും എന്റെ അനുചരന്മാരും ഉള്ള സ്ഥിതിയിൽ നിലകൊള്ളുന്നവർ" എന്നാണ് തിരുനബി (സ) വ്യക്തമാക്കുന്നത്. 'എന്റെയും സഹാബിമാരുടെയും മാർഗത്തിലുള്ളവർ' എന്ന തെറ്റായ അർത്ഥം കല്പിച്ച് കൊണ്ട് നബിവചനത്തിന്റെ അന്തസത്തയെ തന്നെ തകർക്കുകയാണ് ചെയ്യുന്നത്. ലോകത്തുള്ള എല്ലാ മുസ്‌ലിം ഗ്രൂപ്പുകളും തങ്ങൾ നബിയുടെ മാർഗം പിന്തുടരുന്നവരാണെന്ന് അവകാശപ്പെടുന്നവരാണ് - അതെങ്ങനെയാണ് ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം സവിശേഷതയാകുക? നരകസ്ഥരേയും സ്വർഗസ്ഥരേയും വേർതിരിച്ച് മനസ്സിലാക്കുവാൻ നബി(സ) പറഞ്ഞ അടയാളം അർത്ഥശൂന്യമാണെന്ന് വരില്ലേ! മുസ്‌ലിം ഉമ്മത്ത് ആശയകുഴപ്പത്തിലും 'കൺഫ്യൂഷനി'ലും പെട്ട് ഉഴലുകയാവില്ലേ അതിന്റെ ഫലം? എന്നാൽ നബിവചനത്തിന് യഥാർത്ഥമായ അർത്ഥം തന്നെ നൽകുകയാണെങ്കിൽ കാര്യങ്ങൾ പകൽവെളിച്ചം പോലെ വ്യ ക്തമാകും. അല്ലാഹുവിനാൽ നി യോഗിതരായ നബി തിരുമേനി (സ), അവിടുത്തെ ദിവ്യദൗത്യത്തിൽ വി ശ്വാസം കൊണ്ട്, അദ്ദേഹത്തിൽ ബൈഅത്ത് ചെയ്ത ശിഷ്യസംഘം. അങ്ങിനെയായിരുന്നു, നബി(സ)യുടെയും സഹാബത്തിന്റെയും അവസ്ഥ. അവർ ഒരു അൽജമാഅത്തായിരുന്നു. അങ്ങിനെ പ്രവാചകനിയോഗകാലഘട്ടങ്ങളിലെല്ലാം സംഭവിച്ചതുപോലെ അല്ലാഹുവിൽ നിന്നുള്ള സ്വർഗ്ഗത്തിനും, അതിരറ്റ അനുഗ്രഹങ്ങൾക്കും അവകാശികളായ ഒരു സവിശേഷസംഘവും,

പ്രവാചകസന്ദേശത്തെ നിഷേധിക്കുകയും, ദ്രോഹകൃത്യങ്ങളിൽ മുഴുകി നരകത്തിനും ശാപത്തിനുമിരയാകുന്ന ഭൂരിപക്ഷസമൂഹവും രൂപം കൊള്ളുകയുണ്ടായി. വിശ്വാസത്തിന്റെ പേരിലാണ് മതലോകത്ത് സംഘങ്ങൾ രൂപംകൊള്ളാറ്. നേരത്തെ പരാമർശിച്ച ഹദീസുകളിലും, സൂറ: അൽ മുൽകിലെ ആയത്തുകളിലുമെല്ലാം നരകാവകാശികളായിതീരുന്ന സംഘങ്ങളെകുറിച്ചാണ് പ്രതിപാദിക്കുന്നത്.

നബി(സ)യുടെ ഉമ്മത്തിൽ ഒന്നൊഴികെ ബാക്കിയെല്ലാവരും നരകാവകാശികളായി തീരുന്ന ഒരു കാലഘട്ടമുണ്ടാവുമെന്നും, സ്വർഗ്ഗസ്ഥരായിത്തീരുന്ന ഏകസംഘം ഞാ നും എന്റെ സഹചരരുമുള്ള അവസ്ഥയിൽ നിലകൊള്ളുന്നവരാണെന്നും വ്യക്തമാക്കിയ സ്ഥിതിക്ക് കാര്യം വ്യക്തമാണ്. തന്റെ സമുദായത്തിൽ അല്ലാഹുവിൽ നിന്ന് നിയോഗിതനാവുന്ന ഒരു മഹാത്മാവ് ആഗതനാവുമെന്നും, 1400 വർഷങ്ങൾക്കു മുമ്പ് സംഭവിച്ചതുപോലെ, വിശ്വാസികളുടെ ഒരു സംഘവും, അതിനെതിരിൽ അവിശ്വാസികളായി മാറിയ സംഘവും. സൂറ മുൽകിലെ വിവരണം വ്യക്തിമാക്കി തരുന്നതും അതുതന്നെയാണ്. ഇസ്ലാമിന്റെ വിശ്വാസവും, ആചാരവും സ്വീകരിച്ചുവരുന്ന ബഹുഭൂരിപക്ഷം വരുന്ന മുസ്ലിം ഭൂരിപക്ഷത്തെ കാരുണ്യവാനായ അല്ലാഹു നരകത്തിന്റെ അവകാശികളെന്ന് വിധിക്കുമ്പോൾ, അത് വ്യക്തായ കാരണമില്ലാതെ ആവുകയില്ലല്ലോ - സംഘങ്ങളായി നരകത്തിലേക്ക് തള്ളപ്പെടുന്നവരോട് മലക്കുകൾ ചോദിക്കുന്നത്; നിങ്ങൾക്ക് ഒരു ദൈവദൂതൻ വന്നിരുന്നില്ലേ എന്നാണ്. നരകാവകാശികൾ മറുപടി പറയുന്നു: *"അതെ ഞങ്ങൾക്ക് ഒരു മുന്നറിയിപ്പുകാരൻ (പ്രവാചകൻ) വന്നിരുന്നു. അപ്പോൾ ഞങ്ങൾ നിഷേധിച്ചു തള്ളികളഞ്ഞു. ഞങ്ങൾ (പ്രവാചകനോടും അനുയായികളോടും) പറഞ്ഞു: അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. നിങ്ങൾ ഭീമമായ മാർഗ്ഗഭ്രംശത്തിൽ തന്നെയാണ്'' (മുൽക് 9, 10)*

നബിതിരുമേനി (സ)യുടെ ഉമ്മത്തിൽ അവസാനകാലത്ത് വാഗ്ദത്ത മഹ്ദീ-മസീഹിന്റെ ആഗമനമുണ്ടാവുമെന്ന കാര്യം വിശുദ്ധ ഖുർആനും, തിരുനബി(സ)യും വ്യക്തമാക്കിയിട്ടുള്ളതും മുസ്ലിം സമുദായം നാളിതുവരെ വിശ്വസിച്ചുവരുന്നതും, ആധുനിക കാലഘട്ടത്തിൽ ജമാഅത്തെ ഇസ്ലാമി ഉൾപ്പെടെയുള്ള മുഴുവൻ മുസ്ലിം സംഘടനകളും തങ്ങളുടെ അഖീദയാണെന്ന് പ്രഖ്യാപിച്ചുവരുന്നതുമായ ഒരു പരമസത്യമാണ്. തിരുനബി (സ)യുടെ ഉമ്മത്തിൽ വരുന്ന ദൈവദൂതനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ നിരവധി തവണ വ്യക്തമാക്കുന്നു. (പ്രവാചകനിയോഗം സ്ഥാപിക്കുക എന്നതല്ല ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത് എന്നതിനാൽ ഈ വിഷയം കൂടുതൽ വിവരിക്കുന്നില്ല).

പ്രബോധനത്തിലെ ചോദ്യത്തിൽ ഉദ്ധരിച്ച "ദൂരെ ദൂരെ" എന്ന നബിതിരുമേനി പറയുന്ന ഹദീസും, മറുപടിക്കാരൻ എടുത്തുകാട്ടിയ 72 ന്റെയും കാര്യം പറയുന്ന ഹദീസിന്റെയും സാധുതയിൽ ആ രെങ്കിലും സംശയിക്കുന്നുവെങ്കിൽ ഇതേ ആശയം ശക്തമായി അവതരിപ്പിക്കുന്ന ഹുദൈഫയുടെ ഹദീസ് ആർക്ക് നിഷേധിക്കുവാൻ കഴിയും. സഹീന് ബുഖാരിയും, മുസ്ലിമും, ഉൾപ്പെടെ പ്രാമാണികമായ 6 ഗ്രന്ഥങ്ങളിലും ഉദ്ധരിക്കപ്പെട്ട പ്രസ്തുത നബിവചനത്തിൽ മുസ്ലിം ഉമ്മത്തിൽ വിവിധ കാലഘട്ടങ്ങളിൽ ഉണ്ടാവുന്ന കുഴപ്പങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുന്നു. ഹുദൈഫ (റ) ആദ്യകാലഘട്ടത്തിലെ ചില അവസ്ഥകളെ സംബന്ധിച്ച് ഉദ്ധരിച്ചശേഷം അവസാനത്തെ കാലത്തെ കുഴപ്പങ്ങളെ സംബന്ധിച്ച് നബിയിൽ നിന്ന് ഉദ്ധരിക്കുന്നത് കാണുക." *നിശ്ചയമായും നരകകവാടത്തിൽ നിന്ന് ജനങ്ങളെ വിളിക്കുന്ന വിളിയാളന്മാരുണ്ടാകും. അവരുടെ വിളിക്കുത്തരം നൽകുന്നവരെ അവർ നരകത്തിലേക്ക് നയിക്കും. (ഹുദൈഫ ചോദിച്ചു) അവരെ സംബന്ധിച്ച് എനിക്ക് വിവരിച്ചു തന്നാലും; നബി പറഞ്ഞു: അവർ നമ്മിൽപെട്ടവർ (മുസ്ലിം ഉമ്മത്തിൽ) തന്നെയാണ് - നമ്മുടെ പേരിൽ സംസാരിക്കുന്നവരാണ്. അങ്ങിനെ ഒരു കാലം വന്നാൽ എന്ത് ചെയ്യണമെന്ന് സഹാബി ചോദിച്ചപ്പോൾ നബി(സ) തിരുമേനി അരുളി" നീ ജമാഅത്തുൽ മുസ്ലിമിനേയും അവരുടെ ഇമാമിനേയും മുറുകെ പിടിക്കുക." സഹാബി വീണ്ടും ചോദിച്ചു: ''അവർക്ക് ഇമാമും ജമാഅത്ത് വ്യവസ്ഥയും ഇല്ലെങ്കിൽ എന്തു ചെയ്യണം?"* ഈ ചോദ്യത്തിന് നബി (സ) നൽകിയ മറുപടി ഇന്നത്തെ ഭൂരിപക്ഷ മുസ്ലിംകളെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. *"എങ്കിൽ എല്ലാ കക്ഷികളുമായുള്ള ബന്ധവും വിഛേദിച്ച് അവരിൽ നിന്ന് അകന്ന് നിൽക്കുക; വനാന്തരങ്ങളിൽ പോയി വൃക്ഷങ്ങളുടെ വേര് ഭക്ഷിച്ച് ജീവിതം കഴിക്കേണ്ടി വന്നാലും അതാണ് നിനക്ക് ഉത്തമം"*

എത്ര സുവ്യക്തമായ നിലയിലാണ് ഇവിടെ മുസ്ലിംകളുടെ അവസ്ഥയെ വിവരിക്കുന്നത്. ഒരു ഇമാമിന്റെ കീഴിൽ അൽജമാഅത്തായി നിലകൊള്ളുന്ന സംഘമൊഴികെ ബാക്കിയെല്ലാവരും നരകത്തിന്റെ വക്താക്കളാണെന്നും, അവരിൽ നിന്ന് ഓരോ മുസ്ലിമും അകന്നിരിക്കുക എന്നും നബി തിരുമേനി ഉമ്മത്തിനെ ഉപദേശിക്കുന്നു.

മുസ്ലിം ഉമ്മത്തിൽ സംഭവിക്കാനിരിക്കുന്ന ഭയാനകമായ അവസ്ഥകളെ വിവരിക്കുന്ന നിരവധി വചനങ്ങൾ വിശുദ്ധ ഖുർആനിലും

തിരുനബിവചനങ്ങളിലും കാണാവുന്നതാണ്. *"അല്ലാഹുവിന്റെ സ്മരമക്കായും അവനിൽ നിന്നിറങ്ങിയ സത്യത്തിനുവേണ്ടിയും അവരുടെ ഹൃദയങ്ങൾ അലിവുള്ളതായി തീരാനും മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കാനും വിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ? മുമ്പ് വേദം നൽകപ്പെട്ടവർ ദീർഘകാലം കഴിഞ്ഞപ്പോൾ അവരുടെ ഹൃദയങ്ങൾ കടുപ്പമുള്ളവയായിപ്പോയി. അവരിലധികം പേരും ആജ്ഞാലംഘകരത്രെ. (അൽ: ഹദീദ് 17)* മുസ്ലിംകൾ യഹൂദികളുടെ മാർഗ്ഗം പിന്തുടരുമെന്ന് ഇവിടെ വ്യക്തമായി പ്രസ്താവിക്കുന്നു. ഈ കാര്യത്തിന് അടിവരയിടുന്ന നിരവധി നബിവചനങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അവയെല്ലാം സർവ്വ മുസ്ലിംസംഘടനകളും പ്രസ്തുത സൂക്തത്തിന്റെ തഫ്സീറിൽ തന്നെ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ ഒരു പതനത്തിൽ നിന്ന് മുസ്ലിം ഉമ്മത്തിനെ രക്ഷിക്കുമെന്നും, സൂറ: 'ഹദീദി'ലെ തൊട്ടടുത്ത വചനത്തിൽ തന്നെ അല്ലാഹു സമാശ്വസിപ്പിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ മുസ്ലിം ഉമ്മത്തിൽ പ്രവചിക്കപ്പെട്ട അധഃപതനത്തിന്റെയും കുഴപ്പത്തിന്റെയും കാലം വന്നപ്പോൾ ഖുർആനിലും, ഹദീസുകളിലും വിവരിക്കപ്പെട്ട വാഗ്ദത്ത മസീഹിന്റെ ആഗമനം സംഭവിച്ചിരിക്കുന്നു. അദ്ദേഹമാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ദിവ്യസ്ഥാപകർ ഹ: മിർസാ ഗുലാം അഹ്മദ് (അ) അദ്ദേഹം ദൈവകല്പനയാൽ 1989 മാർച്ച് 23ന് ജനങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചുകൊണ്ട് അഹ് മദിയ്യാ മുസ്ലിം ജമാഅത്ത് എന്ന ശിഷ്യസംഘം രൂപീകരിച്ചിരിക്കുന്നു. അവിടുത്തെ ദേഹവിയോഗത്തെ തുടർന്ന്, തിരുനബി(സ) യുടെ വഫാത്തിന് ശേഷം അബൂബക്കർ സിദ്ദീഖ് (റ)ന്റെ തിരുകരങ്ങളിൽ സഹാബത്ത് ബൈഅത്ത് ചെയ്തതുപോലെ, വാഗ്ദത്ത മസീഹിന്റെ ശിഷ്യസംഘം ഹ: ഹകീം നുറുദ്ദീൻ സാഹിബിന്റെ കൈയിൽ ബൈഅത്ത് ചെയ്തുകൊണ്ട് *"ഞാനും എന്റെ അനുചരരും ഉള്ള സ്ഥിതിയിൽ"* എന്ന് തിരുനബി (സ) പ്രവചിച്ച അടയാളം വ്യക്തമായ നിലയിൽ പൂർത്തിയാക്കിയിരിക്കുന്നു. ഇന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് 5-ാം ഖിലാഫത്തിന്റെ അനുഗ്രഹീതമായ നേതൃത്വത്തിൽ ഭൂമുഖത്ത് 189 രാജ്യങ്ങളിൽ ഇസ്ലാമിന്റെ ആഗോള വിജയമെന്ന മഹത്തായ ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയുമാണ്. മോക്ഷപ്രാപ്തരായ 'അൽജമാഅത്തുൽ മുസ്ലിമി'നെയും ഇമാമിനെയും സത്യഹൃദയമുള്ള ഏതൊരാൾക്കും ഇവിടെ ദർശിക്കുവാൻ കഴിയുന്നതാണ്. ഈ സത്യം തിരിച്ചറിയുന്നതോടെ മുസ്ലിം ബഹുജനം തങ്ങളെ കൈയൊഴിക്കുമെന്നും, അതോടെ തങ്ങളുടെ സംഘടനകളുടെ കഥ കഴിയുമെന്നും, പെട്രോ ഡോളറിന്മേലുള്ള തങ്ങളുടെ 'ഇസ്ലാമിക ഭരണം' അവസാനിച്ചുപോകും എന്നുമുള്ള ഭീതിയാണ് തിരുനബി (സ)യുടെ വ്യക്തമായ പ്രവചനങ്ങളെ നിഷേധിക്കുവാൻ ശ്രമിക്കുന്നതും, തെറ്റായ നിലയിൽ വ്യാഖ്യാനിക്കുന്നതിനും പ്രബോധനക്കാരെയും മറ്റും പ്രേരിപ്പിക്കുന്നത് എന്ന സത്യം ഉണർത്തിക്കൊണ്ട് ഈ വരികൾ അവസാനിപ്പിക്കട്ടെ.

## വിലവർദ്ധനയുമായി സഹകരിക്കുക

2008 ഫിബ്രവരി ലക്കം മുതൽ സത്യദൂതൻ ഒറ്റപ്രതി വില 15 രൂപയും വാർഷിക വരിസംഖ്യ 150 രൂപയുമായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. മാന്യവായനക്കാർ ഇതിനോടു സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മാനേജർ - സത്യദൂതൻ**

*(25-ൽ നിന്ന് തുടർച്ച)*

എല്ലാ വ്യവസ്ഥകളും ഉൾപ്പടെ എഴുതി രേഖപ്പെടുത്തി വെക്കേണ്ടതാണ്, സാക്ഷ്യത്തെ ഏറ്റവും ചൊവ്വായ നിലയിൽ നിർത്തുന്നതിന് പര്യാപ്തവും, നിങ്ങൾ സംശയിക്കാതിരിക്കാൻ ഏറ്റവും ഉപയുക്തവുമാണിത് (2:283). പരസ്പരം അംഗീകരിക്കപ്പെടുന്ന ന്യായമായ നിബന്ധനകളായിരിക്കണം എഴുതുന്നത്. കൂടുതൽ മുൻകരുതൽ എന്നനിലക്ക്, കടം വാങ്ങുന്ന വ്യക്തിയാണ് കരാർ വ്യവസ്ഥകൾ പറഞ്ഞ് എഴുതിക്കേണ്ടതെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇനി കടം വാങ്ങുന്ന പണത്തിന്റെ ബാധ്യത പ്രായപൂർത്തിയാകാത്തയാൾക്കോ, വ്യവസ്ഥകൾ പറഞ്ഞുകൊടുത്ത് എഴുതിക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അവന്റെ രക്ഷാകർത്താവോ ഗുണകാംക്ഷികളോ വ്യവസ്ഥകൾ പറഞ്ഞ് എഴുതിക്കേണ്ടതാണ്(2:283).

കുത്തക വ്യാപാരവും പൂഴ്ത്തിവെപ്പും കരിഞ്ചന്തയും നിരോധിക്കപ്പെട്ടിരിക്കുന്നു. നന്മ ലക്ഷ്യമാക്കിയാണ് ഇതെല്ലാം വിരോധിച്ചിരിക്കുന്നത്. ഇത്തരം പ്രവൃത്തികളിലേർപ്പെട്ടിരിക്കുന്നവരെല്ലാം സഹജീവികളുടെ ആവശ്യങ്ങളെയും പ്രയാസങ്ങളെയും മുതലെടുക്കാൻ ശ്രമിക്കുന്നവരാണ്. കച്ചവടക്കാരൻ തന്റെ ഉൽപ്പന്നങ്ങളുടെ പോരായ്മകൾ വെളിപ്പെടുത്താൻ ബാധ്യസ്ഥനാണ്. സാധനസാമഗ്രികൾ വിൽപ്പനക്കായി തുറന്ന വിപണിയിൽ എത്തിക്കേണ്ടതാണ്. വിൽപ്പനക്കാരനോ അയാളുടെ പ്രതിനിധിക്കോ ചരക്കുകൾ മൊത്തമായി വാങ്ങാൻ തുനിയുന്നതിന് മുമ്പ് വിപണി നിലവാരത്തെകുറിച്ച് ശരിയായ ബോധമുണ്ടായിരിക്കണം.

കമ്പോളത്തെ കുറിച്ചും വിലനിലവാരത്തെകുറിച്ചുമുള്ള അറിവില്ലായ്മ മുതലെടുക്കപ്പെടാനിടയു

*(ശേഷം 50-ൽ)*

കുറിപ്പുകൾ

മുസാഫിർ

# കമ്യൂണിസത്തിന്റെ പ്രതിസന്ധികൾ

***'വർഗ്ഗരഹിത സമൂഹത്തെ പറ്റി ഞങ്ങൾ ഒരുപാടു പ്രസംഗിച്ചു നടന്നിട്ടുണ്ട് അതൊക്കെ വളരെ പണ്ടാണ്... സോഷ്യലിസമാണ് പാർട്ടിയുടെ രാഷ്ട്രീയ അജണ്ട. പാർട്ടിയുടെ രാഷ്ട്രീയ നയരേഖയിൽ അത് വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ മുതലാളിത്തമാണ് ഭാവിയുടെ സമ്മർദ്ദം'*** (ജ്യോതിബസു - മലയാള മനോരമ - ജനു: 6) കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ മുതിർന്ന നേതാവും പോളിറ്റ് ബ്യൂറോ അംഗവുമായ ജ്യോതി ബസുവിന്റെ മേൽ പ്രസ്താവന കമ്യൂണിസത്തിന്റെ ആധാരശിലയെ തകർക്കാൻ മാത്രം സ്ഫോടകശേഷിയുള്ളതാണ്.

മാർക്സിയൻ സാഹിത്യത്തിലെ ഏറ്റവും പ്രമാണികവും കമ്യൂണിസത്തിന്റെ സാരസർവ്വസ്വവമാണ് 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ'. മാർക്സും ഏംഗൽസും ചേർന്നെഴുതിയ ഈ കൊച്ചുഗ്രന്ഥം ആരംഭിക്കുന്നത് ***'നാളിതുവരെ നിലനിന്നിട്ടുള്ള എല്ലാ സമുദായങ്ങളുടേയും ചരിത്രം വർഗ്ഗസമരങ്ങളുടെ ചരിത്രമാണ്'*** എന്നു പറഞ്ഞുകൊണ്ടാണ് ഒടുവിൽ കമ്യൂണിസ്റ്റ് സമൂഹം ആവിർഭവിച്ചാൽ ഈ വർഗ്ഗസംഘട്ടനം അവസാനിക്കുകയും മർദ്ദനോപാധിയായ സ്റ്റേറ്റ് ഇല്ലാതാവുകയും വർഗരഹിതസമൂഹം ആവിർഭവിക്കുകയും ചെയ്യും. ഇതാണ് കമ്യൂണിസ്റ്റ് സങ്കല്പം. ആ വർഗ്ഗസമരത്തെയും വർഗ്ഗരഹിതസമൂഹത്തെയുമാണ് വന്ദ്യവയോധികനും മാർകിസ്റ്റ് സൈദ്ധാന്തികനുമായ സഖാവ് ജ്യോതിബസു തള്ളിപറഞ്ഞത്. പിന്നെ കമ്യൂണിസത്തിന്റെ ആധാര തത്വമായി അവശേഷിക്കുന്നതെന്താണെന്ന് കമ്യൂണിസ്റ്റുകാർ തന്നെ വ്യക്തമാക്കേണ്ടതുണ്ട്. വർഗ്ഗസമരത്തെ ബോധപൂർവ്വം വളർത്തിയെടുത്ത് വിപ്ലവത്തിലൂടെ മുതലാളിത്തത്തിന്റെ ശവക്കുഴി തോണ്ടണമെന്നാണ് മാർക്സിന്റെ ആഹ്വാനം എന്നിരിക്കെ, മുതലാളിത്തമാണ് ഭാവിയുടെ സമ്മർദ്ദമെന്ന് പറഞ്ഞ് മുതലാളിത്വത്തിന്റെ മൂലധനത്തിന്നായി ഭിക്ഷാംദേഹിയേപോലെ കൈകുമ്പിളുമായി നിൽക്കുന്ന കമ്യൂണിസ്റ്റുകാരൻ മാർക്സിന് അപമാനമല്ലേ? യാഥാർത്ഥ്യത്തോട് ഏറ്റുമുട്ടി പരാജിതനായ ഒരു ദിവാസ്വപ്നക്കാരനെപോലെയാണ് ഇന്ന് കമ്മ്യൂണിസം. വർഗ്ഗസമരം വഴി ആവിർഭവിക്കേണ്ട വർഗ്ഗരഹിതസമൂഹത്തെയാണ് അവർ ലളിതമായി തള്ളിപറഞ്ഞത്. കമ്യൂണിസ്റ്റ് സങ്കല്പങ്ങൾ സാക്ഷാത്കരിക്കാൻ റഷ്യൻ വിപ്ലവാനന്തരം നടത്തിയ 'റെഡ് ടെറർ' കാംമ്പയിനിൽ കൊല്ലപ്പെട്ട 2 കോടി ജനങ്ങളോടും ചൈനീസ് വിപ്ലവകാലത്തും അനന്തരമുണ്ടായ സാംസ്കാരിക വിപ്ലവകാലത്തും കൊല്ലപ്പെട്ടവരോടും, മറ്റു കമ്യൂണിസ്റ്റ് കലാപങ്ങളിൽ ജീവൻ ഹോമിക്കപ്പെട്ടവർക്കുമുണ്ടായ നഷ്ടത്തിന് ഈ കുംബസാരങ്ങൾ പരിഹാരമാവുമോ? കോടിക്കണക്കിന് ബലിദാനികളെ നൽകി കെട്ടിപടുത്ത റഷ്യ ചീട്ടുകൊട്ടാരം പോലെ തകർന്നടിയുകയും ചൈന സ്വകാര്യമൂലധനത്തിന്നായി സമ്പദ്രംഗം തുറന്നിട്ടുകൊടുക്കുകയും കിഴക്കൻ യൂറോപ്പിലെ ഹംഗറി, ചെക്കോസ്ലാവാക്ക്യ, ബൾഗേറിയ, റുമാനിയ, യൂഗോസ്ലോവാക്യ, അർബേനിയ മുതലായ കമ്യൂണിസ്റ്റ് ഭരണക്കൂടങ്ങൾ ഒന്നൊന്നായി കമ്യൂണിസത്തിൽ നിന്നു മോചിപ്പിക്കപ്പെടുകയും അവരിൽ പല രാജ്യങ്ങളും യൂറോപ്യൻ യൂണിയനിൽ അംഗങ്ങളായി ചേരുകയും ചെയ്തു. കഴിഞ്ഞദശകങ്ങളിൽ കമ്മ്യൂണിസ്റ്റ് ലോകത്ത് സംഭവിച്ച വൻവീഴ്ചകൾ കൂടിയാണ് കമ്യൂണിസ്റ്റ് തത്വങ്ങളെ തള്ളിപറയാൻ ബസുവിൽ ഉണ്ടായ സമ്മർദ്ദങ്ങൾ എന്നതാണ് വാസ്തവം. മുതലാളിത്വം ഭയപ്പെടുന്ന ഒഴിയാബാധയാണ് കമ്യൂണിസം എന്ന് അവകാശപ്പെട്ട മാർക്സും ഏംഗൽസും, കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിന്റെ ആമുഖത്തിൽ എഴുതി: ***'യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു. കമ്യൂണിസമെന്ന ഭൂതം ഈ ഭൂതത്തിന്റെ ബാധയൊഴിപ്പിക്കാൻ വേണ്ടി പഴയ യൂറോപ്പിന്റെ ശക്തികളെല്ലാം... ഒരു പാവനസഖ്യത്തിലേർപ്പെട്ടിരിക്കുന്നു'.*** മാർക്സ് വിരുദ്ധോക്തിയോടെ കുറിച്ചുവെച്ച ഈ വാക്യം അറംപറ്റിയത് പോലെയായി. കമ്യൂണിസ്റ്റ് ഭൂതത്തെ മുതലാളിത്തം ഇപ്പോൾ കൂടത്തിലടച്ചുകളഞ്ഞിരിക്കുന്നു. യാ

ഥാർത്ഥ്യത്തിനോടേറ്റ്മുട്ടി കമ്യൂണിസത്തിന് ഇത്രയും തകർച്ചയുണ്ടായിട്ടും ലോകത്തിലെ ഏറ്റവും യാഥാസ്ഥിതിക കമ്യൂണിസ്റ്റ് പാർട്ടികളിലൊ ന്നായ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി വളരെ മടിച്ചിട്ടാണെങ്കിലും കമ്മ്യൂണിസ്റ്റ് അടിസ്ഥാന തത്വങ്ങളെ തള്ളിപറയാൻ നിർബന്ധിതരായിരിക്കുന്നു.

കമ്യൂണിസത്തിന് ദർശനം, രാഷ്ട്രീയം, സമ്പദ്ഘടന എന്നീ മൂന്ന് ധാരകളുണ്ട്. ഇതെല്ലാം ഒരു മതം പോലെ ആവേശിച്ചവരാണ് കമ്യൂണിസ്റ്റ് പ്രണേതാക്കൾ. അതിൽ കമ്യൂണിസ്റ്റ് ദർശനം ആകാശകുസുമം പോലെ ഒരു അചുംബിത സങ്കല്പമാണ്. അനുയായികളുടെ വാഴ്ത്തലുകളും സ്തോത്രങ്ങളുമേറ്റുവാങ്ങുന്ന കമ്യൂണിസ്റ്റ് ദർശനമുപയോഗിച്ചാണ് കമ്യൂണിസ്റ്റുകാർ പ്രതിയോഗികളെ നിശബ്ദരാക്കുന്നത്. പക്ഷേ സമ്പദ്ഘടനയും ഏറെക്കുറെ രാഷ്ട്രീയവും അങ്ങിനെയല്ല. മനുഷ്യന്റെ ദൈനംദിന ആവശ്യം എന്ന നിലക്ക് കമ്യൂണിസ്റ്റ് രാഷ്ട്രീയസമൂഹത്തിൽ കമ്യൂണിസ്റ്റ് സമ്പദ്ഘടന റഷ്യയിൽ മണ്ണിലിറങ്ങിയപ്പോഴാണ് പുകില് ആരംഭിച്ചത്. മുതലാളിത്വത്തിലെ സ്വതന്ത്ര വിപണി ചൂഷണത്തിന്റെ ഒരു കശാപ്പുശാലയാണെന്ന് പറഞ്ഞ് ആസൂത്രിത സമ്പദ്വ്യവസ്ഥ കെട്ടിപടുത്ത സോവിയറ്റ് സോഷ്യലിസ്റ്റ് യൂണിയൻ - കമ്യൂണിസത്തിന് വേണ്ടി ചാവേറാവാൻ സ്വന്തം അരയിൽ വെച്ചുകെട്ടിയ ബോംബായിരുന്നു ആസൂത്രിത സമ്പദ്വ്യവസ്ഥ. ജനങ്ങളുടെ ചോദനക്കനുസരിച്ച് ചരക്കുകളുടെ വിതരണവും ഉല്പാദനവും സ്വഛന്ദം നടക്കേണ്ടതിനുപകരം കമ്യൂണിസ്റ്റ് ആസൂത്രണ മാനേജർമാർ നിശ്ചയിക്കുന്ന വസ്തുക്കളുടെ ഉല്പാദനം മാത്രമായാണ് സോവിറ്റ് യൂണിയനിൽ പ്രത്യയശാസ്ത്രമുശ്ക്കിന്റെ പേരിൽ നടന്നത്. ഫലമോ ആവശ്യവസ്തുക്കളുടെ വിതരണശാലകളിൽ നെടുനീളൻ ക്യൂ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ചുരുക്കത്തിൽ ഈ കമ്യൂണിസ്റ്റ് പരീക്ഷണം റഷ്യൻ ജനതയുടെ മഹാദുരിതത്തിലാണ് കലാശിച്ചത്. അവസാനം ആഭ്യന്തരശൈഥില്യത്താൽ കമ്യൂണിസ്റ്റ് സമ്പദ്ഘടന തോറ്റു പിൻവാങ്ങുകയായിരുന്നു.

ചരക്കുകൾക്ക് വിലയുണ്ടാകുന്നതിനെ സംബന്ധിച്ച് മാർക്സിന്റെ പ്രയത്നാധിഷ്ഠിത മൂല്യസിദ്ധാന്തത്തിൽ നിന്നാണ് മിച്ചമൂല്യത്തെ പറ്റിയും മൂലധനത്തെപറ്റിയുമുള്ള സങ്കല്പം ഉണ്ടാവുന്നത്. പക്ഷേ നൂറുവർഷം ചർച്ച ചെയ്തിട്ടും സാമ്പത്തിക ശാസ്ത്രജ്ഞന്മാർക്ക് പിടികിട്ടാത്ത ഒരു പ്രഹേളികയാണ് പ്രയത്നാധിഷ്ഠിത മൂല്യസിദ്ധാന്തം. ചരക്കുകൾക്ക് മൂല്യം (വില) ഉണ്ടാവുന്നത് അത് ഉല്പാദിപ്പിക്കാൻ തൊഴിലാളി വസ്തുവിൽ ചെലുത്തുന്ന അദ്ധ്വാനത്തിന്റെ അളവിനനുസരിച്ചാണ് എന്നാണ് മാർക്സ് പറയുന്നത്. അദ്ധ്വാനിക്കാനുള്ള ശേഷി എന്നത് പ്രതിജനഭിന്നമായ ഒരു അമൂർത്ത സങ്കല്പമാണെന്നും നാമോർക്കണം. അല്ലാതെ നമ്മുടെ അനുഭവം പോലെ ചരക്കുകളുടെ ആവശ്യവും അതിന്റെ ലഭ്യതയുമല്ല വില നിശ്ചയിക്കുന്നതെന്നാണ് മാർക്സിന്റെ പക്ഷം. തൊഴിലാളി വസ്തുവിൽ പ്രയോഗിക്കുന്ന അദ്ധ്വാനത്തിന്റെ യഥാർത്ഥ വിലയിൽ കവിഞ്ഞ വിലയാണ് മുതലാളിത്ത വിപണിയിൽ ചരക്കിനുണ്ടാവുന്നത് ഈ അധികവിലയാണ് മിച്ചമൂല്യം. ഈ മിച്ച മൂല്യം മുതലാളിക്ക് വേണ്ടിയുള്ളതാണ്. ഇത് ചൂഷണം ചെയ്താണ് മുതലാളി മൂലധനം സ്വരൂപിക്കുന്നതെന്നാണ് മാർക്സിയൻ സങ്കല്പം. ഇങ്ങിനെ സിദ്ധാന്തവത്ക്കരണം നടത്തി മൂലധനത്തെ മാർക്സിസം ചൂഷണത്തിന്റെ പര്യായമാക്കി നിഷിദ്ധമാക്കുകയുണ്ടായി. കമ്യൂണിസ്റ്റുകാർ ഹറാമാക്കിയ ഈ മൂലധനം സമാഹരിക്കാനുള്ള നെട്ടോട്ടം നടത്തുന്നത് ജ്യോതിബസുവും ബുദ്ധദേവും മാത്രമല്ല, സാക്ഷാൽ ചൈനയും അവർക്ക് മുമ്പിലായുണ്ട്.

വർഗ്ഗരഹിതസമൂഹത്തെക്കുറിച്ച് പറയുമ്പോൾ ക്രിസ്തുമതത്തിലുള്ളത് പോലെ ആദ്യത്തിലും അവസാനത്തിലും ഒരു സ്വർഗ്ഗസങ്കല്പം മാർക്സിസത്തിലും കാണാം. ക്രിസ്തുമതത്തിലെ ആദമിനുണ്ടായ പറുദീസാനഷ്ടംപോലെയുള്ള ഒരു സങ്കല്പത്തോടെയാണ് കമ്യൂണിസം ആരംഭിക്കുന്നത്. ആദിമ മനുഷ്യസമൂഹം സ്ഥിതിസമത്വസുന്ദരമായ വർഗ്ഗരഹിതമായ അവസ്ഥയിലായിരുന്നുവെന്നാണ് കമ്യൂണിസ്റ്റ് ഭാവന. 'പ്രാകൃത കമ്യൂണിസം' എന്നാണിതിനെ വിളിക്കുന്നത്. സ്വകാര്യസ്വത്തിന്റെ ആവിർഭാവത്തോടെയാണ് അത് അടിമത്വത്തിലേക്ക് അധഃപതിച്ചു. പിന്നീട് ഭൂസ്വത്തിനെ അടിസ്ഥാനമാക്കിയുള്ള ഫ്യൂഡലിസത്തിലേക്ക് പരിണമിച്ചു അവിടുന്ന് മുതലാളിത്വത്തിലേക്കും. ഇവിടം വരെ സ്വാഭാവികമായുള്ള പരിണിതിയാണ്. ഇനിയങ്ങോട്ട് വരാനുള്ളത് സോഷ്യലിസവും കമ്യൂണിസവും വർഗ്ഗരഹിത സമൂഹവുമാണ്. ഇതിന്ന് കമ്യൂണിസ്റ്റുകളുടെ പ്രവർത്തനം ആവശ്യമാണ്. ഇതിൽ വർഗ്ഗസംഘട്ടനവും ചൂഷണവുമില്ലാത്ത സ്വർഗ്ഗസമാനമായ വർഗ്ഗരഹിത സമൂഹത്തെയാണ് ജ്യോതിബസു തള്ളിപറഞ്ഞിരിക്കുന്നത്.

മാർക്സ് ജീവിച്ചിരിക്കുന്ന കാലത്ത് പൂർണ്ണ മുതലാളിത്ത രാജ്യമായ ഇംഗ്ലണ്ടിൽ ഏതാനും വർഷത്തിനുള്ളിൽ സോഷ്യലിസം വരുമെന്ന് പ്രവചിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവചനം പാളിപ്പോയി. നൂറുവർഷം കഴിഞ്ഞിട്ടും പഴയതിനേക്കാൾ കൂടുതൽ ഇംഗ്ലണ്ട് മുതലാളിയായി തുടരുന്നു. കമ്യൂണിസം


47

ഒരു ശാസ്ത്രീയ സിദ്ധാന്തമാണെങ്കിൽ ശാസ്ത്രത്തിനുതകുന്നവിധം കണിശമായും കൃത്യമായും എന്തു കൊണ്ട് കണക്ക് കൂട്ടി വർഗ്ഗരഹിത സമൂഹം എപ്പോൾ വരുമെന്ന് പറയാൻ കഴിയുന്നില്ല. ഇത് സംഭവിക്കാൻ അനന്തകാലം വരെ വലിച്ചു നീട്ടാവുന്ന അഴകൊമ്പൻ വിശദീകരണങ്ങളെ ശാസ്ത്രീയമെന്നു പറയാമോ? ജ്യോതിബസു ഈ പ്രയാസം മനസ്സിൽകണ്ടിട്ടായിരിക്കാം മാർക്സിന്റെ ഈ അടിസ്ഥാന സങ്കല്പത്തെ 'പഴയകഥ' എന്ന് തള്ളി പറഞ്ഞത്. പോരാത്തതിന് കമ്യൂണിസറ്റ് രാജ്യങ്ങളുടെ ഒന്നിനുപുറകെ മറ്റൊന്നായുള്ള മരണവും ബാസുവിനെ ആകുലപ്പെടുത്തിയിട്ടുണ്ടാവാം.


മാർക്സിസവും ഡാർവിനിസവും തമ്മിലുള്ള ഒത്തൊരുമ പ്രസിദ്ധമാണല്ലോ. മാർക്സിസത്തിനും ഡാർവിനിസത്തിനും ഇത്തരത്തിൽ സാനമായ ഒരു പ്രതിസന്ധിയുണ്ട്. ഡാർവിനിസ്റ്റുകളെ പോലെ വിമർശനത്തെ അതിജീവിക്കാൻ, ഉപഗുപ്തന്റെ ശൈലിയിൽ മാർക്സിസ്റ്റുകൾ പറയുന്ന ഒരു ഒഴിവുകഴിവാണ് 'സമയമായില്ല' എന്ന പല്ലവി. സർവ്വജ്ഞാനിയും സൃഷ്ടാവുമായ ദൈവമാണ് അത്യന്തം ബുദ്ധിപരമായ ഘടനാവൈഭവത്തോടെ ഈ പ്രപഞ്ചവും ജീവജാലങ്ങളും സൃഷ്ടിച്ചതെന്ന് മതവിശ്വാസികൾ പറയുമ്പോൾ അതല്ല 'പ്രകൃതിനിർദ്ധാരണം' വഴി യാദൃശ്ചികമായാണ് ഇതെല്ലാം സൃഷ്ടിക്കപ്പെട്ടതെന്നാണ് ഡാർവിനിസ്റ്റുകളുടെ മറുവാദം. ബോധമോ ധിഷണാശേഷിയോ ഇല്ലാത്ത ആകസ്മികത സാങ്കേതിക സങ്കീർണ്ണമായ ജൈവരൂപങ്ങളും അജീവി വസ്തുക്കളും സൃഷ്ടിക്കാൻ എത്രകാലമെടുത്തു എന്ന് മതവിശ്വാസികൾ പറഞ്ഞാൽ അത് 'കുറേ കാലം'കൊണ്ട് സംഭവിച്ചതെന്നാണ് ഡാർവിനിസ്റ്റുകളുടെ മറുപടി. വാസ്തവത്തിൽ അനന്തകാലം കാത്തിരുന്നാലും ഒരു ആസൂത്രണമോ ബുദ്ധിപരമായ മുൻകൂട്ടിയുള്ള രൂപകല്പനയോ കൂടാതെ ഒരു പുൽക്കൊടിപോലും സൃഷ്ടിക്കാൻ സാധ്യമല്ല. ബോധശൂന്യമായ പ്രകൃതിനിർധാരണം ദീർഘകാലത്തെ പ്രവർത്തനം വഴി ഇതെല്ലാം സൃഷ്ടിച്ചു എന്ന് പറഞ്ഞാൽ പാവം മതവിശ്വാസികൾ അത് ശാസ്ത്രമാണെന്ന് കരുതി വിശ്വസിക്കണമെന്നാണ് നിരീശ്വരവാദികളായ ഡാർവിനിസ്റ്റുകളുടെ കല്പന. ഈ വാദം ശാസ്ത്രീയരീതിയിൽ അനുഭവജ്ഞാനപരമായി നമുക്ക് പരീക്ഷിച്ചുനോക്കാവുന്നതാണ്. നമ്മുടെ പൂർവ്വ പിതാവ് എന്ന് ഡാർവിനിസ്റ്റുകൾ വിളിക്കുന്ന ഒരു കുരങ്ങച്ഛന്റെ കൈയ്യിൽ ഒരു കമ്പ്യൂട്ടർ കൊടുത്ത് ടൈപ്പ് ചെയ്യാനേൽപ്പിക്കുക. മൂപ്പർ ആ കമ്പ്യൂട്ടർ അടിച്ചുപൊളിക്കാതെ ടൈപ്പു ചെയ്യുമെങ്കിൽ അർത്ഥമുള്ള ഒരു വാചകം ലഭിക്കാൻ എത്രകാലമെടുക്കും? കുരങ്ങച്ചനെ വെച്ച് ആ പരീക്ഷണം ശാസ്ത്രീയമായി നമുക്ക് ചെയ്തു നോക്കാവുന്നതാണ്. അനന്തകാലം കാത്തിരുന്നാലും അർത്ഥമുള്ള ഒരു വാചകം ലഭിക്കാനുള്ള സാധ്യത വിരളമാണെന്നാണ് നമ്മുടെ സാമാന്യ ബുദ്ധി പറയുന്നത്. കുരങ്ങന് ഒരു വാചകം പോലും സൃഷ്ടിക്കാൻ കഴിവില്ലെന്നിരിക്കെ സാങ്കേതിക സങ്കീർണ്ണതകളുള്ള ഒരു ജീവിരൂപം സൃഷ്ടിക്കപ്പെടാൻ ബുദ്ധിയില്ലാത്ത പ്രകൃതിനിർധാരണത്തിന് എങ്ങിനെ കഴിയും? ശാസ്ത്രീയമായ ചോദ്യത്തിനു മുമ്പിൽ സൗകര്യപൂർവ്വം അനന്തതയോളം വലിച്ചു നീട്ടാവുന്ന 'ദീർഘകാലമെടുത്താണ്' സൃഷ്ടി നിർവ്വഹിച്ചത് എന്നായിരിക്കും ഡാർവിനിസ്റ്റുകളുടെ മറുപടി. വാസ്തവത്തിൽ ഭൂമി ഉണ്ടായ കാലത്തേക്കാൾ കാത്തിരുന്നാലും ബോധശൂന്യമായ പ്രകൃതിനിർധാരണത്തിന് ഒരു ഉറുമ്പിനെ പോലും സൃഷ്ടിക്കാൻ സാധ്യമല്ല. കുരങ്ങച്ഛനാണെങ്കിൽ പ്രകൃതിനിർധാരണത്തേക്കാൾ ബുദ്ധിയുള്ള ആളാണെന്നും നാമോർക്കണം. അതുപോലെ മാർക്സിന്റെ ആത്യന്തിക സങ്കല്പമായ കൊതിയൂറുന്ന വർഗ്ഗരഹിതസമൂഹം ആവിർഭവിക്കാൻ എത്ര കാലമെടുക്കും എന്ന് ചോദിച്ചാൽ ഇപ്പോൾ സമയമായിട്ടില്ല എന്നായിരിക്കും ശാസ്ത്രീയ സോഷ്യലിസ്റ്റുകളായ കമ്യൂണിസ്റ്റുകളുടെ മറുപടി. ഇത് അനന്തകാലം വരെ സൗകര്യപൂർവ്വം വലിച്ചു നീട്ടാവുന്ന ഒരു റബ്ബർ നാടയാണ്. ഇത് ശാസ്ത്രമോ? അതല്ല പ്രതിലോമ ശാസ്ത്രമോ?

മുതലാളിത്തം സർവ്വോൽകൃഷ്ടമായ ഒരു ആദർശവ്യവസ്ഥയൊന്നുമല്ല. എങ്കിലും സിദ്ധാന്തവാശിയും ആ സിദ്ധാന്തങ്ങളുടെ പേരിൽ ക്രൂരമായി ബലം പ്രയോഗിച്ചുള്ള ആസൂത്രണങ്ങളും മുതലാളിത്തത്തെ അപേക്ഷിച്ച് കമ്യൂണിസത്തെ അപരാധിയാക്കി മാറ്റുന്നു. ജനങ്ങളുടെ ദീർഘകാല ക്ഷേമവും, മനുഷ്യസ്വാതന്ത്ര്യവും ഉറപ്പു വരുത്തുന്ന ജനാധിപത്യമൂല്യങ്ങളിലധിഷ്ഠിതമായ അയവുള്ള മിശ്രസമ്പദ്‌വ്യവസ്ഥയാണ് ജനങ്ങൾക്കഭികാമ്യം. ബംഗാൾ ഇന്ന് ചിന്തിക്കുന്നത് ഭാരതം നാളെ പിന്തുടരും എന്നൊക്കെ പണ്ട് പറഞ്ഞ് കേട്ടിട്ടുള്ളതാണ്. ഏതായാലും പുരോഗമനേഛുക്കളായ ബംഗാളിലെ കമ്യൂണിസ്റ്റുകൾ. വർഗ്ഗരഹിത സമൂഹത്തെ തള്ളിപറഞ്ഞു മൂലധനത്തെ സ്വാഗതം ചെയ്തുകൊണ്ടുള്ള പുതിയ സോഷ്യലിസ്റ്റ് സങ്കല്പങ്ങൾ അവതരിപ്പിച്ചിരിക്കുകയാണ്. കമ്യൂണിസത്തിന്റെ പ്രതിസന്ധിയെയാണ് ഇത് സൂചിപ്പിക്കുന്നതെങ്കിലും ബംഗാൾ ജനത ആഗ്രഹിക്കുന്ന പുരോഗതിയും ക്ഷേമവും അവർക്കുണ്ടാവട്ടെ എന്ന് നമുക്ക് ആശംസിക്കാം. ■


48

# അനുസ്മരണം

## ജനാബ് കെ. ഹമീദ് സാഹിബ്



കണ്ണൂർ സിറ്റി ജമാഅത്ത് അംഗമായ ജനാബ് കെ. ഹമീദ് സാഹിബ് (85) ജനുവരി 22നു വൈകീട്ട് ആറുമണിക്ക് അന്തരിച്ചു. (ഇന്നാലില്ലാഹി....).

വളരെക്കാലം പോത്തന്നൂർ എവറസ്റ്റ് അസ്ബസ്റ്റോസിൽ ഉദ്യോഗസ്ഥനായിരുന്ന ഹമീദ് സാഹിബ് കോയമ്പത്തൂർ അഹ്മദിയ്യ ജമാഅത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ സജീവമായി പങ്കെടുത്തിരുന്നു. വിനയാന്വിതനായ അദ്ദേഹം നമസ്കാരകാര്യങ്ങളിൽ തീവ്രമായ നിഷ്ഠ പാലിച്ച സാത്വികനായിരുന്നു. വിശുദ്ധ ഖുർആനെ അഗാധമായി സ്നേഹിച്ചിരുന്ന ഹമീദ് സാഹിബ് തഹജ്ജുദ് സുബ്ഹി നമസ്കാരത്തിനുശേഷം ഖുർആൻ അർത്ഥസഹിതം പാരായണം ചെയ്യുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്ന ശീലമുള്ളയാളായിരുന്നു. കാലത്ത് എട്ടുമണി വരെ അത് തുടരുമായിരുന്നു. അവശത അനുഭവിച്ച അവസാനനാളുകളിൽപ്പോലും അതിനു മുടക്കം വരുത്തിയിരുന്നില്ല. ജമാഅത്തിന്റെ മാസവരിപ്പണം (ചന്ത) കൊടുക്കുന്നതിൽ ഒരു ദിവസം പോലും വൈകി കാത്ത അദ്ദേഹം അബോധാവസ്ഥയിൽ പോലും ചന്തയുടെ കാര്യം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

ആദ്യകാല അഹ്മദിയായ ജനാബ് എം.കെ. ഇബ്രാഹിം കുഞ്ഞി സാഹിബിന്റെ പൗത്രി എം.സി. സൈനബിയാണ് ഭാര്യ.

എം.സി. അബ്ദുൽ ഗഫൂർ (ദുബായ്), ഖദീജ, റഹ്മത്ത്, ശക്കീല എന്നിവർ മക്കളാണ്. പ്രമുഖ പത്രപ്രവർത്തകനും പ്രഭാഷകനുമായ എം.അബ്ദുറഹിമാൻ, തലശ്ശേരി ജമാഅത്ത് പ്രസിഡണ്ട് എം.പി.എം. ശറഫുദ്ദീൻ, എറണാകുളത്തെ ആദ്യത്തെ അഹ്മദി മർഹും അശ്റഫ് മൗലവിയുടെ മകൻ ടി.എം. അബ്ദുൽ ശുക്കൂർ (ഷാർജ) സിതാര എന്നിവർ മരുമക്കൾ.

നാസിർ, ഇസ്ലാഹോ ഇർശാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ജനാസാ നമസ്കാരത്തിനു നേതൃത്വം നൽകി. പരേതന് അല്ലാഹു പരലോകത്ത് ശാന്തി നൽകട്ടെ. ആമീൻ. ■



***ഇംഗ്ലണ്ടിലെ ബ്രന്റ് യൂണിവേഴ്സിറ്റിയുടെ മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് പോസ്റ്റ് ഗ്രാജ്വേഷൻ പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ പഴയങ്ങാടി സ്വദേശി സി. ഹഫിസ് റഹ്മാൻ സാഹിബിനെ ഖലീഫത്തുൽ മസീഹ് ഉപഹാരം നൽകി അഭിനന്ദിക്കുന്നു. പഴയങ്ങാടി ജമാഅത്തിലെ ഹബീബു റഹ്മാൻ സാഹിബിന്റേ(മാഹി)യും പഴയങ്ങാടിയിലെ ഖുദ്സിയാ ഹബീബിന്റേയും മകനാണ് ഹഫീസ് റഹ്മാൻ.***

## പുതിയ നിയമനം

**സത്യദൂതന്റെ ചീഫ് എഡിറ്ററായി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബിനെയും മാനേജറായി പി.എം. അഹ്മദ് ഹസ്സൻ സാഹിബിനെയും അസി.മാനേജരായി കെ.എം. അഹ്മദ് കോയ സാഹിബിനെയും നിയമിച്ചതായി നാസിർ, നശ്റോ ഇശാഅത്ത്, ഖാദിയാൻ അറിയിച്ചിരിക്കുന്നു.**

നൽകരുത് (4:3). ചുരുക്കത്തിൽ ഉന്നതമായ സത്യസന്ധതക്ക് നിരക്കാത്ത എല്ലാഇടപാടുകളും ഉപേക്ഷിക്കേണ്ടതാണ്. തീർച്ചയായും വഞ്ചകരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല (8:59).

ചൂതുകളി വിരോധിക്കപ്പെട്ടതാണ്, എന്തുകൊണ്ടെന്നാൽ അത് കലഹവും വെറുപ്പും വർദ്ധിപ്പിക്കുകയും അതിലേർപ്പെട്ടിരിക്കുന്നവരെ ദൈവസ്മരണയിൽനിന്നും നമസ്കാരത്തിൽനിന്നും അകറ്റിക്കൊണ്ടുപോകുകയും ചെയ്യുന്നു. അങ്ങിനെ അതിൽനിന്നും ലഭിക്കാവുന്ന എന്തെങ്കിലും നേട്ടങ്ങളുണ്ടെങ്കിൽ അതിനേക്കാളേറെയായി വൻ വിപത്തുകൾക്കു വഴിവെക്കുന്നു. (2:220; 5:91) ചൂതുകളി ആളുകളെ വളരെപെട്ടെന്ന് അനർഹമായ സമ്പത്തിനുടമയാക്കുന്നു. അങ്ങിനെ അത് ധാരാളിത്തത്തിന് പ്രചോദനമാവുന്നു. ചൂതുകളിയിൽ മുഴുകുന്നത് സർവ്വ നാശത്തിനും കഷ്ടതക്കും വഴിയൊരുക്കുന്നു. നിയമവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ സ്വത്ത് സമ്പാദിക്കുന്നത് നിഷിദ്ധമാണ്, കാരണം അത് ഒടുക്കം സമൂഹത്തെതന്നെ നശിപ്പിക്കുന്നു (4:30).

അന്യായമായി സ്വത്തും മുതലും കൈവശപ്പെടുത്തുന്നതും തെറ്റാണ്. കോഴകൊടുത്തും തെറ്റായതെളിവുകൾനിരത്തിയും അനുകൂലമായ വിധി സമ്പാദിച്ച് സ്വത്തിനുമേൽ അവകാശം നേടിയെടുക്കുന്നതും നിയമവിരുദ്ധമാണ്(2:189). റസൂൽ(സ) അരുൾചെയ്യുന്നു, തർക്കത്തിലിരിക്കുന്ന ഏതെങ്കിലും വിഷയത്തിൽ ഒരു കക്ഷി ശരിയല്ലെന്നറിഞ്ഞുകൊണ്ടുതന്നെ അനുകൂല വിധി സമ്പാദിക്കുന്നെങ്കിൽ അതിൽനിന്ന് എന്തെങ്കിലും ഗുണത്തിനുപകരം അയാൾ തനിക്കായി അഗ്നിയെയാണ് സമ്പാദിക്കുന്നത്.*(ബുഖാരി)* *(തുടരും)* ■

വിവ : **അഹമ്മദ് ഷാഫി. എച്ച്**



*എറണാകുളം അന്താരാഷ്ട്ര പുസ്തകോൽസവത്തിൽ നവംബർ 5-ന് 'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന പുസ്തകത്തിന്റെ പ്രകാശനചടങ്ങിൽ പുസ്തകം ഏറ്റുവാങ്ങിക്കൊണ്ട് നന്ദകുമാർ പ്രസംഗിക്കുന്നു. അഡ്വ. കാളീശ്വരം രാജാണ് പുസ്തകം പ്രകാശനം നിർവ്വഹിച്ചത്. പ്രൊഫ. വൈക്കം മധു, ഡോ. തോമസ് ഐസക്, ഡോ. ഓമനക്കുട്ടൻ, പ്രൊഫ. മഹ്മൂദ് അഹ്മദ്, ഏ.എം. മുഹമ്മദ് സലിം എന്നിവർ വേദിയിൽ.*



*കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ കോഴിക്കോട് സോൺ അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ 8-12-07-ന് നടന്ന നേത്രദാന ക്ലാസ്സിൽ ഡോ. ഷാജി പ്രസംഗിക്കുന്നു.*

*(45-ൽ നിന്ന് തുടർച്ച)*

ള്ളത് ഒഴിവാക്കാൻവേണ്ടിയാണിത്. വിശുദ്ധഖുർആനിൽ അളവുതൂക്കങ്ങൾ കൃത്യമായി പാലിക്കുന്നതിനെ കുറിച്ച് കർശനമായ നിർദ്ദേശങ്ങളുണ്ട്. (26:182-185). അളവിൽ കുറക്കുന്നവർക്ക് മഹാനാശം. ജനങ്ങളിൽനിന്ന് അളന്നുവാങ്ങുമ്പോൾ അവർ പൂർത്തിയാക്കിവാങ്ങുകയും, അവർക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ചെയ്യുമ്പോൾ അവർ കുറക്കുകയും ചെയ്യുന്നു (83:2-4).

ഭയാനകമായ ഒരുനാളിൽ എഴുന്നേൽപ്പിക്കപ്പെടുമെന്ന് ഇക്കൂട്ടർ അറിയുന്നില്ലേ, മനുഷ്യരൊന്നടങ്കം പ്രപഞ്ചനാഥന്റെമുന്നിൽ എത്തുന്ന നാളിൽ നല്ലവസ്തുക്കൾക്ക് പകരമായി കേടായതോ ഉപയോഗമില്ലാത്തതോ ആയവ